## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1272 — 13.07.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

## നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതി എം.എൽ.എ മാരെ അറിയിക്കുന്നതിൽ വീഴ്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിജസ്ഥിതി എം.എൽ.എ മാരെ യഥാസമയം അറിയിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പദ്ധതികളുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ യഥാസമയം എം.എൽ.എ മാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) 07.05.2008-ലെ 1294/എ 2/07/ പാ.കാ.വ നം. സർക്കുലർ, പൊതുഭരണ (ഏകോപന) വകുപ്പിന്റെ 21.11.2011-ലെ 77369/സി.ഡി.എൻ4/11/പൊ.ഭ.വ നം. സർക്കുലറും, പ്രസ്തുത വകുപ്പിന്റെ 11.06.2012 തീയതിയിലെ സ.ഉ (എം.എസ്) നം. 142/12/പൊ.ഭ.വ. നം. ഉത്തരവ് എന്നിവ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ – 5667 28.03.2018 ൽ മറുപടി പറയേണ്ടിയിരുന്നത്

## സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ മാർക്ക് ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.അബ്ദു റബ്ബ് | പിണറായി വിജയൻ<br>ബഹു.മുഖ്യമന്ത്രി |
| (എ) നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ മാർക്ക് ലഭ്യമാക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;<br><br>(ബി) ഉത്തരവുകൾ സ്ഥലം എം.എൽ.എ മാർക്ക് ബോധപൂർവ്വം നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) യും (ബി)യും<br><br>നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ തീരുമാനങ്ങൾ/ഉത്തരവുകൾ യഥാസമയം എം.എൽ.എ മാർക്കു ലഭ്യമാകുന്നില്ല എന്ന് ശ്രീ. രാജു എബ്രഹാം എം.എൽ.എ സമർപ്പിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ 23.10.2017-ലെ പാ.കാ.വ-എ 2/205/2017-പാ.കാവ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എയ്ക്ക് നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യ വിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ |

| | |
|---|---|
| | വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കുമോ;<br><br>(ഡി) നാളിതുവരെ ഇത്തരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇനിയെങ്കിലും കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും<br><br>ഇത്തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3466

26.08.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എസ് ശബരീനാഥൻ | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കൊച്ചി സി.പി.ഓഫീസിലെ ഭരണ വിഭാഗത്തിൽ നിന്നും ഉദ്യോഗസ്ഥർക്ക് മേൽ ചട്ടവിരുദ്ധമായ നടപടികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) സമാശ്വാസ തൊഴിൽ ദാന പദ്ധതിയിലൂടെ സർവ്വീസിൽ വന്ന വനിത ജീവനക്കാരിയെ മാനേജർ ഭീഷണിപ്പെടുത്തുന്നതിനാൽ സ്ഥലം മാറ്റം ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് എം.ഒ.പി പോലീസ് നടപടിക്രമം 154 പ്രകാരം അപേക്ഷ മേൽ ഓഫീസിലേയ്ക്ക് അയച്ചിട്ടില്ലെന്ന കാര്യം ഗൗരവമായി കാണുമോ ; | (എ) യും (ബി) യും | ജില്ലാ പോലീസ് മേധാവി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതേ ഓഫീസിലെ മറ്റൊരു വനിതാ ജീവനക്കാരിയ്ക്ക് ഉണ്ടായ മാനസിക ബുദ്ധിമുട്ട് കാരണം രാജി സന്നദ്ധത അറിയിച്ചിട്ടുള്ളതിന്റെ സാഹചര്യം പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി എടുത്തിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ജില്ലാ പോലീസ് മേധാവി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ജീവനക്കാരി കൊച്ചി സിറ്റി ഓഫീസിൽ ജോലി ചെയ്ത് വരുന്നു. |
| (ഡി) ഇതേ ഓഫീസിൽ ചട്ടവിരുദ്ധമായി കൊച്ചി സിറ്റി എ.ആർ ഓഫീസിലെ ക്യാഷ്യർക്ക് മറ്റ് ചുമതലകൾ നൽകി ക്യാഷ് ചെസ്റ്റ് ഇരിക്കുന്ന എ.ആർ ഓഫീസിൽ നിന്നും 15 കിലോ മീറ്റർ അകലെയുള്ള സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ ഹാജർ രേഖപ്പെടുത്തുന്ന വിധത്തിൽ അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് സൗകര്യം നൽകിയിട്ടുള്ളത് പുനപരിശോധിക്കുമോ ; | (ഡി) | ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തിയിരുന്നു. |

| | |
|---|---|
| (ഇ) വനിത ജീവനക്കാരികളുടെ പരാതികൾ ക്രമവിരുദ്ധമായി മേൽ ഉദ്യോഗസ്ഥർക്ക് അയയ്ക്കാതിരിക്കുകയും അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് സൗകര്യങ്ങൾ നൽകുന്ന പ്രസ്തുത ഓഫീസിലെ ഭരണ വിഭാഗം മേൽ ഉദ്യോഗസ്ഥരുടെ നടപടികൾ പുനപരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ ? | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**

# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3893 12.12.2018-ൽ മറുപടിക്കുണ്ടായിരുന്നത്

## രാഷ്ട്രീയ കൊലപാതകങ്ങൾ

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.പി.ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. എന്നീ സംഘടനകളുടെ എത്ര പ്രവർത്തകരും നേതാക്കൻമാരുമാണ് സംസ്ഥാനത്ത് കൊല ചെയ്യപ്പെട്ടിട്ടുള്ളത്; ഇവരുടെ പേരു വിവരം വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.പി.ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. എന്നീ സംഘടനകളുടെ 3 പ്രവർത്തകരാണ് സംസ്ഥാനത്ത് കൊല ചെയ്യപ്പെട്ടിട്ടുള്ളത്. ഇവരുടെ പേരുകൾ ചുവടെ ചേർത്തിട്ടുണ്ട്.<br>1. ധനരാജ് (സി.പി.ഐ – എം)<br>2. മോഹനൻ.കെ (സി.പി.ഐ -എം)<br>3. അഭിമന്യു (എസ്.എഫ്.ഐ) |
| (ബി) ഇതിൽ ആർ.എസ്.എസ്., ബി.ജെ.പി എന്നീ സംഘടനകളുടെ പ്രവർത്തകർ പ്രതിസ്ഥാനത്ത് വന്ന എത്ര കേസ്സുകൾ ഉണ്ട്; ഇതിൽ എല്ലാം കൂടി എത്രപേർ പ്രതികളായിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) ആർ.എസ്.എസ്., ബി.ജെ.പി. എന്നീ സംഘടനകളുടെ പ്രവർത്തകർ പ്രതിസ്ഥാനത്ത് വന്ന രണ്ട് കേസ്സുകളുണ്ട്. ഇതിൽ എല്ലാം കൂടി 36 പേർ പ്രതികളായിട്ടുണ്ട്. |
| (സി) എസ്.ഡി.പി.ഐ. പ്രവർത്തകർ പ്രതിസ്ഥാനത്ത് വന്ന കേസ്സുകൾ എത്ര എണ്ണമുണ്ട്; ഇതിൽ എല്ലാം കൂടി എത്ര പ്രതികൾ ഉണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) എസ്.ഡി.പി.ഐ. പ്രവർത്തകർ പ്രതിസ്ഥാനത്ത് വന്ന ഒരു കേസുണ്ട്. ഇതിൽ ആകെ 26 പേർ പ്രതികളായിട്ടുണ്ട്.<br>എറണാകുളം മഹാരാജാസ് കോളേജിലെ വിദ്യാർത്ഥിയായ അഭിമന്യുവിനെ കുത്തി കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം സെൻട്രൽ പി.എസിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്ന ക്രൈം നം.1548/18 കേസിലേയ്ക്ക് നടത്തിയ അന്വേഷണത്തിൽ 16 ക്യാമ്പസ് ഫ്രണ്ട് ഓഫ് ഇന്ത്യ/എസ്.ഡി.പി.ഐ പ്രവർത്തകർ കൃത്യത്തിന്റെ ഗൂഢാലോചനകളിൽ ഭാഗഭാക്കായിട്ടുള്ളതും, കൃത്യത്തിൽ നേരിട്ട് ഏർപ്പെട്ടിട്ടുള്ളതുമായ മുഖ്യപ്രതികളാണെന്ന് കണ്ടെത്തിയി ട്ടുള്ളതാണ്. ഈ പ്രതികളെ കൂടാതെ ക്യാമ്പസ് ഫ്രണ്ട് ഓഫ് ഇന്ത്യ, |

എസ്.ഡി.പി.ഐ എന്നീ സംഘടനകളുടെ മറ്റ് 10 പ്രവർത്തകർ കൃത്യത്തിന്റെ ഗൂഢാലോചനകളിൽ ഭാഗഭാക്കായിട്ടുള്ളതും, കൃത്യത്തിന്റെയും, കൃത്യത്തിനുശേഷം പ്രതികളെ രക്ഷപ്പെടുത്തുന്നതിന്റെയും ആസൂത്രണത്തിൽ പങ്കാളികളായിട്ടുള്ളതും മുഖ്യപ്രതികളെ രക്ഷപ്പെടുത്തുകയും, തെളിവുകൾ നശിപ്പിക്കുകയും മറ്റും ചെയ്തിട്ടുള്ളതാണ്. പ്രതികളുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ക്രൈം.1548/18 ാം നമ്പർ കേസിലെ

പ്രതികളുടെ പേരു വിവരം

| ക്രമ നമ്പർ | പേരും മേൽവിലാസവും | അറസ്റ്റ് ചെയ്ത തീയതി |
|---|---|---|
| A-1 | ആലപ്പുഴ ജില്ല, ചേർത്തല താലൂക്ക്, അരൂക്കുറ്റി വില്ലേജ്, വടുതല, നടുവത്ത് നഗർ PO, Pin – 688526, അബ്രാൻ അറബിക് കോളേജിന് സമീപം, ജാവദ് മൻസിലിൽ ഇബ്രാഹിം മകൻ മുഹമ്മദ് JI, Age 21/18. | 18.07.2018 |
| A-2 | എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, ആലുവ ഈസ്റ്റ് വില്ലേജിൽ എരുമത്തല PO, Pin – 683112, ചുണ്ടംങ്ങംവേലി കരയിൽ, മുള്ളങ്കുഴി ഭാഗത്ത് ചാമക്കാലായിൽ വീട്ടിൽ, മുഹമ്മദ് സലിം മകൻ ആരിഫ് ബിൻ സലിം, Age 25/18. | 20.09.2018 |
| A-3 | എറണാകുളം ജില്ലയിൽ കൊച്ചി താലൂക്ക് ഫോർട്ട് കൊച്ചി PO, Pin – 682001, കൽവത്തി കരയിൽ പുതിയങ്ങാടി വീട്ടിൽ നിന്നും ഇപ്പോൾ കൊച്ചി താലൂക്കിൽ പള്ളുരുത്തി കരയിൽ, കച്ചേരി പ്പടി ഭാഗത്ത് മുസ്ലിം പള്ളിക്ക് സമീപം അഷ്റഫിന്റെ വീട്ടിൽ താമസം ഹുസൈൻ മകൻ റിയാസ് ഹുസൈൻ, Age 37/18 | 03.07.2018 |
| A-4 | കോട്ടയം ജില്ലയിൽ, ചങ്ങനാശ്ശേരി താലൂക്ക്, കങ്ങഴ വില്ലേജിൽ, പത്തനാട് കങ്ങഴ PO, Pin – 686541, ചിറയ്ക്കൽ വീട്ടിൽ, സജി മകൻ ബിലാൽ സജി, Age 18/18. | 03.07.2018 |
| A-5 | പത്തനംതിട്ട ജില്ല, കോട്ടങ്ങൽ വില്ലേജിൽ, കുളത്തൂർ PO, Pin 689588, ചുങ്കപ്പാറ കരയിൽ നാരകത്തുംകുഴി വീട്ടിൽ ഇസ്മയിൽ മകൻ ഫറൂക്ക് അമാനി, Age 19/18. | 03.07.2018 |
| A-6 | എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, മരട് വില്ലേജ് നെട്ടൂർ PO, Pin – 682040, നെട്ടൂർ മഹൽ ഓഡിറ്റോറിയത്തിന് സമീപം പെരിങ്ങാട്ടുപറമ്പ് വീട്ടിൽ മുഹമ്മദ് മകൻ റജീബ് PM, Age 25/18. | 07.08.2018 |
| A-7 | എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, മരട് വില്ലേജ് നെട്ടൂർ കരയിൽ, നെട്ടൂർ PO, Pin – 682040, പെരിങ്ങാട്ടുപറമ്പ് വീട്ടിൽ നിന്നും നെട്ടൂർ മഹൽ ഓഡിറ്റോറിയത്തിന് സമീപ പുറക്കേലി പറമ്പ് വീട്ടിൽ താമസം അബ്ദുൾ സലാം മകൻ അബ്ദുൾ നാസർ @ നാച്ചു, Age 24/18. | 07.09.2018 |
| A-8 | എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, ആലുവ ഈസ്റ്റ് വില്ലേജിൽ എരുമത്തല PO, Pin – 683112, ചുണ്ടംങ്ങംവേലി കരയിൽ, മുള്ളങ്കുഴി ഭാഗത്ത് ചാമക്കാലായിൽ വീട്ടിൽ, മുഹമ്മദ് സലിം മകൻ ആദിൽ ബിൻ സലിം, Age 23/18. | 15.07.2018 |

| | | |
|---|---|---|
| A 9 | എറണാകുളം ജില്ല, കൊച്ചി താലൂക്ക്, പള്ളുരുത്തി വില്ലേജ്, പള്ളുരുത്തി PO, Pin – 682006, കച്ചേരിപ്പടി ഭാഗത്ത് H.No. 20/954 വെളിപ്പറമ്പ് വീട്ടിൽ നാസർ മകൻ ഷിഫാസ് VN, Age 23/18 | ഒളിവിൽ |
| A 10 | എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, മരട് വില്ലേജ് നെട്ടൂർ കരയിൽ, നെട്ടൂർ PO, Pin – 682040, മസ്ജിദ് റോഡിൽ മേക്കാട്ട് വീട്ടിൽ ഹംസ മകൻ സഹൽ, Age 21/18. | ഒളിവിൽ |
| A 11 | എറണാകുളം ജില്ല, കൊച്ചി താലൂക്ക് പള്ളുരുത്തി വില്ലേജ്, പള്ളുരുത്തി PO, Pin – 682006, വെളി പൈപ്പ് ലൈൻ പുതുവീട്ടിൽ പറമ്പ് H.NO. 20/896 റസാഖ് മകൻ ജിസാൽ റസാഖ്, Age 21/18. | ഒളിവിൽ |
| A-12 | എറണാകുളം ജില്ല, കൊച്ചി താലൂക്ക് പള്ളുരുത്തി വില്ലേജ്, പള്ളുരുത്തി PO, VP ശശി റോഡിൽ H.NO. 20/1019 നമ്പിപുത്തലത്ത് വീട്ടിൽ നിന്നും ഇപ്പോൾ ആലപ്പുഴ ജില്ല ചേർത്തല താലൂക്കിൽ പാണാവള്ളി വില്ലേജ് തൃച്ചാറ്റുകുളം PO, Pin – 688526, കാരിപ്പുഴി അമ്പലത്തിന് സമീപം നമ്പിപുത്തലത്ത് വീട്ടിൽ ഖാലിദ് മകൻ മുഹമ്മദ് ഷഫീം, Age 31/18. | ഒളിവിൽ |
| A-13 | എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽ പള്ളുരുത്തി PO, Pin – 682006, നമ്പ്യാപുരം മോസ്കിന് സമീപം പുളിക്കനാട്ട് വീട്ടിൽ ഹനീഫ് മകൻ സനീഷ് PH, Age 32/18. | 26.07.2018 |
| A-14 | എറണാകുളം ജില്ല, ആലുവ താലൂക്ക്, ഉളിയന്നൂർ കരയിൽ, ഉളിയന്നൂർ PO, Pin – 683108, H.No. 7/349 പാലിയത്ത് വീട്ടിൽ മൊയ്തീൻ കുഞ്ഞ് മകൻ ഫായിസ് PM, Age 20/18. | ഒളിവിൽ |
| A-15 | എറണാകുളം ജില്ല കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി, GCDA Colony-23, H.No. 01/1043 ൽ നിന്നും ഇപ്പോൾ മരട് വില്ലേജ് നെട്ടൂർ PO, Pin – 682040, ഹോണ്ടാ ഷോറൂമിന് എതിർവശം കരിങ്ങമ്പാറ വീട്ടിൽ വാടകയ്ക്ക് താമസം മുഹമ്മദ് കുട്ടി മകൻ തൻസീൽ, Age 25/18. | ഒളിവിൽ |
| A-16 | എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, മരട് വില്ലേജ് നെട്ടൂർ കരയിൽ, നെട്ടൂർ PO, Pin – 682040, മസ്ജിദ് റോഡിൽ മേക്കാട്ട് വീട്ടിൽ ഹംസ മകൻ സാനിദ്, Age 26/18. | ഒളിവിൽ |
| A-17 | മരട് വില്ലേജ് നെട്ടൂർ PO, നെട്ടൂർ കരയിൽ ജുമാ മസ്ജിദിന് സമീപം നങ്ങ്യാരത്ത് പറമ്പ് വീട്ടിൽ നിന്നും ഇപ്പോൾ നെട്ടൂർ ചന്ത പാലത്തിന് സമീപം മുഹമ്മദാലിയുടെ വീട്ടിൽ വാട കക്ക് താമസം സൈനുദ്ദീൻ മകൻ സെയ്ഫുദ്ദീൻ @ സെയ്ഫ് @ സയ്ഫു, Age 24/18. | 04.07.2018 |
| A-18 | മട്ടാഞ്ചേരി വില്ലേജ് ടി കരയിൽ ജ്യൂ ടൗൺ ഭാഗത്ത് ഇല്ലിക്കൽ ക്ഷേത്രത്തിന് എതിർവശം H. No. CC 7/720, കല്ലറക്കപ്പറമ്പ് | 07.07.2018 |

| | | |
|---|---|---|
| | വീട്ടിൽ മുഹമ്മദ് മകൻ നവാസ്. Age 39/18. | |
| A-19 | മട്ടാഞ്ചേരി വില്ലേജ് ടി കരയിൽ പനയപ്പിള്ളി ഭാഗത്ത് ചെമ്പിട്ട പള്ളിയുടെ സമീപം H. No. CC XIII/152 A, തേവലി ക്കൽ വീട്ടിൽ നാസ്സർ മകൻ ജിഫ്രിൻ TN. Age 27/18. | 07.07.2018 |
| A-20 | മട്ടാഞ്ചേരി വില്ലേജ് മട്ടാഞ്ചേരി PO, മട്ടാഞ്ചേരി കരയിൽ കരിപ്പാലം ഭാഗത്ത് H. No. IV/233, പുതുവാശ്ശേരിപ്പറമ്പ് വീട്ടിൽ അസ്സീസ് മകൻ അനസ്. Age 32/18. | 11.07.2018 ഫോർമൽ അറസ്റ്റ് |
| A-21 | തോപ്പുംപടി വില്ലേജ് തോപ്പുംപടി PO, തോപ്പുംപടി കരയിൽ R & X ക്രോസ് റോഡിൽ കളത്തിങ്കൽ വീട്ടിൽ ഇസ്മയിൽ മകൻ നിസ്സാർ K.I. Age 39/18. | 12.07.2018 |
| A-22 | ഇടപ്പള്ളി സൗത്ത് വില്ലേജ് വെണ്ണല PO, ചളിക്കവട്ടം കരയിൽ കണിയാവേലി റോഡിൽ വാക്കാട്ട് വീട്ടിൽ സഹദ് മകൻ അനൂബ് B.S. Age 37/18. | 12.07.2018 |
| A-23 | എറണാകുളം ജില്ല കൊച്ചി താലൂക്ക് തോപ്പുംപടി വില്ലേജിൽ ടി കരയിൽ കൊച്ചങ്ങാടി ഭാഗത്ത് ഹൗസ് നമ്പർ 13/404, അറക്കൽ പറമ്പ് വീട്ടിൽ താമസം ബാവ മകൻ ഫസലു. Age 37/18. | 28.07.2018 |
| A-24 | മട്ടാഞ്ചേരി വില്ലേജ് മട്ടാഞ്ചേരി PO, മട്ടാഞ്ചേരി കരയിൽ ഈരവേലി ഭാഗത്ത് നെട്ടേപ്പറമ്പിൽ വീട്ടിൽ മജീദ് മകൻ നജീബ് KM. Age 34/18. | 16.07.2018 ഫോർമൽ അറസ്റ്റ് |
| A-25 | കണ്ണൂർ ജില്ല തലശ്ശേരി താലൂക്ക് തിരുവങ്ങാട് വില്ലജ് ടെമ്പിൾ ഗേറ്റ് P.O. പിലാക്കൂൽ ദേശത്ത് ഗാർഡൻസ് റോഡിൽ സെയ്യിൻ വീട്ടിൽ ഉസ്മാൻ മകൻ ഷാനവാസ് K.K. Age 34/18. | 17.07.2018 |
| A-26 | കണ്ണൂർ ജില്ല തലശ്ശേരി താലൂക്ക് ശിവപുരം വില്ലേജ്, ശിവപുരം P.O. ശിവപുരം കരയിൽ സുമയ്യാസ് വീട്ടിൽ താമസം പോക്കട്ടി മകൻ മുഹമ്മദ് റിഫ PM. Age 25/18. | 27.07.2018 |

(signature) സെക്ഷൻ ഓഫീസർ.

പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3583 — 20.06.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാസർഗോഡ് പോലീസ് സ്റ്റേഷനിലെ കേസന്വേഷണവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന കൊലപാതക കേസുകളിലെ പ്രതികളെ കേസന്വേഷണത്തിലെ വീഴ്ചകളും പോരായ്മകളും ചൂണ്ടിക്കാട്ടി കോടതി വെറുതെ വിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ പത്തു വർഷങ്ങളായി കാസർഗോഡ് പോലീസ് സ്റ്റേഷനിലെ കൊലപാതകം ഉൾപ്പെടെയുള്ള ഗൗരവതരമായ കേസുകൾ അന്വേഷിച്ച് ബന്ധപ്പെട്ട പ്രധാനരേഖകൾ തയ്യാറാക്കി വരുന്നതാരാണെന്ന് വ്യക്തമാക്കാമോ; ഇവർ നിലവിലും കാസർഗോഡ് പോലീസ് സ്റ്റേഷനിൽ തന്നെ ജോലിചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) കഴിഞ്ഞ 10 വർഷങ്ങളായി കാസർഗോഡ് സ്റ്റേഷൻ പരിധിയിൽ ഉണ്ടായിട്ടുള്ള കൊലപാതക കേസ്സുകൾ അന്വേഷിച്ചിരുന്നത് പോലീസ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരാണ്. ടിയാന്മാർ ആരും തന്നെ നിലവിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരുന്നില്ല. |
| (സി) കഴിഞ്ഞ പത്തു വർഷങ്ങൾക്കിടെ കേസന്വേഷണത്തിലെ വീഴ്ചകളും പോരായ്മകളും ചൂണ്ടിക്കാട്ടി കാസർഗോഡ് പോലീസ് സ്റ്റേഷനിലെ എത്ര കേസുകളിൽ എത്ര പ്രതികളെ കോടതി വെറുതെ വിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ഡി) വെറുതെവിട്ട ഇത്തരം കേസുകൾ അന്വേഷിച്ച് ബന്ധപ്പെട്ട പ്രധാന രേഖകൾ തയ്യാറാക്കിയ പോലീസുദ്യോഗസ്ഥൻമാരുടെ വിവരങ്ങൾ കേസ് തിരിച്ച് വ്യക്തമാക്കാമോ, ഇവർ നിലവിൽ ഏത് പോലീസ് സ്റ്റേഷനിലാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ) യും<br>2009 മുതൽ 2018 വരെയുള്ള 10 വർഷ കാലയളവിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്ത 19 കൊലപാതക കേസുകളിൽ 5 കൊലപാതക കേസുകളിൽ പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയിട്ടുണ്ട്. കൂടാതെ 36 കൊലപാതക ശ്രമ കേസുകളിൽ 5 കേസുകളിലെ പ്രതികളെ ബഹു. കോടതി വെറുതെ വിട്ടിട്ടുണ്ട്.<br>കോടതി വെറുതെ വിട്ട കേസുകളിലെ അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ പേര് വിവരവും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലവും താഴെ കൊടുക്കുന്നു. |

| ക്രൈം നമ്പർ | അന്വേഷണ ഉദ്യോഗസ്ഥൻ | നിലവിൽ ജോലി ചെയ്യുന്ന സ്ഥലം |
|---|---|---|
| 508/09 | ശ്രീ. ടി.പി. പ്രേമരാജൻ | DySP, DCRB, കണ്ണൂർ |
| 608/09 | ശ്രീ.പി. ബാലകൃഷ്ണൻ നായർ | DySP, SBCID, കാസർഗോഡ് |
| 817/09 | ശ്രീ. കെ.വി. വേണുഗോപാൽ | SDPO, തലശ്ശേരി |
| 25/11 | ശ്രീ. പി. ബാലകൃഷ്ണൻ നായർ | DySP, SBCID, കാസർഗോഡ് |
| 566/11 | ശ്രീ. സി.കെ.സുനിൽ കുമാർ | DI, ക്രൈംബ്രാഞ്ച്, കാസർഗോഡ് |

(ഇ) വർഗ്ഗീയ കൊലപാതക കേസുകളിലടക്കം പ്രതികൾക്ക് ചെറിയ ശിക്ഷപോലും ലഭിക്കാതെ രക്ഷപ്പെടുവാൻ സാഹചര്യം ഒരുക്കുന്ന വിധത്തിൽ വീഴ്ചകളും പോരായ്മകളും വരുത്തി കേസന്വേഷണത്തിലെ പ്രധാനരേഖകൾ തയ്യാറാക്കിയ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ, ഇത്തരം കേസുകളിൽ പുനരന്വേഷണം സാധ്യമാണോ എന്ന് അറിയിക്കാമോ?

അന്വേഷണോദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് കോടതി പ്രതികളെ വെറുതെ വിടുന്നത് എന്ന് കണ്ടെത്തിയിട്ടില്ലാ ത്തതിനാൽ ഇവർക്കെതിരെ നടപടി എടുക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.

## പതിനാലാം കേരള നിയമസഭ

## 16-ാം സമ്മേളനം

28.10.2019-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.35

## തീരദേശപരിപാലന നിയമം ലംഘനം

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്: | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) തീരദേശപരിപാലന നിയമം ലംഘിച്ചതിന്റെ പേരിൽ മരടിലെ അഞ്ച് ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിച്ച് നീക്കുവാൻ സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ഉണ്ട്. നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) തീരദേശപരിപാലന നിയമം ലംഘിച്ച് വൻകിട ഫ്ളാറ്റുകൾ മരടിൽ നിർമ്മിച്ച സാഹചര്യത്തെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. ഇതു സംബന്ധിച്ച് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |
| (സി) സി.ആർ.ഇസഡ് മൂന്ന് സോണിൽ വരുന്ന പ്രദേശത്ത് തീരദേശപരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ ബഹുനില ഫ്ളാറ്റുകൾ പണിയുന്നതിന് അതിന്റെ നിർമ്മാതാക്കൾക്ക് അനുമതി ലഭിച്ചത് ഏത് സാഹചര്യത്തിലാണ്; | | |

| | |
|---|---|
| (ഡി) മരട് പഞ്ചായത്ത് പ്രസ്തുത ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ; പ്രസ്തുത അനുമതി നൽകിയ കാലയളവിൽ പഞ്ചായത്ത് ഭരണം ഏത് രാഷ്ട്രീയകക്ഷിക്കായിരുന്നു; | (ഡി) അനുമതി നൽകിയത് പഞ്ചായത്ത് സെക്രട്ടറിയാണ്. |
| (ഇ) സി.ആർ.ഇസഡ് സോണിൽ വരുന്ന പ്രദേശത്ത് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയ പഞ്ചായത്ത് ഭരണ സമിതിക്കെതിരെ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കാമോ? | (ഇ) ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ബഹു. സുപ്രീംകോടതിയുടെ MA No. 1808-1809/2019 in civil appeal No.4784-4785/19, 4786-4789/19, 4790-4793/19 -മ്മേലുള്ള 27.09.2019 ലെ ഉത്തരവ് പ്രകാരം അർഹരായ ഫ്ലാറ്റ് ഉടമകൾക്ക് 4 ആഴ്ചക്കകം 25 ലക്ഷം രൂപ വീതം നൽകുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ഇതിലേക്ക് ബഹു.റിട്ടയേർഡ് ജസ്റ്റിസ് ബാലകൃഷ്ണൻ നായർ അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 30.09.2019 ലെ G.O (P) No.63/2019/LSGD പ്രകാരം ബഹു.റിട്ടയേർഡ് ജസ്റ്റിസ് ബാലകൃഷ്ണൻ നായർ അധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചു. 16.10.2019 ലെ സ.ഉ.(സാധാ) നം.100/2019/പരി പ്രകാരം കമ്മിറ്റിക്ക് ആവശ്യമായ സ്റ്റാഫുകളെ നിയമിച്ചു. കൂടാതെ സുപ്രീം കോടതി ഉത്തരവിൽ പരാമർശിച്ചതു പ്രകാരം സംസ്ഥാനത്തെ തീരദേശ പരിപാലന നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി 16.10.2019 ലെ സ.ഉ.(സാധാ) നം. 98/2017/പരി, 17.10.2019 ലെ സ.ഉ.(സാധാ) നം. 101/2019/പരി എന്നിവ പ്രകാരം ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചു ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി 24.09.2019 ലെ സ.ഉ.(സാധാ) നം.5536/2019/പൊ.ഭ.വ പ്രകാരം ഫോർട്ട് കൊച്ചി സബ് കളക്ടറായ ശ്രീ.സ്നേഹിൽ കുമാർ സിംഗിന് മരട് മുനിസിപ്പൽ സെക്രട്ടറിയുടെ അധിക ചാർജ്ജ് നൽകി. ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി 05.10.2019 ലെ സ.ഉ (സാധാ) നം. 2193/2019/LSGD നമ്പർ ഉത്തരവ് പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. 09.10.2019 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ). നം.2211/2019/LSGD പ്രകാരം കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ധനായ Sharad.B.Sarwate യെ ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

10.09.2019 തീയതിയിൽ കെട്ടിടം പൊളിച്ചു നീക്കം ചെയ്യുന്നതിനുള്ള താൽപര്യ പത്രം ക്ഷണിച്ചുകൊണ്ട് ദിനപത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ചു 03.10.2019 ന് KMRL, പൊതുമരാമത്ത് വകുപ്പ്, Pollution Control Board, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു ഫ്ലാറ്റ് പൊളിച്ച് നീക്കം ചെയ്യുന്നതിന് ഫിനാൻഷ്യൽ ബിഡ് സമർപ്പിച്ച ആറ് സ്ഥാപനങ്ങളിൽ നിന്ന് അന്തിമമായി തിരഞ്ഞെടുക്കപ്പെട്ട രണ്ട് സ്ഥാപനങ്ങളുമായി സബ്കളക്ടർ, നിയന്ത്രിത സ്ഫോടനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിൽ പ്രാഗത്ഭ്യമുള്ള Sharad.B.Sarwate എന്നിവരുടെ സാന്നിദ്ധ്യത്തിൽ

ടെക്നിക്കൽ കമ്മിറ്റി കൂടികാഴ്ച നടത്തി. ടി യോഗത്തിൽ ഫ്ലാറ്റ് പൊളിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതായ കാര്യങ്ങൾ, സാങ്കേതികമായി അനുവർത്തിക്കേണ്ട നടപടികൾ, മുൻകരുതലുകൾ, ഇൻഷ്വറൻസ് സംബന്ധിച്ചുള്ള വിഷയങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ശുപാർശ ചെയ്യപ്പെട്ടു. ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം മരട് നഗരസഭ പരിധിയിലെ ഹോളി ഫേയ്ത്ത്, ജെയിൻ ഹൗസിംഗ്, ഗോൾഡൻ കായലോരം എന്നീ ഫ്ലാറ്റുകൾ പൊളിക്കുന്നതിനുള്ള അനുമതി എഡിഫൈസ് എൻജിനീയറിംഗ് എന്ന സ്ഥാപനത്തിനും, ആൽഫ വെൻചേഴ്സ് എന്ന ഫ്ലാറ്റിലെ രണ്ട് കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള അനുമതി വിജയ് സ്റ്റീൽസ് എന്ന സ്ഥാപനത്തിനും നൽകുന്നതിന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തു. 11.10.2019 ൽ എറണാകുളം ജില്ലാ കളക്ടർ ഫോർട്ട് കൊച്ചി സബ്കളക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ മരട് നഗരസഭ സെക്രട്ടറിയ്ക്ക് നാല് ഫ്ലാറ്റുകളും ഔദ്യോഗികമായി കൈമാറി. ഫ്ലാറ്റ് പൊളിക്കലുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുന്നതിനായി 16.10.2019 ന് ജെയിൻ ഹൗസിംഗ് എന്ന ഫ്ലാറ്റ് എഡിഫൈസിനും, ആൽഫ സെറിൻ എന്ന ഫ്ലാറ്റിലെ ഒരു ടവർ വിജയ് സ്റ്റീൽസിനും കൈമാറി.

ബഹു. ജസ്റ്റിസ് ബാലകൃഷ്ണൻ നായർ കമ്മിറ്റി 134 ഫ്ലാറ്റ് ഉടമകൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് ശുപാർശ നൽകി. 21.10.2019 ലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.8298/2019/ധന പ്രകാരം 38 ഫ്ലാറ്റുടമകൾക്ക് നഷ്ടപരിഹാരമായി മൊത്തം 6,98,72,287 /- രൂപയും 22.10.2019 ലെ സ.ഉ (സാധാ) നം. 8321/2019/ധന പ്രകാരം 23 ഫ്ലാറ്റുടമകൾക്ക് നഷ്ടപരിഹാരമായി 3,88,57,375/- രൂപയും നൽകി. ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T1903 04.11.2019 ൽ മറുപടിയ്ക്ക്

പരസ്യ ഇനത്തിൽ ചെലവഴിച്ച തുക

ചോദ്യം
ശ്രീ. എം. ഉമ്മൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരസ്യ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരസ്യ ഇനത്തിൽ മുൻകാല കുടിശ്ശിക ഉൾപ്പെടെ ഏകദേശം 1,22,24,76,395/-രൂപ (നൂറ്റി ഇരുപത്തി രണ്ടു കോടി ഇരുപത്തി നാലു ലക്ഷത്തി എഴുപത്തി ആറായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി അഞ്ചു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു<br><br>സാമ്പത്തിക വർഷം — ചെലവഴിച്ച തുക<br>2016-17 — 22,91,99,467/-<br>2017-18 — 43,44,66,678/-<br>2018-19 — 38,75,38,474/-<br>2019-20 — 17,12,71,776/- |
| (ബി) | കിഫ്ബിയുടെ പ്രചരണത്തിനായി പരസ്യ ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ പരസ്യത്തിനായി 2019 -ൽ ആകെ 26,09,027/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ തുക യൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി ആകെ 7,17,901/- രൂപ(ഏഴു ലക്ഷത്തി പതിനേഴായി രത്തി തൊള്ളായിരത്തി ഒന്നു രൂപ മാത്രം) ചെലവഴിച്ചു.<br>വർഷം തിരിച്ചുള്ള കണക്ക്<br>ഒന്നാം വാർഷികം - 1,06,143/-<br>രണ്ടാം വാർഷികം - 3,11,008/-<br>മൂന്നാം വാർഷികം - 3,00,750/- |
| (ഡി) | ലോക കേരളസഭയുടെ പ്രചരണത്തി നായി പരസ്യയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | ലോക കേരളസഭയുടെ പ്രചരണത്തിനായി പരസ്യ ഇനത്തിൽ ആകെ 24,44,049/- രൂപ (ഇരുപത്തിനാല് ലക്ഷത്തി നാൽപത്തിനാലാ യിരത്തി നാൽപത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## 16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1938

04.11.2019-ൽ മറുപടിയ്ക്ക്

## സി.ആർ.ഇസഡ് ദൂരപരിധി

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സി.ആർ.ഇസഡ് നിയമത്തിൽ ദൂരപരിധി ഇളവ് വരുത്തിയതായി കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള കത്തോ, വിജ്ഞാപനമോ ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. 18.01.2019 ലെ G.S.R No. 37(E) നം. വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള ഇരുന്നൂറ് മീറ്റർ, അഞ്ഞൂറ് മീറ്റർ ദൂര പരിധി അമ്പത് മീറ്ററായി ചുരുക്കി ഇളവ് വരുത്തുന്നതിനായി ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സംസ്ഥാനത്ത് പുരോഗമിക്കുന്നത്; വിശദമാക്കാമോ; | (ബി) യും (സി) യും 2019 ലെ തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് ദൂരപരിധി ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരും.<br>2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനായി 20.08.2019 ലെ സ.ഉ(സാധാ) നം.80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത |

ഉത്തരവ് പ്രകാരം 01.03.2020 ന് മുമ്പ് 1:25000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനിന്റെ ഒരു സോഫ്റ്റ് കോപ്പിയും (Shape file) രണ്ട് ഹാർഡ് കോപ്പികളും അതിനുശേഷം 6 മാസത്തിനകം 1:4000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനും കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കേരള തീരദേശ പരിപാലന അതോറിറ്റി കാലകാലങ്ങളിൽ നൽകുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം പരിഗണിക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 2011 ലെ തീരദേശ പരിപാലന പ്ലാനും 2019 കരട് തീരദേശ പരിപാലന പ്ലാനും തമ്മിൽ താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ട ചുമതലയും 2019-ലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിയ്ക്ക് മുൻപാകെ അവതരിപ്പിക്കേണ്ട ചുമതലയും കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിനാണ്.

(സി) അമ്പത് മീറ്ററിലേക്ക് ദൂരപരിധി കുറച്ച് കൊണ്ടുള്ള നിയമം എന്ന് പ്രാബല്യത്തിൽ വരുമെന്നാണ് കരുതുന്നത്, വിശദമാക്കാമോ?

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2023 04.11.2019-ൽ മറുപടിക്കുണ്ടായിരുന്നത്

**പെരിയ ഇരട്ടക്കൊലക്കേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പെരിയ ഇരട്ടക്കൊലക്കേസിന്റെ അന്വേഷണം സി.ബി.ഐ ക്ക് വിട്ടുകൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; | (എ) ബഹു.കോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസിൽ പോലീസ് സമർപ്പിച്ച കുറ്റപത്രം റദ്ദാക്കിയ സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) പ്രസ്തുത കേസിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അത് മരിച്ച പോയവരോടുള്ള നീതികേടും ജീവിച്ചിരിക്കുന്നവരോടുള്ള വെല്ലുവിളിയായും കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) നിയമപരമായ വശങ്ങൾ പരിശോധിച്ചതു പ്രകാരമാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2051 | 04.11.2019-ൽ മറുപടിക്കുണ്ടായിരുന്നത്

### കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആലപ്പുഴയിലെ കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവത്തിൽ നടക്കുന്ന പോലീസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | (എ) കേസിന്റെ അന്വേഷണം പൂർത്തിയാക്കി 28/04/2016 തീയതിയിൽ ബഹു.ആലപ്പുഴ JFMC-I ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും നിലവിൽ പ്രസ്തുത കേസ് SC 693/2016 പ്രകാരം ബഹു.ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണയിലുമാണ്. |
| (ബി) പ്രസ്തുത കേസ്സിലെ പ്രതികൾ ആരെല്ലാമെന്നും ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണോയെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) പ്രസ്തുത കേസിലേയ്ക്ക് അറസ്റ്റ് ചെയ്തത് ലതീഷ്.ബി.ചന്ദ്രൻ, പി.സാബു, ദീപുമോൻ, രാജേഷ്, പ്രമോദ് എന്നീ പ്രതികളെയാണ്. ഇവർ രാഷ്ട്രീയ പാർട്ടിയുടെ മുൻപ്രവർത്തകരാണെന്നാണ പോലീസ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) ഈ സ്മാരകം തീയിട്ടുവാനുണ്ടായ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) അക്കാലത്ത് പ്രദേശത്ത് നിലനിന്നിരുന്ന ചില അഭിപ്രായ വ്യത്യാസമാണ് ഇതിലേയ്ക്ക് നയിച്ചതെന്നാണ് പോലീസ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. |
| (ഡി) ഇതുമായി ബന്ധപ്പെട്ട കേസ്സിന്റെ നമ്പരും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ഡി) നിലവിൽ പ്രസ്തുത കേസ് നം.SC 693/16 പ്രകാരം ബഹു.ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2052 04.11.2019-ൽ മറുപടിക്ക്

**മാൽകോടെക്സ് മില്ലിലെ രാജി വച്ച ജീവനക്കാരന്റെ പരാതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. അബ്ദു റബ്ബ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് മാനേജർ ആയിരുന്ന സഗീർ കാലടി കടുത്ത തൊഴിൽ പീഡനം ഏൽക്കേണ്ടി വന്നതിനാൽ ഇരുപതു വർഷം സർവ്വീസ് ബാക്കി നിൽക്കേ ജോലി യിൽ നിന്നും 2019 ജൂലൈ ഒന്നിന് രാജി വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് മാനേജർ ആയിരുന്ന ശ്രീ.സഹീർ കാലടി പീഡനം ഏൽക്കേണ്ടി വന്നതിനാൽ രാജി വച്ചു എന്നുള്ളകാര്യം വസ്തുതാ വിരുദ്ധമാണ്. ഉപരിപഠനത്തിനും സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനും വേണ്ടി ദീർഘകാല ലീവിന് അപേക്ഷിച്ചത് നിരസിച്ചപ്പോൾ മെഡിക്കൽ ഗ്രൗണ്ടിൽ ലീവ് അപേക്ഷ മാറ്റി നൽകുകയും ലീവ് പാസാക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ ശിപാർശ ലഭിക്കുന്നതിന് അയക്കുകയും മറുപടി ലഭിക്കുന്നതിന് മുമ്പേ ടിയാൻ സ്വമേധയാ രാജിവെച്ചതാണ്. |
| (ബി) തൊഴിൽ പീഡനം മൂലം രാജി വച്ചിട്ടും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യ ങ്ങൾ നൽകാത്തതും മാൽകോടെക്സ് എം.ഡി നടത്തിയ സാമ്പത്തിക അഴിമതിയും സംബന്ധിച്ച് സഗീർ കാലടി മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് നൽകിയ പരാതിയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരി ക്കാമോ; ഈ വിഷയത്തിൽ അന്വേ ഷണം നടത്താൻ ഉത്തരവിടുമോ; | (ബി) ആനുകൂല്യങ്ങൾ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.സഹീർ കാലടി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കൈത്തറി & വസ്ത്ര ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. രാജി വച്ചിട്ടും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയില്ല എന്നുള്ള പരാതി വാസ്തവവിരുദ്ധമാണ്. രാജി സ്വീകരിച്ചു കൊണ്ട് ടിയാൾക്കയച്ച കത്തിൽ തന്നെ എല്ലാ ആനുകൂല്യങ്ങളും മില്ലിൽ നേരിട്ട് ഹാജരായി കൈപ്പറ്റണമെന്ന് വ്യക്തമായി നിർദ്ദേശി ച്ചിരുന്നെങ്കിലും ടിയാൻ നേരിട്ട് ഹാജരാ |

| | |
|---|---|
| | കഃകയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ അർഹത പ്പെട്ട തുക അയച്ചുതരണമെന്ന് അപേക്ഷിക്ക കയോ ചെയ്തിട്ടില്ല. എങ്കിലും ടിയാളുടെ ആനുകൂല്യം 30/10/2019 ന്റെ ചെക്ക് മുഖേന നൽകിയിട്ടുണ്ട്. |
| (സി)ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ? | (സി)ടിയാൻ WP(C) No.25781/19 നമ്പർ കേസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3614 — 11.11.2019 ൽ മറുപടിയ്ക്ക്

**പത്ത് ശതമാനം സാമ്പത്തിക സംവരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്. ശിവകുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി ) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം നൽകുന്നതിനായി ഭരണഘടന ഭേദഗതി വരുത്തിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രസ്തുത ആനുകൂല്യം എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) (ബി) & (സി) | മുന്നാക്ക സമുദായത്തിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കക്കാർക്ക് സംവരണം നടപ്പിലാക്കുന്ന വിധം തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 12/03/2019 ലെ സ.ഉ.(കൈ)5/19/ ഉ.ഭ.പ.വ. ഉത്തരവു പ്രകാരം കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 10% സംവരണത്തിന്റെ ആനുകൂല്യം കേന്ദ്ര സർക്കാരിന്റെ വിവിധ ഉദ്യോഗങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും ലഭിക്കുന്നതിനായി ഇൻകം ആന്റ് അസ്സറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 14.03.2019 ലെ സ.ഉ.(കൈ) 52/2019/പൊഭവ നമ്പർ ഉത്തരവു പ്രകാരം തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ; സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | | |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലി ഉൾപ്പെടെയുള്ള കാര്യങ്ങളിലും പത്ത് ശതമാനം സാമ്പത്തിക സംവരണം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3619 11.11.2019 ൽ മറുപടിയ്ക്ക്

**മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകുന്നതിനു നടപടി**

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി )

| | | | |
|---|---|---|---|
| (എ) | മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം നൽകുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) | ഇക്കാര്യത്തിൽ സർക്കാരിന് അനുകൂല നിലപാടാണ്. |
| (ബി) | കെ.എ.എസി.-ന്റെ മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ട സാഹചര്യത്തിൽ സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളിലെ പിന്നോക്കക്കാർക്ക് കൂടി സംവരണാനുകൂല്യം നൽകി കൊണ്ട് കെ.എ.എസ്. നടപ്പിലാക്കുമോ എന്ന് അറിയിക്കുമോ? | (ബി) | മുന്നാക്ക സമുദായത്തിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കക്കാർക്ക് സംവരണം നടപ്പിലാക്കുന്ന വിധം തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 12/03/2019 ലെ സ.ഉ.(കൈ)5/19/ ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായാൽ സംവരണം നല്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3620

11/11/2019-ൽ മറുപടി നല്കേണ്ടിയിരുന്നത്.

## ഫിസിക്കൽ സയൻസ് എച്ച്.എസ്.ടി യോഗ്യത

**ചോദ്യം**

ശ്രീ. പി.കെ. ശശി:

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് നിയമനത്തിനായി പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ:

(എ) ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നല്കിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ് / ബി.റ്റി ബിരുദവും ഉണ്ടായിരിക്കണം. കൂടാതെ കേരള എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം.

(I) ബന്ധപ്പെട്ട വിഷയത്തിൽ നേരിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി.എഡ് / ബി.റ്റി ബിരുദമുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(iii) നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിയ്ക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കാവുന്നതാണ്.

(iv) അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ഇവയിലേതെങ്കിലും പ്രധാന ഐച്ഛിക വിഷയമായി ബിരുദം എടുത്തവരായിരിക്കണം. ജിയോളജി ഐച്ഛിക വിഷയവും ഫിസിക്സ്, കെമിസ്ട്രി ഇവ ഉപ ഐച്ഛിക വിഷയങ്ങളായും ബിരുദം എടുത്തിട്ടുള്ളവർക്ക് ഫിസിക്കൽ സയൻസിൽ ബി.എഡ് ഉണ്ടെങ്കിൽ ഈ

| | | |
|---|---|---|
| | | തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ് (02.07.1996 ലെ G.O (MS) No.195/96/G.Edn)<br>(v) ഫിസിക്സ്, കെമിസ്ട്രി മുഖ്യ വിഷയമായും അതോടൊപ്പം കെമിസ്ട്രി, ഫിസിക്സ് സബ് സിഡിയറിയായും ബിരുദം നേടിയവർ മാത്രം അപേക്ഷിച്ചാൽ മതി.<br>(vi) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് - കെമിസ്ട്രി - ഗണിത ശാസ്ത്രം സ്കീമിലുള്ള BSC Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ് . (30.03.2013 ലെ G.O (P) No.117/13/G.Edn) കൂടാതെ 19.06.2012 ലെ OA 370/12 വിധി ന്യായ പ്രകാരം ബിരുദത്തിനു Physics, Chemistry എന്നീ രണ്ടു വിഷയങ്ങളും മെയിൻ അല്ലെങ്കിൽ സബ്സിഡിയറിയായി പഠിച്ചിരിക്കണം. ടി യോഗ്യതയുള്ളവർ മാത്രമാണ് തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നത്. |
| ബി) | നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ (സി) മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | 6.06.19 ലെ സ. ഉ. (കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.<br>06-06-19 വരെ ഫിസിക്സ്/കെമിസ്ട്രി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ് സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ പിന്നീട് ഒഴിവാക്കുകയുണ്ടായി. |

ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡറിയായും പഠിച്ച ഉദ്യോഗാർത്ഥികളും രണ്ടു വിഷയവും ഒരുമിച്ച് പഠിക്കാത്ത ഉദ്യോഗാർത്ഥികളും അവരുടെ വാദം അനുകൂലിച്ചു കിട്ടുന്നതിന് KAT നെ നിരവധി കേസുകളിലൂടെ സമീപിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമായ കേസുകൾ OA No. 1042/19, 1223/19, 1028/19, 1882/19, 1456/19, 1471/19, 1179/19, 1023/19, 880/19 എന്നിവയാണ്. ഇക്കാര്യം കോടതിയുടെ പരിഗണനയിലേക്ക് എത്തിയ സ്ഥിതിക്ക് അന്തിമ ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി യുമായി ബന്ധപ്പെട്ട് പരിശോധിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ കൈക്കൊള്ളു ന്നതാണ്.

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3672 — 11.11.2019-ൽ മറുപടിക്ക്

## പി.എസ്.സി. മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിലെ സംവരണം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന ബൈട്രാൻസ്ഫർ നിയമനങ്ങളിൽ സാമുദായിക സംവരണം നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) | പരിഗണനയിലില്ല. |
| (ബി) | ബൈട്രാൻസ്ഫർ നിയമനങ്ങളിൽ സാമുദായിക സംവരണം നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചു കൊണ്ട് 4/3/2003 ൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് പുറപ്പെടുവിച്ച 1927/Adv C3/2002/P& ARD നമ്പർ സർക്കുലർ പുറപ്പെടുവിക്കുന്നതിന് ആധാരമായ ഫയലിന്റെ (നടപ്പുഫയലും കുറിപ്പ് ഫയലും) പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 4/3/2003-ലെ 1927/Adv C3/2002/ P&ARD നമ്പരിലുള്ള സർക്കുലർ നിലവിലില്ല. ഇതേ വിഷയത്തിൽ 4/3/2003-ൽ പുറപ്പെടുവിച്ച 19274/Adv .C3/2002/P&ARD നമ്പർ സർക്കുലർ ലഭ്യമാണ്. അതിന് ആധാരമായ ഫയലിന്റെ (നടപ്പുഫയലും കുറിപ്പുഫയലും) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ബൈട്രാൻസ്റ്റർ നിയമനങ്ങളിൽ സാമുദായിക സംവരണം നൽകേണ്ടതില്ലായെന്ന് തീരുമാനിച്ച കൊണ്ട് പി.എസ്.സി സെക്രട്ടറി 29.01.2001 ൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന് ലഭ്യമാക്കിയ A.V. III (i)-5003/93/GW നമ്പർ കത്തിന് ആധാരമായ പി.എസ്.സി. യിലെ ഫയലിന്റെ (നടപ്പുഫയലും കുറിപ്പുഫയലും) പകർപ്പ് ലഭ്യമാക്കാമോ? | (സി) | പകർപ്പ് നൽകാൻ നിർവാഹമില്ല എന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Not to be destroyed

GOVERNMENT OF KERALA

........ P&AR (Adv.C)... 2003 Department

~~Endorsement~~

D. O.

Memorandum

Ledged

LETTER Circular

No 19274/Adv.C3/2003/P&ARD

Dated ............. 4-3-2003

Passed

Superintendent

FURTHER PAPERS

Pages in the file

| Department | Number | Serise | Date |
| --- | --- | --- | --- |
| 19083/Adv.C3/98/P&ARD | | | |

GPM. 3/454/95. 7,00,000. [P. T. O.

"KERSER COM" Telephone No 448165.

KERALA PUBLIC SERVICE COMMISSION

AVIII(1)5003/93/GW

PATTOM, THIRUVANANTHAPURAM-4.

Dated. 19.11.2002

From

The Secretary,
Kerala Public Service Commission,
Thiruvananthapuram-4.

To

The Secretary to Government,
P & AR (Advice - C) Department,
Government Secretariat,
Thiruvananthapuram.

Sir,

23 NOV 2002

GOVERNMENT OF KERALA

Sub:- Public Services - Direct recruitment of Departmental candidates - Rules of Reservation Reg:-

Ref:- 1. Government letter No.19083/Adv C3/98/P & ARD dated 8-9-99.
2. This office letter of even No dated 29-1-2001 and reminder letters dated 19-6-2001, 10-12-2001 and 20.5.2002.

19008

* * * * * *

In inviting your attention to the reference cited, I am to request you to forward draft proposals to amend the Special Rules as per the advice of the Commission intimated vide letter cited (2).

Yours faithfully,

UNDER SECRETARY,
FOR SECRETARY,
KERALA PUBLIC SERVICE COMMISSION.

TSK.

SMT 5/94/96 1,00,000

PERSONNEL & ADMINISTRATIVE ... GOVERNMENT

29 NOV 2002

19274

19008/Adv. C/2002/P&ARD    P&AR (Adv. C) D

May be transferred to P&ARD (Adv. C) Seal for n/a.

25/XI/02

25-XI-2002

25.11.2002
Section Officer

PSAR (Advi) Dept

9274/Adv(3)/02/ PSARD

To

The Secy, KPSC

Sir

Sub: Public Services. Direct recruitment of Departmental candidates - Rules of Reservation - reg

Ref: Your Lr. No: AV III (1) 5003/93/ GW dt 19/11/02

I am directed to invite your attention to the ref. cited and to request you to forward a copy of your Lr. dt. 29/1/2001

Y/F

4/12/02

D.S

4/12/02

A. 4/12/2002

2

Personnel and Administrative Reforms (Advice-C) Department
Thiruvananthapuram,
Dated:- 04-12-2002

No.19274/Adv.C3/2002/P&ARD

From

The Principal Secretary to Govt.

To

The Secretary,
Kerala Public Service Commission.

Sir,

Sub:- Public Services - Direct recruitmnt of Departmental candidates - Rules of Reservation - reg.

Ref:- Your Lr. No.AV III(1)5003/93/GW dated 19-11-2002

Rcd 10/12/02

I am directed to invite your attention to the reference cited and to request you to forward a copy of your letter dated 29-01-2001.

Yours faithfully,

K. GEETHA,
Deputy Secretary,
for Principal Secretary to Govt.

o/c

Address : "KERSER COM" Telephone No 448165.

KERALA PUBLIC SERVICE COMMISSION

No. AVIII (1)5003/93/GW

PATTOM, THIRUVANANTHAPURAM-4.

Dated 10.01.2003

From

The Secretary,
Kerala Public Service Commission,
Thiruvananthapuram-4.

To

The Principal Secretary to Government,
Personnel & Administrative Reforms -
(Advice - C) Department,
Government Secretariat, Thiruvananthapuram.

Sir,

Sub:- Public Services - Direct Recruitment of Departmental Candidates - Rules of Reservation reg :-

Ref:- 1) Govt. Letter No. 19083/Adv - C3/98/ P & ARD dated 8.9.99.

2) This office letter of even No. dated 29.1.2001 and reminders thereto.

3) Govt. Letter No. 19214/Adv. C3/2002/ P & ARD dated 4.12.2002.

.........

I am forwarding herewitha copy of the letter dated 29.1.2001, as ~~desired~~ desired in the letter 3rd cited.

Yours faithfully,

V.MADHURI,
UNDER SECRETARY,
for SECRETARY,
KERALA PUBLIC SERVICE COMMISSION.

Encl. As above.

SMT 5/94/96 1,00,000

u.

Address : "KERSER COM"

Telephone No. 448165

# KERALA PUBLIC SERVICE COMMISSION

No. A.VIII(1)-5003/93/GW

PATTOM, THIRUVANANTHAPURAM-4.

Dated 29--1--2001.

From

The Secretary,
Kerala Public Service Commission,
Thiruvananthapuram-4.

To

The Secretary to Government,
Personnel and Administrative Reforms,
Advice (C) Department,
Govt.Secretariat, Thiruvananthapuram.

Sir,

Sub:- Public Services - Direct Recruitment of Departmental Candidates - Rules of Reservation - Regarding -

Ref:- Government letter No.19083/Adv.C3/98/P&ARD dated 8-9-1999.

...

Inviting attention to the letter cited, wherein the policy decision of Government that Communal Reservation need not be followed in respect of direct recruitment of departmental candidates against departmental quota if not provided in the Special Rules is conveyed, I am directed to inform that in certain Special Rules there is provision for Communal Reservation and in certain other special rules no communal reservation is allowed in respect of direct recruitment of departmental candidates against departmental quota. As such a uniform procedure in the matter could not be maintained while advising candidates against departmental quota.

The Commission have considered the issue and have decided that departmental candidates who had already been conferred the benefit of Communal Reservation at the time of initial recruitment by Public Service Commission need not be considered for the benefit of Communal Reservation when they are being considered again for appointment by transfer against Departmental Quota.

Cont......d/2.

Hence it is informed that appropriate steps, may be taken to amend the provisions in the existing Special Rules, wherein Communal Reservation is made applicable for departmental candidates in the case of appointment by transfer against Departmental Quota so as to maintain a ~~make~~ uniform provision in the rules.

Yours faithfully,

30/11/2001

FOR SECRETARY,
KERALA PUBLIC SERVICE COMMISSION.

...

SS/30-1.

No.19274/Adv.C3/02/P&ARD തീയതി

Personnel & Administrative Reforms (Advice-C) Department

DFA

GOVERNMENT OF KERALA

CIRCULAR

Sub:-Public Services - Direct Recruitment of Departmental Candidates - Rules of Reservation - reg.

Ref:-Letter No.A.V III(1)-5003/93/GW dt.29.1.2001 from the Secretary, KPSC.

...

Govt. had taken a policy decision that communal reservation need not be followed in case of direct recruitment from departmental candidates against the departmental quota, if not provided in the Special Rules.

The Secretary, Kerala Public Service Commission in his letter referred to above has informed that in certain Special Rules there is provision for Communal Reservation and in certain other special rules no communal reservation is allowed in respect of direct recruitment of departmental candidates against departmental quota. As such a uniform procedure in the matter could not be maintained while advising candidates against departmental quota.

The Commission have considered the above issue and have decided that departmental candidates who had already been conferred the benefit of Communal Reservation at the time of initial recruitment by PSC need not be considered for the benefit of Communal Reservation when they are being considered again for appointment by transfer against departmental quota and have requested to take appropriate steps to amend the provisions in the existing Special Rules wherein Communal Reservation is made applicable for departmental candidates in the case of appointment by



p.t.o.

transfer against departmental quota so as to maintain a uniform provision in the rules.

In the above circumstances, all the departments in the Secretariat ~~may be~~ are requested to take steps to suitably amend the provisions in the existing Special Rules, wherein Communal Reservation is made applicable for departmental candidates in the case of appointment by transfer against departmental quota.

CR 4/3/03
Principal Secretary

To

All Departments in the Secretariat
The Secretary, KPSC (with C/L) (vide his letter referred to above)

27/2/03

3.3.03

4/3/03 DS.

GOVERNMENT OF KERALA

PERSONNEL AND ADMINISTRATIVE REFORMS (ADVICE-C) DEPARTMENT

CIRCULAR

No.19274/Adv.C3/2002/P&ARD Dated, Thiruvananthapuram, 4.3.2003

Sub:-Public Services - Direct Recruitment of Departmental Candidates - Rules of Reservation - reg.

Ref:-Letter No.A.V III(i)-5003/93/GW dt.29.1.2001 from the Secretary, Kerala Public Service Commission.

Government had taken a policy decision that communal reservation need not be followed in case of direct recruitment from departmental candidates against the departmental quota, if not provided in the Special Rules.

The Secretary, Kerala Public Service Commission in his letter referred to above has informed that in certain special rules there is provision for communal reservation and in certain other special rules no communal reservation is allowed in respect of direct recruitment of departmental candidates against departmental quota. As such a uniform procedure in the matter could not be maintained while advising candidates against departmental quota.

The Commission have considered the above issue and have decided that departmental candidates who had already been conferred the benefit of communal reservation at the time of initial recruitment by Public Service Commission need not be considered for the benefit of communal reservation when they are being considered again for appointment by transfer against departmental quota and have requested to take appropriate steps to amend the provisions in the existing special rules wherein communal reservation is made applicable for departmental candidates in the case of appointment by transfer against departmental quota so as to maintain a unifrom provision in the rules.

In the above circumstances, all the departments in the Secretariat are requested to take steps to suitably amend the provisions in the existing Special Rules, wherein communal reservation is made applicable for departmental candidates in the case of appointment by transfer against departmental quota.

C.RAMACHANDRAN
Principal Secretary to Govt.

To

All Departments in the Secretariat.
The Secretary, Kerala Public Service Commission (with C/L)
(vide his letter referred to above)

Forwarded/By order

Section Officer

GOVERNMENT OF KERALA

Personnel and Administrative
Reforms (Advice-C) Department,
Thiruvananthapuram,
Dated:- / 3/03

No. 19274 /Adv.C3/ 02 /P&ARD.

From

The Principal Secretary to Govt.

To

The Secy, KPSC

Sir,

Sub:- Public Service - Copy of ~~G.O.~~/ Circular - forwarding of reg.

Ref:- 1) Your Lr. No. A VIII (1)- 5003/93/GW dt. 29/1/01

2) Circular No: 19274/ AdvC3/02/P&ARD dt. 4/3/2003

I am directed to forward herewith a copy of ~~G.O.~~/ Circular cited for information and necessary action.

Yours faithfully,

14/3/03

Deputy Secretary,
for Principal Secretary to Government.

17/3/03

7/3/03

10.3.03

A274/ Advc3/
PSARD

## NOTES

Sub: Public Services - Direct Recruitment of Departmental Candidates - Rules of Reservation - Reg.

P. 9-11 C.F

Please see the Letter received from the Secy, KPSC at P 9-11 cf.

(2) Govt. had taken a policy decision that communal reservation need not be followed in case of direct recruitment from Departmental Candidates against the departmental quota, if not provided in the Special Rules.

Prev. File Flag A
No: 19083/ Adv C3/98/PSARD

(3) Now the Secy, PSC has informed that in certain Special Rules there is provision for Communal Reservation and in certain other special rules no communal reservation is allowed in respect of direct recruitment of departmental candidates against departmental quota. As such a uniform procedure in the matter could not be maintained while advising candidates against departmental quota

P.cf

→

P&ARD(Adv.C) Dept

(4) The Secy has informed that the Commission have considered the above issue and have decided that departmental candidates who had already been conferred the benefit of Communal Reservation at the time of initial recruitment by PSC need not be considered for the benefit of Communal Reservation when they are being considered again for appointment by transfer against Departmental quota. He has requested to take appropriate steps to amend the provisions in the existing Special Rules, wherein Communal Reservation is made applicable for departmental candidates in the case of appointment by transfer against Departmental quota so as to maintain a uniform provision in the rules.

(5) In view of the above, submitted for orders, whether orders may be issued, directing all Departments in Secretariat to take steps to amend the provisions in the existing Special Rules, wherein Communal Reservation is made

17924/Adv
02/P&ARD

(20)

തുടർച്ച

P&ARD (Adv.C) Dept

Adv C3
74 | Adv C3 / 03
D
P&ARD

(1966)

applicable for departmental candidates in the case of appointment by transfer against Departmental quota

6. The suggestion at para 5 above may be agreed.

25/1/03

7) May be submitted to the C.M. for favour of formal final orders.

11.2.2003

OFFICE OF THE ... PERSONNEL ... THIRUVANANTHAPURAM
445
21/2

21/2/03
Deputy Secretary
K. GEETHA
Deputy Secretary
P&ARD Dept
Govt. Secretariat, Tvpm.
Phone:

Prl. Secy.

C.M.

8. may be approved

CRChandran
22/2/03
C. RAMACHANDRAN
Principal Secretary to Govt.,
Personnel & Administrative Reforms Dept.

OFFICE OF THE CHIEF MINISTER, THIRUVANANTHAPURAM
22 FEB 2003

DS

CR
24/2/03

Prl. Secy. (P&ARD)

A. K. ANTONY
Chief Minister

P&AR (Advc) Dept

No. 19274/Advc
02/P&ARD

(9) Vide orders on pre para. A draft Circular is submitted for approval

27/2/03

3.3.03

4/3/03
Deputy Secretary

Prl. Secy.

CRChandran
4/3/03

C. RAMACHANDRAN
Principal Secretary to Govt.
Personnel & Administrative Reforms Dept.

531
4/3

**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

## കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവർ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3751 11/11/2019-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവരുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു |

| | |
|---|---|
| DC/DySP/AC | 5 |
| IP/RI/API | 12 |
| SI/RSI/APSI/SI(G) | 60 |
| ASI/RASI/APASI/ASI (G) | 42 |
| SCPO/WSCPO/SCPO (G) | 145 |
| CPO/WCPO | 454 |
| TOTAL | 718 |

| | | | |
|---|---|---|---|
| (ബി) | ഇതിൽ എത്ര പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; നാളിതുവരെ വകുപ്പുതല നടപടി സ്വീകരിക്കാത്ത എത്ര പേരുണ്ട്; സസ്പെൻഷനിലുള്ള എത്ര പേരുണ്ട്; ഇനിയും സസ്പെന്റ് ചെയ്യപ്പെടാത്ത എത്ര പേരുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇതിൽ 587 പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതു വരെ വകുപ്പുതല നടപടികൾ സ്വീകരിക്കാത്ത 131 പേരും , സസ്പെൻഷനിലുള്ള 95 പേരും, സസ്പെന്റ് ചെയ്യപ്പെടാത്ത 201 പേരുമുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് KPDIP & A Rules 1958 പ്രകാരമാണ്. ഈ റൂൾ |

<table>
<tr><td></td><td></td><td></td><td>പ്രകാരം കേസിൽ ഉൾപ്പെട്ടാൽ സസ്പെന്റ് ചെയ്യണമെന്ന് നിഷ്കർഷിയ്ക്കുന്നില്ല. എന്നാൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപിയ്ക്കപ്പെടുന്ന കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ചാണ് ടിയാനെ സസ്പെൻറ് ചെയ്യുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിയ്ക്കുന്നത്. ആയത് ഓരോ യൂണിറ്റ് മേധാവിമാരുടെ വിവേചനാധികാരത്തിൽ ഉൾപ്പെടുന്നതുമാണ്.</td></tr>
<tr><td>(സി)</td><td>ഈ സേനാംഗങ്ങളിൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട എത്ര പേരുണ്ടെന്ന് അറിയിക്കാമോ; തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?</td><td>(സി)</td><td>മേൽ സേനാംഗങ്ങളിൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട 10 പേരാണുള്ളത്. തസ്തികതിരിച്ചുള്ള വിശദാംശംചുവടെ ചേർക്കുന്നു.
<table>
<tr><td>SI/RSI/APSI/SI(G)</td><td>1</td></tr>
<tr><td>ASI/RASI/APASI/ASI (G)</td><td>1</td></tr>
<tr><td>SCPO/WSCPO/SCPO (G)</td><td>3</td></tr>
<tr><td>CPO/WCPO</td><td>5</td></tr>
<tr><td>TOTAL</td><td>10</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3765

11.11.2019-ൽ മറുപടി
നൽകേണ്ടിയിരുന്നത്.

### കൊല്ലപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ കൊല്ലപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 74 പേരും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 22 പേരും കൊല്ലപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ഈ വിഭാഗങ്ങളിൽപ്പെട്ട എത്രപേരെ കാണാതായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 999 പേരെയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 315 പേരെയും കാണാതായിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

No. 352/LAI/SCRB/2019 (LAI/I1/160980/PHQ/2019)

| District | പട്ടിക ജാതി വിഭാഗത്തിൽ മരണപ്പെട്ടവരുടെ എണ്ണം | പട്ടിക വർഗ്ഗ വിഭാഗത്തിൽ മരണപ്പെട്ടവരുടെ എണ്ണം | പട്ടിക ജാതി വിഭാഗത്തിൽ കാണാതായവരുടെ എണ്ണം | പട്ടിക വർഗ്ഗ വിഭാഗത്തിൽ കാണാതായവരുടെ എണ്ണം |
|---|---|---|---|---|
| TVM C | 4 | 0 | 5 | 0 |
| TVM R | 10 | 0 | 111 | 14 |
| KLM C | 2 | 0 | 71 | 0 |
| KLM R | 5 | 0 | 133 | 12 |
| PTA | 7 | 1 | 36 | 2 |
| ALP | 9 | 0 | 8 | 0 |
| KTM | 5 | 2 | 80 | 10 |
| IDK | 5 | 2 | 96 | 34 |
| EKM C | 2 | 0 | 13 | 0 |
| EKM R | 3 | 0 | 28 | 8 |
| TSR C | 2 | 0 | 37 | 3 |
| TSR R | 9 | 1 | 161 | 6 |
| PKD | 5 | 5 | 96 | 54 |
| MPM | 1 | 0 | 75 | 8 |
| KKD C | 0 | 0 | 7 | 6 |
| KKD R | 2 | 1 | 3 | 0 |
| WYD | 2 | 8 | 15 | 97 |
| KNR | 1 | 1 | 10 | 24 |
| KSD | 0 | 1 | 12 | 37 |
| RLYS | 0 | 0 | 2 | 0 |
| Total | 74 | 22 | 999 | 315 |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3766 | 11.11.2019-ൽ മറുപടിക്കുണ്ടായിരുന്നത്

**പെരിയ ഇരട്ടക്കൊലക്കേസിലെ കുറ്റപത്രം തയ്യാറാക്കിയതിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കുറ്റപത്രം കോടതിയിൽ എത്തിയാൽ പ്രതികൾ ഒരിക്കലും ശിക്ഷിക്കപ്പെടുകയില്ല എന്നുള്ളതിനാലാണോ പെരിയ ഇരട്ടക്കൊലക്കേസിലെ കുറ്റപത്രം റദ്ദാക്കപ്പെട്ടത് എന്ന് വ്യക്തമാക്കാമോ; | (എ) അല്ല. |
| (ബി) എന്തൊക്കെ വീഴ്ചകളാണ് കുറ്റപത്രം തയ്യാറാക്കുന്നതിൽ പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടായത്; | (ബി) സർക്കാർ നിലവിൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |
| (സി) ഈ കേസ് സി.ബി.ഐ. യ്ക്ക് വിടുവാനുള്ള ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ തീരുമാനത്തിനെതിരെ ഡിവിഷൻ ബഞ്ചിൽ സർക്കാർ അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) ഇരട്ടക്കൊലപാതകത്തിലെ പ്രതികളെ രക്ഷിക്കുന്ന തരത്തിൽ കുറ്റപത്രം സമർപ്പിക്കുകയും അത് സി.ബി.ഐ. ക്ക് വിട്ട ഹൈക്കോടതി വിധിക്കെതിരെ സർക്കാർ തന്നെ അപ്പീൽ നൽകുകയും ചെയ്തത് നീതീകരിക്കാവുന്ന ഒന്നാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) പ്രതികളെ രക്ഷിക്കുന്ന രീതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. |
| (ഇ) പ്രസ്തുത അപ്പീൽ കേസിലും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള പ്രഗത്ഭരായ അഭിഭാഷകരെ കൊണ്ടുവന്ന് കേസ് വാദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ഇ) മുൻകാലങ്ങളിലേതുപോലെ ഈ അപ്പീൽ കേസിലും പ്രഗത്ഭരായ അഭിഭാഷകരെ കൊണ്ട് വന്ന് കേസ് വാദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

General Administration (Services-A) Department

# KERALA SECRETARIAT SUBORDINATE SERVICE SPECIAL RULES

(INCORPORATING AMENDMENTS AS ON 8-1-1985)

©
Government of Kerala
1985

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1985.

Kerala Gazette No: 27 dated 11th July 1967

PART I

## GOVERNMENT OF KERALA

**Abstract**

PUBLIC SERVICES—THE KERALA SECRETARIAT SUBORDINATE SERVICE—SPECIAL RULES ISSUED

## GENERAL ADMINISTRATION (RULES) DEPARTMENT

**G. O. (P) No. 208** **Dated, Trivandrum, 5th July, 1967.**

## NOTIFICATION

In exercise of the powers conferred by the proviso to Article 309 of the Constitution of India and of all other powers hereunto enabling and in supersession of all the rules and orders on the subject, the Governor of Kerala hereby makes the following Special Rules for the Kerala Secretariat Subordinate Service.

RULES

1. *Definition.*—In these rules, unless the context otherwise requires—

"Department" shall mean a Department of the Secretariat.

*Note:*— "The Governor's Secretariat" shall be deemed to be a Department of the Secretariat.

2. *Constitution.*—The service shall consist of the following categories of Officers, namely:—

**Category*

1. Office Superintendent
2. Cypher Assistant
3. Legal Assistants—Grade I
4. Assistant Cashier
5. Assistants—Senior Grade

5A. Assistants—Grade I

6. Reception Officers
7. Legal Assistants—Grade II
8. Assistants—Grade II
9. Confidential Assistants—Senior Grade

* Amended vide G.O. (P) No 195/74/ PD. dated 24-8-1974

3/339/MC.

*9A Confidential Assistants—Grade I
*10 Confidential Assistants—Grade II
11 Typists—Senior Grade
+11A Typists—Grade I
+12 Typists—Grade II
13 Assistant Tamil Translators
14. Assistant Kannada Translators

3. *Appointing Authority*.—The appointing authority shall be,—

(i) in the case of the Governor's Secretariat, the Secretary to Governor;

(ii) in the case of Law Department, the Secretary to Government, Law Department;

(iii) in the case of Finance Department, the Secretary to Government, Finance Department;

(iv) in the case of other Departments the Secretary to Government in the General Administration Department or any other officer designated as such by the Chief Secretary to Government.

4. *Appointment*.—(a) Appointment to the several categories shall be made as follows:—

| | *Categories* | *Method of appointment* |
|---|---|---|
| ‡ 1 | Office Superintendent | Promotion from categories of non-graduate Assistants (Senior Grade and Grade I), Typists (Senior Grade and Grade I), Confidential Assistants (Grade I) and by appointment from Confidential Assistants (Senior Grade) in the Secretariat<br>OR<br>Promotion from categories of non-graduate Clerks (Senior Grade and Grade I), Typists (Senior Grade and Grade I), |

* Designation of Stenographers (Higher Grade) and (Lower Grade) changed as Confidential Assistants Grade I and Confidential Assistants Grade II. [vide G.O. (P) No. 355/78/GAD. dated 15-7-1978].

+ Designation of Upper Division Typists and Lower Division Typists changed as Typists Grade I and Typists Grade II (vide G.O. Rt. No. 5787/79/GAD. dated 26/9/1979).

‡ Amended vide G.O. (P) No. 195/74/PD. dated 24-8-1974.



| | *Categories* | *Method of appointment* |
|---|---|---|
| | | Confidential Assistants (Grade I) and by appointment from Confidential Assistants (Senior Grade) in the Directorate of Public Relations.<br>OR<br>By appointment from Assistant Superintendents in Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969.<br>*Note*: Promotion shall be made from persons in the feeder categories who have the longest period of service in the Secretariat or in the Directorate of Public Relations in the posts of Assistants/Clerks/Typists/and/or Confidential Assistants retaining the interse-seniority of the persons concerned. |
| 2. | Cypher Assistant | Promotion from the categories of Confidential Assistants or Assistants Grade I. |
| 3. | Legal Assistants Grade I | Promotion from Legal Assistants Grade II |
| 4. | Assistant Cashier | Promotion from Assistants—Grade I, employed in Departments other than Law, Finance and Governor's Secretariat. |
| * 5. | Assistants, Senior Grade | By promotion from Assistants—Grade I in the Secretariat<br>OR<br>By promotion from U.D. Clerks in the Directorate of Public Relations or by appointment from Clerks (Senior Grade) appointed in the Directorate of Public Relations prior to 8-9-1969 and continuing in that post as on 8-9-1969. |

* Added vide G. O. (P) No. 195/74/P.D. Dated 24-8-1974.

| *Categories* | *Method of appointment* |
| --- | --- |
| (a) Assistant Grade I in the Departments other than the Governor's Secretariat | Promotion from Assistants Grade II, or (*) appointment from Grade I Typists and Confidential Assistants of the Secretariat (**) or promotion from Lower Division Clerks in the Directorate of Public Relations |

OR

Appointment from Upper Division Clerks in the Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969.

*Note:*— Grade I Typists and Confidential Assistants of the Secretariat who possess the qualifications prescribed for appointment as Assistants Grade I will be eligible for appointment as Assistants Grade I, in every sixth vacancy. If eligible candidates are not available at the time of occurrence of the vacancy, the vacancies will be filled up by the promotion of Assistants Grade II. The seniority of the Grade I Typists/Confidential Assistants who get appointed as Assistants Grade I will be fixed with reference to the date of order of their appointment as Assistants Grade I as laid down in Rule 27 of Part II of the Kerala State and Subordinate Service Rules. A Grade I Typist/Confidential Assistant will not be eligible for appointment as Assistant Grade I unless he has put in as much service as the seniormost Assistant Grade II awaiting promotion. The appointment of Grade I Typists/Confidential Assistants as Assistants Grade I will be on the basis of total length of service as Typist/Confidential Assistant as the case may be, in the ratio 1:1 between Typists and Confidential Assistants, subject to the condition that a typist with longer service should not be superseded by a Confidential Assistant with less service.

* [illegible] G.O. (P) 310/69/PD. dated 15-10-1969

** [illegible] G.O. (P) No. 195/74/PD. dated 24-8-1974

[illegible] G.O. (P) No. 310/69/PD. dated 15-10-1969



| *Categories* | *Method of appointment* |
| --- | --- |
| (b) Assistants Grade I in the Governor's Secretariat | Promotion from Assistants Grade II in the Governor's Secretariat or appointment from Assistants Grade I of other Departments of the Secretariat. |
| 6. Reception Officers | Appointment from Assistants Grade I/Typists (Grade I) in the Departments other than Law, Finance and Governor's Secretariat |
| 7. Legal Assistants, Grade II | * (i) Direct Recruitment |

OR

(ii) Appointment from Assistant Tamil Translators and Assistant Kannada Translators

OR

(iii) Appointment or promotion from any other category in Kerala Secretariat Subordinate Service

OR

** (iv) Transfer from any category in any Departments under the Government or in the service of the High Court of Kerala.

*Note:*— Fifty per cent of the vacancies shall be filled up by direct recruitment and appointment from Assistant Tamil Translators and Assistant Kannada Translators. The other fifty per cent of the vacancies shall be filled up by the methods specified in items (iii) and (iv) above in the ratio of 3:2.

† The following shall be the rotation by which appointments by the different methods shall be made in a cycle of ten vacancies:—

1st vacancy: By the method specified in item (i) or (ii) of the method of appointment.

2nd vacancy: By the method specified in item (iii) of the method of appointment.

* Amended vide G.O. (P) No. 35/PD. dated 27-1-1969

** Amended vide G.O. (P) No. 145/70/PD. dated 14-5-1970.

† Added vide G.O. (P) No. 161/77/GAD. dated 2-6-1977.

(Cat)egories

*Method of appointment*

3rd vacancy: By the method specified in item (i) or (ii) of the method of appointment.

4th vacancy: By the method specified in item (iii) of the method of appointment.

5th vacancy: By the method specified in item (i) or (ii) of the method of appointment.

6th vacancy: By the method specified in item (iii) of the method of appointment

7th vacancy: By the method specified in item (i) or (ii) of the method of appointment.

8th vacancy: By the method specified in item (iv) of the method of appointment.

9th vacancy: By the method specified in item (i) or (ii) of the method of appointment

10th vacancy: By the method specified in item (iv) of the method of appointment

In the absence of qualified persons for appointment by the method specified in item (iii) of the method of appointment, such vacancies shall be filled up by the method specified in item (iv) of the method of appointment and vice versa. If qualified persons are not available for appointment by the method specified in items (iii) and (iv) of the methods of appointment, such vacancies shall be filled up by direct recruitment.

Assistants Grade II in the Governor's Secretariat — Direct recruitment or appointment from Assistants Grade II of other Departments of the Secretariat or Typists employed in the Governor's Secretariat.



| Categories | Method of appointment |
|---|---|
| (b) Assistants Grade II in Departments other than the Governor's Secretariat | *Direct Recruitment<br>*Note*:— **Typists and Clerks with four years aggregate service under the State Government irrespective of graduation qualification will be allowed to compete in the written test conducted by the Public Service Commission for selection as Assistant Grade II in the Secretariat. The age limit for selection in the case of such persons will be 35 years on the first day of July of the year in which applications for appointment are invited by the Public Service Commission with usual relaxation for Scheduled Castes/Scheduled Tribes and other backward classes. They shall take their chances for appointment purely on the basis of merit and considered against open competition vacancies and not against turns reserved for particular communities. |
| †9. Confidential Assistants—Senior Grade | By promotion from Confidential Assistants Grade I in the Secretariat<br>OR<br>By promotion from Confidential Assistants (Grade I) in the Directorate of Public Relations<br>OR<br>By appointment from Confidential Assistants (Senior Grade) in the Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969. |
| †9A. Confidential Assistants Grade I | By promotion from Confidential Assistants (Grade II) in the Secretariat or by promotion from Confidential Assistants (Grade II) in the Directorate of Public Relations or by appointment from Confidential Assistants (Grade I) in the |

* Amended vide G.O. (P) No. 107/75/PD dated 13-5-1975 and G.O. (P) 253/76/PD dated 31-7-1976 and No. 65825/SE 3/75/PD dated 19-7-1975.

** First sentence of the note amended vide G.O. (P) No.253/76/PD dated 31-7-1976.

† Amended vide G.O. (P) No. 195/74/PD dated 24-8-1974.

*Method of appointment*

Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969.

(i) Direct recruitment, or

(ii) Recruitment by transfer from among Confidential Assistants in the Kerala Ministerial Subordinate Service or Kerala Judicial Ministerial Service, or

(iii) Appointment from among the category of Typists in the Secretariat. Provided that number of vacancies filled up by the method prescribed in item (iii) shall not exceed 50 per cent of the total number of vacancies or *appointment from Confidential Assistants Grade II in the Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969.

By promotion from Typists Grade I in the Secretariat.

OR

By promotion from Typists Grade I in the Directorate of Public Relations or by appointment from Typists Senior Grade in the Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969.

By promotion from Typists Grade II in the Secretariat or by promotion from Typists Grade II in the Directorate of Public Relations

OR

By appointment from Typists Grade I in the Directorate of Public Relations who were appointed prior to 8-9-1969 and continuing in that post as on 8-9-1969.

*Amended vide G.O. (P) No. 195/74/PD. dated 24-8-1974.



| *Categories* | *Method of appointment* |
| --- | --- |
| *12. Typists Grade II | Direct recruitment<br><br>*Note*:—All persons holding low paid posts (included in any of the Subordinate Services under the State Government), whether they possess the minimum general educational qualification of the S.S.L.C. standard or not, and who possess the basic qualification in typewriting prescribed as minimum qualification for appointment as Typist shall be allowed to appear for the annual competitive test conducted by the Public Service Commission for appointment as Lower Division Typist subject to the following conditions, namely:—<br><br>The qualification regarding age under rule 8 shall not apply to them. They shall take their chances strictly on the basis of competition and shall be included by the Commission in the list of approved candidates and allotted for appointment in their turn against vacancies reserved for open competition. The appointment of such persons shall not be counted against turns reserved for particular communities. |
| 13. Assistant Tamil Translators | Direct Recruitment |
| 14. Assistant Kannada Translators | Direct Recruitment |

(b) Notwithstanding anything contained in sub-rule (a) or in rule 9 an Upper Division Clerk or a Lower Division Clerk belonging to the Kerala Ministerial Subordinate Service or the Kerala Judicial Ministerial Service (Approved probationer or full member) may, in special circumstances, be appointed to the category of Assistant Grade I or, as the case may be Assistants Grade II, in the Secretariat for such period as the appointing authority may consider necessary, in consultation with the Commission. A person so appointed shall not, by reason only of such appointment, cease to be a member of the Service from which he was appointed nor shall such appointment confer on him any claim to substantive appointment as Assistant Grade I or Assistant Grade II, in the Secretariat or to appointment thereto in any subsequent acting or temporary vacancy.

**(c) Seniority of persons appointed to various categories of officers specified under rule 4 by promotion or by appointment as on 8-9-1969 from the categories of officers in the Directorate of Public Relations shall be determined on the basis of their regular continuous service in the respective categories without disturbing their interse seniority.

* Amended vide GO. (P) No. 107/75 PD dated 30-5-1975

** Amended vide GO. (P) 195/74/PD dated 24-5-74

5. *Substantive appointment in the Governor's Secretariat.*—No full member or approved probationer transferred to the Governor's Secretariat from any other Department shall be eligible for substantive appointment in the Governor's Secretariat unless and until he has rendered service for a period of not less than six months in that Secretariat.

6. *Reservation of appointments.*—The rule relating to reservation of appointments (Rules 14 to 17 of the General Rules) shall apply to appointments by direct recruitment.

7. *Unit of operation of Rules.*—Subject to the provisions of rule 6, for purpose of appointment to the service, discharge for want of vacancies reappointment of probationers and approved probationers, appointment of full members and promotion, the Departments mentioned below shall be treated as to be separate units.

1. Governor's Secretariat
2. Finance Department
3. Law Department
4. All other Departments taken together

8. *Qualification regarding age.*—No candidate for appointment by direct recruitment to any category mentioned in column (1) of the table below shall be eligible for inclusion of his name in the list of approved candidates, if he has not completed or will not complete 18 years of age or if he has completed or will complete the age specified in the corresponding entry in column (2) thereof on the * 1st January of the year in which applications for appointment are invited.

TABLE

| *Category* | *Age*† |
|---|---|
| Legal Assistants Grade II | 35 years |
| Assistants Grade II | 35 years |
| Confidential Assistants Grade II<br>Typists Grade II<br>Assistant Tamil Translators<br>Assistant Kannada Translators | 35 years |

Provided that in the absence of suitable and qualified candidate within the prescribed age limit for appointment to the posts of Confidential Assistant (Malayalam) and Typists (Malayalam), the age limit may be raised upto [illegible] years.

* Amended vide G.O. (P) No. 12/77/PD. dated 6-1-1977.
† Amendedvide G.O. (MS) No. 401/78/GAD dated 23-8-1978.



9. *Other qualifications.*—No person shall be eligible for appointment to any category or post specified in column (1) of the table below by the method specified against it in column (2) thereof of the Table below unless he possesses the qualifications specified in the corresponding entry in column (3) of the said table.

TABLE

| *Category* | *Method of appointment* | | *Qualification* |
|---|---|---|---|
| (1) | (2) | | (3) |
| ***Category* 2** | | | |
| **Cypher Assistant** | Promotion | General: | Must possess the minimum general educational qualification of the S.S.L.C. standard |
| | | Special: | (i) Experience in the Public (SC) Department or the Secret Sections of the Public or Home Departments for a period of two years.<br>(ii) Must have undergone Cypher Training in the Central Cypher Bureau of the Government of India, Ministry of External Affairs. |
| ***Category* 3*** | | | |
| ***Category* 4** | | | |
| **Assistant Cashier** | Promotion | | Account Test (Higher) |
| | | Note: 1. | In the absence of candidates with Account Test (Higher) qualification persons who have passed Account Test (Lower) may be appointed. |
| | | Note: 2. | A person appointed as Assistant Cashier must deposit a cash security of Rs. 1000. |

* Deleted vide G.O. (P) No. 202/74/PD. dated 26-8-1974

| (1) | (2) | (3) |
|---|---|---|
| [illegible] Assistants [illegible] | Promotion | Account Test (Lower)* |

*Note: 1. For Assistants who have undergone the training in the Secretariat Training School under the scheme introduced in G.O. MS. No. 486/65/PD. dated 24-6-1965, as subsequently clarified, a pass in the subjects specified below in the Test for Assistants Trainees of the Secretariat Training School conducted by the Kerala Public Service Commission shall be treated as equivalent to a pass in Account Test (Lower), namely:—

(i) Kerala Service Rules (with books)

(ii) Kerala Financial Code Vol. I and II and Travancore Cochin Budget Manual (with books)

(iii) Introduction to Indian Audit and Accounts Parts I and III (without books) and the Kerala Account Code Volume I (with books).

(iv) Kerala Treasury Code Volume I and II and Kerala Account Code Volume II (with books).

| | | |
|---|---|---|
| | **Appointment from among Grade I Typists and Confidential Assistants of the Secretariat | (i) The minimum general educational qualification of the SSLC Standard.<br>(ii)** Ten year's service as Typist and/or Confidential Assistant in the Secretariat. |

* Amended with effect from 5-2-1968 vide G.O. Rt. No. 3706/77/GAD dated 6-6-1977, but the Note is effective from 5-7-1967.

** Amended vide G.O. (P) 310/69/PD dated 15-10-1969.



| (1) | (2) | (3) |
|---|---|---|
| | | (iii) Pass in the Special Test conducted by the Public Service Commission.<br>(iv) Account Test (Lower) and Secretariat Manual Test.<br>(*) Provided that Grade I Typists and Confidential Assistants who possess the B.A., B.Sc. or B. Com. Degree of any recognised University or equivalent qualification shall not be required to pass the Special Test conducted by the Public Service Commission. |
| *Category 6* | | |
| **Reception Officers** | Appointment from Assistants Grade I or Typists Grade I in the Secretariat other than Law and Finance Depts. and the Governor's Secretariat | (i) A University Degree.<br>(ii) A good personality. |
| *Category 7* | | |
| **Legal Assistants Grade II** | Direct Recruitment | (i) Degree in Law of any recognised University.<br>(ii) Pass in the Bar Council Examination or enrolment as an Advocate.<br>*Note*: 1 A pass in the Apprentices Examination of the Madras High Court or the possession of the Enrolment Certificate of the Mysore High Court will be considered as equivalent to a pass in the Bar Council Examination. |

• Added vide Notification No. 92015/SC3/69/PD. dated 21-11-1969

| (1) | (2) | (3) |
|---|---|---|
| | | 2 Candidates belonging to the Scheduled Castes or Scheduled Tribes (in the absence of qualified persons from among them) shall not be required to possess the qualification prescribed in (ii) above. |
| | Appointment from Assistant Tamil Translators and Assistant Kannada Translators | Degree in Law of any recognised University. |
| | * Appointment or promotion from any other category in Kerala Secretariat Subordinate Service; OR ** Transfer from any category in any Department under the Government or in the service of the High Court of Kerala. | (i) Degree in Law of any recognised University. (ii) A minimum service of three years (iii) Must be below 35 years of age. |
| *Category 8* | | |
| Assistants Grade II | Direct Recruitment | *** B. A., B.Sc. or B.Com. Degree of any recognised University or equivalent qualification except in the case of persons mentioned in the 'Note' included hereto against category 8 (b) of the table under sub rule (a) of rule 4. |

* Added vide G.O. (P) No. 35/69/PD. dated 27-1-1969.

** Amended vide G.O. (P) 145/70/PD. dated 14-5-1970.

*** Amended vide G.O. (P) No. 107/75/PD. dated 30-5-1975.



| (1) | (2) | (3) |
|---|---|---|
| *Category 10* | | |
| (a) Confidential Assistants English Grade II | Direct recruitment or transfer or appointment from the category of Typists | (i) English School Leaving Certificate or Secondary School Leaving Certificate or any equivalent qualification. (ii) The Lower Grade Certificate in Shorthand and Typewriting KGTE/MGTE or any equivalent qualification. *(iii) Lower Grade Certificate in Malayalam Typewriting KGTE or equivalent qualification. *(iv) Lower Grade Certificate in Malayalam Shorthand KGTE or equivalent qualification †(v) In the case of a typist also pass in the practical test conducted by the Public Service Commission. |
| (b) Confidential Assistants (Malayalam) Grade II | Direct Recruitment or transfer or appointment from the category of Typists | (i) The minimum general educational qualification of the SSLC standard. (ii) Higher Grade Examination in Shorthand (Malayalam) held by the former Travancore-Cochin Government or the Kerala Government or the Madras Government. (iii) Lower Grade Examination in Typewriting (Malayalam) held by the former Travancore-Cochin Government or the Kerala Government or the Madras Government. (iv) Ability to write not less than 80 words a minute in Malayalam Shorthand to the satisfaction of the State Public Service Commission. |

* Added vide G.O. (P) No. 98/79/GAD. dated 8-2-1979. This amendment came into force with effect from 16-1-1977.

† Added vide G.O. (P) No. 155/68/PD. dated 17-5-1968.

| (1) | | (2) | (3) |
|---|---|---|---|
| | | | (v) In the case of a Typist, also pass in the practical test conducted by the Public Service Commission. |
| Category 12 | | | |
| (a) | Typists Grade II (English) | *Direct Recruitment | (i) The minimum general educational qualification of the S. S. L. C standard. |
| | | | (ii) Must have passed the Government Technical Examination in Typewriting by the Higher Grade or any other equivalent qualification |
| | | | †(iii) A pass in Malayalam Typewriting K.G.T.E. (Lower) or any equivalent qualification |
| (b) | Typists Grade II (Malayalam) | *Direct Recruitment | (i) The minimum general educational qualification of the S. S. L. C. Standard. |
| | | | (ii) The Lower grade in Typewriting (Malayalam) KGTE or MGTE. |
| (c) | Typists Grade II (Tamil) | *Direct Recruitment | (i) The minimum general educational qualification of S.S.L.C Standard |
| | | | (ii) Must have passed the Government Technical Examination in Typewriting (Tamil) by the lower grade or any equivalent qualification |
| ‡(d) | Typists Grade II (Kannada) | Direct Recruitment | (i) Pass in S.S.L.C. or its equivalen |
| | | | (ii) Must have passed the Technical Examination in Typewriting (Lower Grade) in Kannada of the Govt. of Karnataka or any equivalent qualification |

*The words "or transfer" deleted—vide G.O. (P) No. 107/75/PD dated 30-5-1975

†Added vide G.O. (P) 182/70/PD. dated 2-6-1970.

‡Added vide G.O. (P) No. 411/79/GAD dated 23-7-1979.



| (1) | (2) | (3) |
|---|---|---|
| **Category 13** | | |
| **Assistant Tamil Translators** | Direct Recruitment | A degree of any recognised University with Tamil as Part II or Part III. |
| **Category 14** | | |
| **Assistant Kannada Translators** | Direct Recruitment | A degree of any recognised University with Kannada as Part II or Part III. |

**10.** ***Probation.***—Every person appointed to a category shall from the date on which he joins duty be on probation—

(i) if he is appointed by direct recruitment or by transfer, for a total period of two years on duty within a continuous period of three years, and

(ii) in other cases, for a total period of one year on duty within a continuous period of two years.

†Provided that every person appointed as Legal Assistants Grade II shall from the date on which he joins duty be on probation for a total period of two years on duty within a continuous period of three years.

11. *Special provision for Budget staff.*—Temporary posts created in the Finance Department in connection with the preparation of the annual budget estimates shall be filled up by the Secretary to Government in that Department by appointing clerks from—

(i) the office of the Accountant General, Kerala or

(ii) any office under the State Government.

Provided that such clerks shall not be regarded as appointed to the service.

†Amended with effect from 10-12-1971 vide G.O. (P) No. 312/75/PD dated 15-12-1975.

12. *Tests.*—*Every person appointed as Legal Assistant Grade II or as Assistant Grade II shall within the prescribed period of probation pass the Secretariat Manual Test.

* *Note*.—For Assistants who have undergone the training in the Secretariat Training School under the scheme introduced in G.O. MS. No.486/65/PD. dated 24-6-1965, as subsequently clarified, a pass in Secretariat Manual, Kerala Service Manual and Miscellaneous papers relating to service matters with books in the Test for Assistants Trainees of the Secretariat Training School conducted by the Kerala Public Service Commission shall be treated as equivalent to a pass in Secretariat Manual Test".

By order of the Governor,

George Thomas,
*Chief Secretary*.

---

*Amended with effect from 5-2-1968 vide G.O. Rt. No. 3[illegible]/77/GAD dated 6-6-1977, but the note is effective from 5-[illegible]

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -5400 18.11.2019-ലെ മറുപടി

## സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോജി എം ജോൺ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സാലറി ഫിക്സേഷൻ നടത്തുന്നതിലെ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സാലറി ഫിക്സേഷൻ നടത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | ഈ തസ്തികയുടെ നിലവിലെ പ്രമോഷൻ തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രമോഷൻ തസ്തിക അറ്റൻഡർ ആണ് |
| (സി) | പ്രസ്തുത തസ്തികയിൽ നിന്നും അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവയിലേക്കുള്ള പ്രമോഷൻ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (സി) | താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് അസിസ്റ്റന്റ് തസ്തികയിലേക്ക് കേഡർ സ്ട്രെങ്ങ്തിന്റെ 4% വും കോൺഫിഡൻഷ്യൽ അസിസ്റ്റന്റെ ഗ്രേഡ് II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേക്ക് 10:1 എന്ന അനുപാതത്തിലും ബൈട്രാൻസ്ഫർ നിയമനം നൽകിവരുന്നു. |
| (ഡി) | സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ബന്ധപ്പെട്ട ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ പി.എസ്.സി മുഖേന അല്ലാതെ നിയമനം ലഭിച്ച ഏതെങ്കിലും വിഭാഗം ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗം ജീവനക്കാരെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിച്ച ജീവനക്കാരും, സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിച്ച ജീവനക്കാരും. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5431

18.11.2019-ൽ മറുപടിക്ക്

### നിയമനങ്ങളിലെ സംവരണം

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ആയിരത്തി തൊള്ളായിരത്തി അമ്പത്തിയേഴ് വരെ വിശ്വകർമ്മജർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ലഭിച്ചിരുന്ന 8.5% ശതമാനം റിസർവേഷനിൽ പ്രസ്തുത വർഷത്തിനു ശേഷം മാറ്റം വരുത്തിയിട്ടുണ്ടോ; ഇപ്പോൾ ലഭിക്കുന്ന 3% സംവരണം എന്നു മുതലാണ് ഈ സമൂഹത്തിന് ലഭിച്ചത്; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 1967-ൽ രൂപീകൃതമായ 'Backward Classes Reservation Commission' (നെട്ടൂർ കമ്മീഷൻ) സർക്കാരിന് സമർപ്പിച്ച ശിപാർശകൾ പരിഗണിക്കുന്ന അവസരത്തിൽ പുറപ്പെടുവിച്ച 13.12.1978-ലെ ഉത്തരവിലാണ് ക്ലാസ് IV, ക്ലാസ് IV ഇതര തസ്തികകളിലെ ഒ.ബി.സി. സംവരണം പുനഃക്രമീകരിച്ചിട്ടുള്ളത്. അതിൻപ്രകാരം വിശ്വകർമ്മജർക്ക് ക്ലാസ് IV തസ്തികകളിൽ 2 ശതമാനവും, ക്ലാസ് IV ഇതര തസ്തികകളിൽ 3 ശതമാനവും സംവരണം ലഭിക്കുന്നുണ്ട്. 20.06.1979 പ്രാബല്യത്തിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്തി 1958-ലെ കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് സംവരണം നിലവിലുണ്ടായിരുന്നോ; ഇപ്പോൾ അത് തുടരുന്നുണ്ടോ; അറിയിക്കാമോ; | (ബി) | 2015 ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ നിലവിൽ വരുന്നതുവരെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ സംവരണം നിലവിൽ ഉണ്ടായിരുന്നില്ല. എന്നാൽ 30.05.2015 ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതുമുതൽ ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ സംവരണം തുടർന്നുവരുന്നു. |
| (സി) | എങ്കിൽ ഓരോ സമുദായത്തിനും എത്ര ശതമാനമാണ് സംവരണം ലഭിച്ചു കൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | പട്ടിക ജാതി - 8%<br>പട്ടിക വർഗ്ഗം - 2%<br>ഈഴവ, തിയ്യ, ബില്ലവ - 14%<br>വിശ്വകർമ്മ - 3%<br>മറ്റ് ഹിന്ദു പിന്നാക്ക സമുദായങ്ങൾ - 3%<br>ധീവരർ - 1%<br>നാടാർ - 1% |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5437 18/11/2019-ൽ മറുപടിക്ക്

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനം

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള:

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി യുടെ തീരുമാനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് ഫിസിക്സ്, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലുമൊന്നിൽ ബിരുദവും ഫിസിക്കൽ സയൻസിൽ ബി.എഡ്. ബിരുദവുമുള്ള യോഗ്യരായ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ പി.എസ്.സി. അയോഗ്യരാക്കുന്ന പ്രവണതക്കെതിരെ സർക്കാർ അടിയന്തരമായി ഇടപെടുമോ:

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനങ്ങളിൽ തീർപ്പ് കൽപിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്.

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ പി.എസ്.സി യുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് മുൻകൈ എടുക്കുമോ;

(എ) യും (ബി) യും (സി) യും (ഡി) യും

കെ ഇ ആർ അധ്യായം XXXI റൂൾ 2 (2) (എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ കോർ വിഷയങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ - ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിയ്ക്ക് ഫിസിക്സ് മെയിൻ സബ്ജക്റ്റിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക് സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദേശം സർക്കാർ നല്കിയിരുന്നില്ലെങ്കിലും ബഹു: KAT ന്റെ O.A No.370/12 മേലുള്ള 19.06.12 ലെ വിധിയെ തുടർന്ന് പി എസ് സി ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ് .സി.ഇ.ആർ.ടി, ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി . ഫിസിക്സ്/കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദ തലത്തിൽ മുഖ്യ വിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ് സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച് എസ് എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിച്ചാൽ മതിയെന്ന് എസ്.സി.ഇ.ആർ.ടി യുടെ കരിക്കുലം സബ് കമ്മിറ്റി ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 06.06.19 ലെ സ.ഉ (കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ് / കെമിസ്ട്രി

ഈ വിഷയത്തിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് പി.എസ്.സി. യുമായി ചർച്ച നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | ഈ വിഷയവുമായി ബന്ധപ്പെട്ട് പി.എസ്.സി സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്തുകയോ സർക്കാരിന്റെ അഭിപ്രായം തേടുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ തങ്ങളുടെ നിലപാട് അറിയിച്ചുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-6-2012 ലെ വിധിന്യായത്തിന്റെ അടിസ്ഥാന ത്തിലാണ് ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയ വും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും പഠിക്കണമെന്നുള്ള യോഗ്യത നിശ്ചയിച്ചതെന്നും, അപ്രകാരം പഠിക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നും, നിരസിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബഹുമാനപെട്ട സുപ്രീം കോടതിയുടെ താൽക്കാലികവിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ നടപടികളിൽ പങ്കെടുപ്പിക്കുന്നതിനും അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്.<br>എന്നാൽ 227/16 ആയി പുറപ്പെടുവിച്ച കമ്മീഷന്റെ വിജ്ഞാപനത്തിൽ ഉദ്യോഗാർ ത്ഥികളുടെ യോഗ്യത സംബന്ധിച്ച് കെമിസ്ട്രി/ഫിസിക്സ് മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും പഠിക്കണമെന്ന് തുറന്നു വ്യക്തമാക്കിയിരുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതുമൂലം രണ്ടു വിഷയവും പഠിക്കാത്ത ഉദ്യോഗാർത്ഥികളെ പി എസ് സി ഒഴിവാക്കിയ നടപടി ശരിയല്ലെന്നുള്ള ഒരു |

മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 06-06-19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ രണ്ടും കൂടി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ ഇ ആർ അധ്യായം XIV എ റൂൾ 43, 51എ, 51ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി.

ഇതിനിടയിൽ ഫിസിക്സും, കെമിസ്ട്രിയും പഠിച്ച് ഫിസിക്കൽ സയൻസിൽ ബി.എഡും നേടിയ നിരവധി ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കവേ, അവരെ പരിഗണിച്ചതിനു ശേഷം മാത്രമേ ഇവ രണ്ടും ഒരുമിച്ച് പഠിക്കാത്തവരെ പരിഗണിക്കാവൂ എന്ന് അപേക്ഷിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് നിരവധി ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ഹർജികളിന്മേൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ച വരികയാണ്. രണ്ടു വിഭാഗക്കാരും അവരുടെ അവകാശം ഉന്നയിച്ച് മുന്നോട്ട് വന്ന സാഹചര്യത്തിൽ

ഈ വിഷയത്തിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് പി.എസ്.സി. യുമായി ചർച്ച നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | ഈ വിഷയവുമായി ബന്ധപ്പെട്ട് പി.എസ്.സി സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്തുകയോ സർക്കാരിന്റെ അഭിപ്രായം തേടുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ തങ്ങളുടെ നിലപാട് അറിയിച്ചുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-6-2012 ലെ വിധിന്യായത്തിന്റെ അടിസ്ഥാന ത്തിലാണ് ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയ വും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും പഠിക്കണമെന്നുള്ള യോഗ്യത നിശ്ചയിച്ചതെന്നും, അപ്രകാരം പഠിക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നും, നിരസിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബഹുമാനപെട്ട സുപ്രീം കോടതിയുടെ താൽക്കാലികവിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ നടപടികളിൽ പങ്കെടുപ്പിക്കുന്നതിനും അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്.<br>എന്നാൽ 227/16 ആയി പുറപ്പെടുവിച്ച കമ്മീഷന്റെ വിജ്ഞാപനത്തിൽ ഉദ്യോഗാർ ത്ഥികളുടെ യോഗ്യത സംബന്ധിച്ച് കെമിസ്ട്രി/ഫിസിക്സ് മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും പഠിക്കണമെന്ന് തുറന്നു വ്യക്തമാക്കിയിരുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതുമൂലം രണ്ടു വിഷയവും പഠിക്കാത്ത ഉദ്യോഗാർത്ഥികളെ പി എസ് സി ഒഴിവാക്കിയ നടപടി ശരിയല്ലെന്നുള്ള ഒരു |

വിഭാഗം ഉദ്യോഗാർഥികളുടെ വാദം നിലനിൽക്കുന്നുണ്ട്. ഇപ്രകാരം 2 തരം ഉദ്യോഗാർത്ഥികളും അവരുടെ വാദം അംഗീകരിച്ച് കിട്ടുന്നതിന് KAT നെ നിരവധി കേസുകളിലൂടെ സമീപിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമായ കേസുകൾ OA No. 1042/19, 1223/19, 1028/19, 1882/19, 1456/19, 1471/19, 1179/19, 1023/19, 880/19 എന്നിവയാണ്. ഇക്കാര്യം കോടതിയുടെ പരിഗണനയിലേക്ക് എത്തിയ സ്ഥിതിക്ക് അന്തിമ ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി യുമായി ബന്ധപ്പെട്ട് പരിശോധിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5470** — 18/11/2019- **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | മുഖ്യമന്ത്രിയുടെ ഓഫീസിൽ 2019 ജനുവരി ഒന്ന് മുതൽ നാളിതുവരെ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ (ഓൺലൈനായും ഓഫ്‌ലൈനായും) എത്രയെന്ന് വ്യക്തമാക്കാമോ; | എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചു കൊണ്ട് ലഭിക്കുന്ന എല്ലാ വ്യക്തിഗത അപേക്ഷകളും കൈകാര്യം ചെയ്യുന്നത് ഓൺലൈൻ സംവിധാനം മുഖാന്തിരമാണ്. 2019 ജനുവരി ഒന്ന് മുതൽ ഇതുവരെ ആകെ 1,55,784 (ഒരു ലക്ഷത്തി അൻപത്തിയയ്യായിരത്തി എഴുന്നൂറ്റി എൺപത്തി നാല് എണ്ണം) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ബി) | ഇങ്ങനെ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) | അർഹത നിർണ്ണയിച്ചശേഷം 1,08,974 (ഒരു ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് എണ്ണം) അപേക്ഷകളിൽ തീർപ്പു കല്പിച്ചിട്ടുണ്ട്. |
| സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യിൽ നിന്ന് അപകടമരണ/ചികിത്സാ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്ന തിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & ഡി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളിൽ കഴിയുന്നത്ര വേഗത്തിൽത്തന്നെ തുക അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നുണ്ട്. അനുവദിക്കുന്ന തുക ഉടൻതന്നെ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് Direct Beneficiary Transfer (DBT) സംവിധാനം മുഖേന നേരിട്ട് ലഭ്യമാക്കുന്നുമുണ്ട് |
| ഡി) | എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5505 | 18.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

### പെരിയ ഇരട്ടക്കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പെരിയ ഇരട്ടക്കൊലപാതകം സി.ബി.ഐ.യ്ക്ക് വിടാനുള്ള ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) ബഹു.കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിയുടെ നിയമവശം വിശദമായി പരിശോധിച്ചതിനുശേഷമാണ് അപ്പീൽ നൽകുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടത്. |
| (ബി) കേസന്വേഷണത്തിൽ എന്തെല്ലാം അപാകതകളാണ് ഹൈക്കോടതി ചൂണ്ടിക്കാട്ടിയത്; ഇതിനെതിരെ എന്തെല്ലാം വാദങ്ങളാണ് സി.ബി.ഐ. അന്വേഷണം ആവശ്യമില്ലായെന്ന അപ്പീലിൽ സർക്കാർ ബോധിപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) കേസിന്റെ അന്വേഷണങ്ങളിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നത്. അതിന്റെ അപാകതകളുണ്ടെന്നാണ് കോടതി ചൂണ്ടിക്കാട്ടിയത്. പ്രസ്തുത അപ്പീൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ വിശദാംശം നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5517** **18.11.2019-ൽ മറുപടിക്ക്**

## യു.എ.പി.എ.

| | ചോദ്യം<br><br>ശ്രീ. എ. പി. അനിൽ കുമാർ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മാവോയിസ്റ്റ് അനുകൂല ലഘുരേഖകൾ കൈവശം വച്ചു എന്നതിന് ഈ മാസം യു.എ.പി.എ. ചുമത്തി എത്ര പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്; | (എ) യും (ബി) യും | രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിരോധിക്കപ്പെട്ട സംഘടനയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നവർക്കെതിരെ, യു.എ.പി.എ. നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നടപടികൾ കൈക്കൊള്ളുവാൻ പര്യാപ്തമായ വസ്തുതകൾ കണ്ടെത്തിയ സാഹചര്യത്തിലാണ് യു.എ.പി.എ. പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്തത് എന്നാണ് പോലീസ് റിപ്പോർട്ട്. |
| (ബി) | ഇപ്രകാരം കസ്റ്റഡിയിലെടുത്തവർ മാവോയിസ്റ്റുകളാണോ; അല്ലെങ്കിൽ ഏത് സംഘടനയിൽപ്പെട്ടവരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്തൊക്കെ തെളിവുകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | യു.എ.പി.എ. നിയമത്തോടുള്ള സർക്കാർ നിലപാട് എന്താണ്; അറിയിക്കുമോ; | (സി) | ഇന്ത്യയിൽ സംഘടനകൾ/വ്യക്തികൾ നിയമവിരുദ്ധപ്രവർത്തനത്തിലേർപ്പെട്ടുന്നത് തടയുക എന്ന ഉദ്ദേശത്തോടെയും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനുമെതിരായ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുക എന്ന ഉദ്ദേശത്തോടെയും കേന്ദ്ര സർക്കാർ തയ്യാറാക്കിയ നിയമമാണ് അൺലോഫുൾ ആക്റ്റിവിറ്റീസ് (പ്രിവെൻഷൻ) ആക്റ്റ് ഈ നിയമം |

| | | | |
|---|---|---|---|
| | | | ദുരുപയോഗം ചെയ്യുന്നതിനെ സർക്കാർ അനുകൂലിക്കുന്നില്ല. |
| (ഡി) | ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേർക്കെതിരെ യു.എ.പി.എ. ചുമത്തി കേസെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | 232 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. യു.എ.പി.എ. നിയമത്തിലെ വകുപ്പ് 45(2) പ്രകാരം രൂപീകരിച്ച കമ്മിറ്റി 2 കേസുകളിൽ നിന്നും യു.എ.പി.എ. ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിന് സമർപ്പിച്ച 15 പ്രൊപ്പോസലുകളിന്മേൽ കേസ് അന്വേഷണത്തിലെ വിവിധ കാരണങ്ങളാൽ പ്രതികൾക്കെതിരെ പ്രോസിക്യൂഷൻ അനുമതി നൽകുവാൻ ശിപാർശ ചെയ്തിട്ടില്ല. |
| (ഇ) | ഇത് പരിശോധിച്ച കമ്മിറ്റി ഇതിലെത്ര കേസുകളിൽ യു.എ.പി.എ.ഒഴിവാക്കി എന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5557 18.11.2019 – ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതരുമായി ബന്ധപ്പെട്ട പഠനത്തിന് വിദേശ ഫണ്ട്

ചോദ്യം
ശ്രീ.എം.സി.കമറുദ്ദീൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത പരിഹാരസെല്ലിന്റെ ചുമതല ഉണ്ടായിരുന്ന ഡോ.മുഹമ്മദ് അഷീലിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ സ്ഥാപനത്തിന്റെ ചുമതലകളാണ് നൽകിയിട്ടുള്ളത്; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ, NIPMR എന്നീ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഉദ്യോഗസ്ഥൻ അമേരിക്കയിലെ ഗ്ലോബൽ ഗ്രീൻ ഗ്രാന്റ്സ് ഫണ്ട് എന്ന സംഘടനയിൽ നിന്ന് ആയിരത്തി ഒരുന്നൂറ്റി അൻപത് ഡോളർ കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാർ അനുമതിയോടെയാണോ; ആണെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും. | ഇത് സംബന്ധിച്ച് എൻഡോസൾഫാൻ കമ്പനികളുടെയും (Pesticide Manufacture and Formulation Association) മറ്റുള്ളവരുടെയും പരാതിയിന്മേൽ 2011 അവസാനത്തിൽ സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ (IB) അന്വേഷണം നടത്തിയിട്ടുണ്ട്.<br>തുടർന്ന് 2016-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ സംരക്ഷണ സമിതിയുടെ പരാതിയിന്മേൽ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷണം നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ അന്വേഷണങ്ങളിൽ ആരോപണത്തിൽ കഴമ്പില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ അനുമതി ലഭിക്കാതെ സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് വിദേശ പണം കൈപ്പറ്റിയ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | എൻഡോസൾഫാൻ ദുരിത ബാധിതരുമായി ബന്ധപ്പെട്ട പഠനം | | |

| | | | |
|---|---|---|---|
| | നടത്തുന്നതിനും വിവരശേഖരണ-ത്തിനുമായി വിദേശ ഫണ്ട് സ്വീകരിക്കാൻ ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | വിദേശഫണ്ട് കൈപ്പറ്റിയതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തി-ലുള്ള അന്വേഷണം നടത്തിയി-ട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി; അന്വേഷണ റിപ്പോർ-ട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.137 03/02/2020 ൽ മറുപടിക്ക്

## ശബരിമല യുവതീ പ്രവേശന വിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ വി.എസ്.ശിവകമാർ | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ അനാവശ്യമായ തിട്ടുക്കം കാണിച്ചതാണ് ശബരിമലയിൽ കഴിഞ്ഞ വർഷമുണ്ടായ പ്രശ്നങ്ങൾക്ക് കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) യും (ബി) യും | ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കുന്നതിനു ഉള്ള ഭരണഘടനാപരമായ ഉത്തരവാദിത്വമാണ് സർക്കാർ നടപ്പിലാക്കിയത്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിലാണോ ഈ വർഷം സർക്കാർ മുൻനിലപാടിൽ നിന്നും പിന്നോട്ട് പോയത്; | | |
| (സി) | സുപ്രീംകോടതി വിധി നടപ്പിലാക്കാനെന്ന പേരിൽ രണ്ട് യുവതികളെ ശബരിമല സന്നിധാനത്ത് എത്തിച്ചതായി പറയപ്പെടുന്ന നടപടി വിശ്വാസ സമൂഹത്തിന് ഉണ്ടാക്കിയ ആശങ്കയും പ്രതിഷേധവും കണക്കിലെടുത്താണോ ഈ വർഷത്തെ മണ്ഡല-മകര വിളക്ക് കാലത്ത് ശബരിമല കയറുവാൻ യുവതികൾക്ക് സംരക്ഷണം നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | യുവതി പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുണ്ടായിരുന്ന പുനഃ പരിശോധന ഹർജികൾ പരിഗണിച്ച് വിശാല ഭരണഘടന ബഞ്ച് ഇപ്പോൾ കേസ് പരിശോധിച്ചു വരുന്ന സാഹചര്യത്തിൽ അന്തിമ വിധിക്കനുസരിച്ച് മാത്രമേ സർക്കാരിന് നടപടികൾ സ്വീകരിക്കാനാവൂ. ക്രമ സമാധാന പാലനത്തിൽ കൈക്കൊണ്ട നടപടികളും, ഭക്തരുടെ സുരക്ഷ മുൻനിറുത്തിയുള്ള ക്രമീകരണങ്ങളും സാധിച്ചത് അതോടൊപ്പം സർക്കാർ ഭക്തർക്കാവശ്യമായ സൗകര്യങ്ങളും മുൻകൂട്ടി ഒരുക്കിയിരുന്നതിലാണ് ഈ വർഷം സുഗമമായ മണ്ഡലകാലം സാധ്യമായത്. |
| (ഡി) | ഇക്കാര്യത്തിലുണ്ടായ പുനർവിചിന്തനം ഈ സീസണിലെ മണ്ഡല-മകര വിളക്ക് മഹോത്സവം കുറ്റമറ്റ രീതിയിൽ ക്രമസമാധാന പ്രശ്നമില്ലാതെ പൂർത്തിയാക്കുവാൻ സഹായകമായി എന്നത് വസ്തുതയല്ലേ, വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരളനിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1309** **06/02/2020-ൽ മറുപടി നൽകേണ്ടത്**

## ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ വകുപ്പായ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾ എല്ലാ വർഷവും ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിലയിരുത്താറുണ്ട്. കൂടാതെ സർക്കാർ തലത്തിലും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത ബോർഡ് സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ശിപാർശകളോ, റിപ്പോർട്ടോ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 27 ഗ്രാമപഞ്ചായത്തുകളിലെ നിലവിലെ ഭൂവിനിയോഗം, പ്രശ്നങ്ങൾ, സാധ്യതകൾ എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്ക് ഏറ്റവും അനുയോജ്യമായതും പരമാവധി ഉത്പാദനവും വരുമാനവും ലഭ്യമാകുന്ന തരത്തിലുള്ളതുമായ ലാൻഡ് യൂസ് ഡിസിഷൻ മോഡലുകൾ തയ്യാറാക്കി അതത് പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം ജില്ലയിലെ 4 മുനിസിപ്പാലിറ്റികൾ, കൊല്ലം നഗരസഭ എന്നിവിടങ്ങളിലെ നിലവിലെ ഭൂവിനിയോഗം, കാർഷിക പശ്ചാത്തലം, അടിസ്ഥാന സൗകര്യങ്ങൾ, പ്രകൃതി വിഭവങ്ങൾ എന്നിവ സർവ്വേ നമ്പർ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ അനുയോജ്യ ഭൂവിനിയോഗ മാതൃകകൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 5 ജില്ലകളുടെ വെബ് അധിഷ്ഠിത ഭൂവിഭവവിവര |

| | | | |
|---|---|---|---|
| | | | സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വെബ് അധിഷ്ഠിത സംസ്ഥാനതല നീർത്തട വിവര സഞ്ചയവും തയ്യാറാക്കിയിട്ടുണ്ട്. വകുപ്പിൽ തയ്യാറാക്കിയതും വിവിധ വകുപ്പുകളിൽ ഭൂവിഭവസംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ അടിസ്ഥാന വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് 14 ജില്ലകളുടെയും ബ്ലോക്ക് തല ഡാറ്റാ ബാങ്കുകളും തിരുവനന്തപുരം ജില്ലയുടെ പഞ്ചായത്ത് തല പ്രകൃതി വിഭവ ഡാറ്റാ ബാങ്കുകളും തയ്യാറാക്കിയിട്ടുണ്ട്.<br>സുസ്ഥിര വികസനത്തിനായുള്ള ആസൂത്രണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും അത്യന്താപേക്ഷിതമായ നീർത്തടാധിഷ്ഠിതമായ കർമ്മപദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുക എന്ന ലക്ഷ്യത്തോടെ പാലക്കാട്, തൃശ്ശൂർ മേഖലകളിൽപ്പെടുന്ന ഗായത്രി, ഭൂത, കരുവന്നൂർ ഉപനദീതടങ്ങളിലുൾപ്പെടുന്ന വിവിധ ചെറുനീർത്തടങ്ങളുടെ പ്രകൃതിവിഭവ പരിപാലന പ്ലാനുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. നെയ്യാർ നദീതടത്തിലെ 3 ചെറുനീർത്തടങ്ങളിൽ പാരിസ്ഥിതിക പുനരുദ്ധാരണത്തിനായി പഠനം നടത്തുകയും മഴ, മണ്ണ്, ഭൂപ്രകൃതി, ഭൂവിനിയോഗം, ചരിവ് എന്നിവ കണക്കിലെടുത്ത് ജി.ഐ.എസ് സംവിധാനത്തിലൂടെ വാർഷിക ശരാശരി മണ്ണൊലിപ്പ് കണക്കാക്കി ഉരുൾപൊട്ടൽ മേഖലകളുടെ തീവ്രത അടിസ്ഥാനപ്പെടുത്തുകയും അവ തരംതിരിച്ച് അനുയോജ്യമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിപാലനമുറകൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയാനന്തരം വകുപ്പിന്റെ മേഖലാ ഓഫീസ് നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ Relevance of Gayathri Subwatershed Plan in Mitigation of Natural Calamities എന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| **(സി)** | ഭൂവിനിയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുയോജ്യമായ നയരൂപീകരണത്തിന് ബോർഡ് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഭൂവിഭവ പരിപാലനവുമായി | **(സി)** | പ്രളയാനന്തര നവകേരള നിർമ്മിതിയിൽ അനുയോജ്യമായ ഭൂവിനിയോഗ നയം രൂപീകരിക്കുന്നതിനായി സർക്കാർ തലത്തിൽ രൂപീകരിച്ചിരിക്കുന്ന സബ് വർക്കിംഗ് കമ്മിറ്റിയിൽ ഭൂവിനിയോഗ കമ്മീഷണർ അംഗമാണ്. |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട ബോധവത്ക്കരണം നടത്തുന്നതിനായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | | വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ പ്രദേശത്തെയും ഭൂവിനിയോഗം, ചരിവ്, ഉന്നതി, ജിയോളജി, ജിയോമോർഫോളജി, നീരൊഴുക്ക് തുടങ്ങി വിവിധ പ്രമേയങ്ങൾ ശാസ്ത്രീയമായി അവലോകനം ചെയ്ത് പ്രദേശത്തിനാവശ്യമായ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളും അനുയോജ്യമായ ഭൂവിനിയോഗവും നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.<br>ഭൂവിഭവ പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ഭൂവിനിയോഗാസൂത്രണവും പ്രാദേശിക വികസനവും എന്ന വിഷയത്തിൽ പത്തനംതിട്ട, കണ്ണൂർ, വയനാട് ജില്ലകളിൽ ഏകദിന സെമിനാറുകളും ഹരിതകേരളമിഷനുമായി സഹകരിച്ച് നീർത്തടാസൂത്രണം സുസ്ഥിര വികസനത്തിന് എന്ന വിഷയത്തിൽ തിരുവനന്തപുരത്തു വെച്ച് ദ്വിദിന സംസ്ഥാനതല സെമിനാറും നവകേരള നിർമ്മിതിയും ഭൂവിനിയോഗാസൂത്രണവും എന്ന വിഷയത്തിൽ ഏകദിന മേഖലാ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.<br>പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ ജില്ലകളിൽ ചിത്രരചനാ മത്സരവും ഉപന്യാസമത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിൽ പങ്കെടുക്കുകയും ഇത് മുഖേന മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ച് ബോധവത്ക്കരണം സൃഷ്ടിക്കുകയും ചെയ്തുവരുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃക പദ്ധതിയായി അംഗീകാരം ലഭിച്ചിട്ടുള്ള ജലസമൃദ്ധി പദ്ധതിയിൽ അവലംബിക്കുന്ന നടപടികൾ ജലസമൃദ്ധി വെബ്സൈറ്റിൽ യഥാസമയം ലഭ്യമാക്കി വരുന്നു. എല്ലാ വർഷവും സർക്കാർ സംഘടിപ്പിക്കുന്ന ഓണം ഘോഷയാത്രയിലും വകുപ്പ് പങ്കെടുക്കുകയും പ്രകൃതി വിഭവ ബോധവത്ക്കരണ ഫ്ലോട്ടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **11.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : T 1899**

### നിക്ഷേപ സംഗമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശനിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി നിക്ഷേപ സംഗമം നടത്തിയിട്ടുണ്ടോ;എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുവാനായി 'അസെൻഡ് 2019' എന്ന പരിപാടി കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ഇതിൽ പ്രചോദനം ഉൾക്കൊണ്ട് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തി. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുകയും, വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്നതുമായിരുന്നു ഇതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം ഇ, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവേദം തുടങ്ങിയ മേഖലകളിൽ ഉൾപ്പെടുന്ന 100 ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ |

| | | | |
|---|---|---|---|
| | | | അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത മേഖലകളിൽപ്പെടുന്ന പ്രോജക്ടുകളിൽ താല്പര്യമുള്ള നിക്ഷേപകർക്ക് ഏതവസരത്തിലും നിക്ഷേപിക്കാവുന്നതാണ്. കാലിക പ്രസക്തിയുള്ള ഒട്ടനവധി നിർദ്ദേശങ്ങളും ഈ സംഗമത്തിലൂടെ ലഭിക്കുകയുണ്ടായി. അസെൻഡ് 2020 ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രോജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവ സംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി. |
| (ബി) | ഇതനുസരിച്ച് എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടിയാണ് വാഗ്ദാനം ലഭിച്ചിട്ടുള്ളത്;വാഗ്ദാനം ലഭിച്ച പദ്ധതികൾ എല്ലാം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) & (സി) | കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താൽപര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെൻറ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെൻറ് അതോറിറ്റി നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചു കഴിഞ്ഞു. |
| (സി) | എവിടെയെല്ലാം ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് എന്നും ഇതിനുവേണ്ടി എത്ര കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് എന്നതിന്റെയും വിശദവിവരം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**

# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1953** — **11/02/2020-ൽ മറുപടിക്ക്**

## ഡിജിറ്റൽ സർവ്വകലാശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, ആന്റണി ജോൺ<br>,, ആർ. രാജേഷ്<br>,, ഐ.ബി. സതീഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വികസിതമായ മാനവശേഷി കണക്കിലെടുത്ത് ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റിത്തീർക്കുന്ന-തിനു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | i. ഐ.ടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നായി സംസ്ഥാനത്തെ മാറ്റുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി പാർക്കുകളിൽ സംരംഭകർക്ക് യാതൊരു തടസ്സവും കൂടാതെ തങ്ങളുടെ വ്യവസായം നടത്തി പോകുന്നതിനാ-വശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.<br><br>ii. ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും 91.5 ലക്ഷം ചതുരശ്ര അടി അധിക സൗകര്യ നിർമ്മാണ |

പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

iii. മാനവശേഷി വികസനത്തിനു ഊന്നൽ നൽകിക്കൊണ്ട് സാമൂഹിക – സാമ്പത്തിക – വൈജ്ഞാനിക വികസനത്തിനായി കേരളത്തിൽ വച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ (ഹാഷ് ഫ്യൂച്ചർ) നടത്തിവരുന്നു.

iv. സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം, എന്നിവയിലൂടെ പുത്തൻ സാങ്കേതിക വിദ്യകളുടെ ഉൽപ്പാദനം, ഉപയോഗം എന്നിവക്കനുയോജ്യമായ മാനവ വിഭവ ശേഷി വികസനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് KASE , IIITM-K, ICFOSS, ASAP, IIMK, ICT ACADEMY തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി കോഴ്സുകൾ നടത്തി വരുന്നുണ്ട്.

v. ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.

vi. ഐ.ടി മേഖലയിലെ കാലിക വളർച്ചയ്ക്കനുസൃതമായി യുവതി യുവാക്കളുടെ തൊഴിൽ പരമായ കഴിവ് വർദ്ധിപ്പിക്കുകയും അത് വഴി ഐ.ടി മേഖലയിൽ കൂടുതൽ തൊഴിൽ

| | | | |
|---|---|---|---|
| | | | അവസരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം കേരള എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>vii. അതിനൂതന ഡിജിറ്റൽ സാങ്കേതിക വിദ്യാ മേഖലകളുടെ വളർച്ച ലക്ഷ്യമിട്ട് IIITM-K-യെ ഒരു അന്താരാഷ്ട്ര ശ്രേണിയിലുള്ള ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റുവാൻ സർക്കാർ തീരുമാനിക്കുകയും ഇതിലേയ്ക്ക് IIITM-K-യെ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആക്കിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുമുണ്ടായി. |
| ബി) | ടെക്നോളജി ഇന്നൊവേഷൻ സോൺ, ടെക്നോസിറ്റി എന്നിവ ഐ.ടി. അടിസ്ഥാന സൗകര്യ വികസനത്തെ എത്രമാത്രം ചലനാത്മകമാക്കിയിട്ടുണ്ട്; സംസ്ഥാനത്ത് സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവകലാശാല വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | ബി) | നോളജ്സിറ്റി പദ്ധതി ഉൾപ്പെട്ടിട്ടുള്ള ടെക്നോസിറ്റി പദ്ധതിയിൽ ഐ.ടി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഇവിടെ സ്പേസ് പാർക്കും അതിനോടനുബന്ധമായി ഡോ.എ.പി.ജെ അബ്ദുൾകാലം സ്പേസ് മ്യൂസിയവും ഉയർന്നു വരുന്നുണ്ട്. വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരുന്നു.<br>സംസ്ഥാനത്ത് സ്ഥാപിക്കുന്ന ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>● ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും, ഗവേഷണവും, ഡിജിറ്റൽ സയൻസ്, ടെക്നോളജീസ്, അനുബന്ധ മേഖലകൾ എന്നിവയുടെ പ്രാഥമിക തലങ്ങൾ കേന്ദ്രീകരിച്ച് തിരുവനന്തപുരത്ത് ഒരു നോൺ-അഫിലിയേറ്റട്ട് യൂണിവേഴ്സിറ്റി സ്ഥാപിക്കുക.<br>● കേരളത്തിൽ ഒരു വിജ്ഞാന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ഗവേഷണം നടത്തുന്നതിനു സഹായിക്കുക.<br>● സർക്കാർ, വ്യവസായം, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് വേണ്ടി ഡിജിറ്റൽ സയൻസസ്, ടെക്നോളജീസ് എന്നിവയുടെ ബെഞ്ച്മാർക്ക് റഫറൽ ഏജൻസിയായി പ്രവർത്തിക്കുന്ന ഒരു അതുല്യ ടെക്നോ-മാനേജ്മെന്റ് സ്ഥാപനമായി ഉയർന്നുവരുക.<br>● അക്കാദമിക്, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുന്നതിന് ശക്തമായ വ്യവസായ-അക്കാദമിക്, അക്കാദമിക്-അക്കാദമിക്, അന്താരാഷ്ട്ര സഹകരണങ്ങൾ എന്നിവ സൃഷ്ടിക്കുക.<br>● ഇന്ത്യയിലെയും വിദേശത്തെയും മറ്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുമായും ഏജൻസികളുമായും സഹകരണ പരിപാടികൾ വളർത്തുന്നതിന് ഫണ്ട് ആകർഷിക്കുക. |
| സി) | ഐ.ടി. മേഖലകളിൽ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ട് അപ്പ് മിഷൻ കൈവരിച്ച നേട്ടം അറിയിക്കാമോ; വിശദ വിവരം വെളിപ്പെടുത്താമോ ? | സി) | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും മേഖലയിൽ സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനം മൂലം സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 370-ൽ നിന്നും 2200 ആയി ഉയർത്തുവാൻ സാധിച്ചു. 30000 അധികം കോടി രൂപയുടെ നിക്ഷേപം സ്റ്റാർട്ടപ്പുകളിൽ ലഭ്യമായിട്ടുണ്ട്. വിവിധ ഗ്രാന്റുകളിലൂടെ 14 കോടിയിലധികം രൂപ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ 7 കോടിയിലധികം രൂപ ലഘുവായ വ്യവസ്ഥകളിൽ സ്റ്റാർട്ടപ്പുകൾക്ക് വായ്പയായി അനുവദിച്ച നൽകിയിട്ടുണ്ട്. സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ ടോപ് പെർഫോർമർ ആയി സ്റ്റാർട്ടപ്പ് ഇന്ത്യയെയും ആഗോള തലത്തിൽ ഒന്നാമത്തെ പബ്ലിക് ബിസിനസ് ആക്സിലേറ്റർ ആയി കേരള സ്റ്റാർട്ടപ്പ് മിഷനെയും തെരഞ്ഞെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .**1964** 11-02-2020 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയം സംബന്ധിച്ച്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കുടുംബാംഗങ്ങൾ എത്ര പേർ; ഓരോവർഷത്തിലും ഓരോരുത്തർക്കും ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയതിന്റെ പട്ടിക മണ്ഡലം തിരിച്ച് പേര് വിവരം സഹിതം ലഭ്യമാക്കുമോ; | എ) & ബി) | നാശനഷ്ടത്തിന്റെ മണ്ഡലം തിരിച്ചുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| ബി) | പ്രസ്തുത കാലയളവിൽ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയെന്നും ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാരത്തുക പേര് വിവരം സഹിതം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ; | | |
| സി) | പ്രളയ സഹായ നിധിയിലേക്ക് ലഭ്യമായ ആകെ തുകയുടെ (പ്രളയം സംഭവിച്ച 2018 മുതൽ 2019 ഡിസംബർ 31 വരെ) വിവരം നൽകുമോ; | സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 27/07/2018 മുതൽ 31/12/2019 വരെ 4728.77 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത തുക നൽകിയത് ആരെല്ലാമെന്നും തുക എത്ര വീതമാണെന്നും പേര്, ലഭ്യമാക്കിയ തുക, തീയതി എന്നീ വിവരങ്ങൾ മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കുമോ? | ഡി) | മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1966 — 11-02-2020 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൃഷി, ഫിഷറീസ് എന്നീ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>&<br>ബി) | 2005-ലെ ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 20, (2) (a) പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർപേഴ്സൺ ചീഫ് സെക്രട്ടറിയും സർക്കാരിന് അനുയോജ്യമെന്ന് തോന്നുന്ന 4 സെക്രട്ടറിമാരുമാണ് ഉൾപ്പെട്ടിട്ടുള്ളത്. എല്ലാ സെക്രട്ടറി മാരേയും പ്രതിനിധാനം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥനാണ് ചീഫ് സെക്രട്ടറി . |
| ബി) | പ്രസ്തുത വകുപ്പ് സെക്രട്ടറിമാരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1984 11.02.2020-ന് മറുപടി നൽകേണ്ടിയിരുന്നത്

### പിൻവലിക്കപ്പെട്ട കേസുകൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസുകളും വിജിലൻസ് കേസുകളും പിൻവലിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1188 ക്രിമിനൽ കേസുകൾ കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. വിജിലൻസ് കേസുകൾ ഒന്നും തന്നെ പിൻവലിച്ചിട്ടില്ല. |
| (ബി) | മന്ത്രിമാർ, എം.എൽ.എ.മാർ, രാഷ്ട്രീയ കക്ഷികളുടെ ജില്ലാ തലം വരെയുള്ള നേതാക്കൾ എന്നിവർ ഉൾപ്പെട്ട വിവിധങ്ങളായ കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ജീവനക്കാർ ഉൾപ്പെട്ട വിജിലൻസ് കേസുകളുടെയും മറ്റും പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിൽ എത്തിയ എത്ര നിർദ്ദേശങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്, എത്ര എണ്ണത്തിൽ അനുമതി നൽകാതിരുന്നിട്ടുണ്ട് എന്നിവയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (സി) & (ഡി) | ജീവനക്കാർ ഉൾപ്പെട്ട 180 വിജിലൻസ് കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. 5 കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നിരസിച്ചിട്ടുണ്ട്. അനുമതി ആവശ്യപ്പെട്ട ഒരു കേസിൽ മറ്റൊരു ഏജൻസി അന്വേഷണം നടത്തുന്നതു കൊണ്ടും, മറ്റു കേസുകളിൽ മതിയായ കാരണങ്ങൾ സഹിതം അംഗീകാരത്തിന് സമർപ്പിക്കാത്തതും മൂലമാണ് പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതില്ല എന്ന തീരുമാനം കൈക്കൊണ്ടത്. |
| (ഡി) | പ്രോസിക്യൂഷൻ അനുമതി നൽകാതിരുന്ന കേസുകൾക്ക് അവ എന്തുകൊണ്ടാണ് നൽകാതിരുന്നത് എന്നതടക്കമുള്ള വിശദാംശം വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ജില്ല | മന്ത്രിമാർ | എം.എൽ.എ.മാർ | രാഷ്ട്രീയ കക്ഷികളുടെ ജില്ലാതലം വരെയുള്ള നേതാക്കൾ |
|---|---|---|---|
| തിരുവനന്തപുരം സിറ്റി | 14 | 8 | 19 |
| തിരുവനന്തപുരം റൂറൽ | 1 | 2 | 2 |
| കൊല്ലം സിറ്റി | 0 | 1 | 17 |
| കൊല്ലം റൂറൽ | 0 | 0 | 1 |
| പത്തനംതിട്ട | 0 | 1 | 4 |
| ആലപ്പുഴ | 0 | 5 | 10 |
| കോട്ടയം | 0 | 0 | 4 |
| ഇടുക്കി | 0 | 1 | 0 |
| എറണാകുളം സിറ്റി | 0 | 1 | 26 |
| എറണാകുളം റൂറൽ | 1 | 10 | 5 |
| തൃശ്ശൂർ സിറ്റി | 2 | 0 | 33 |
| തൃശ്ശൂർ റൂറൽ | 0 | 0 | 2 |
| പാലക്കാട് | 0 | 1 | 5 |
| മലപ്പുറം | 0 | 0 | 2 |
| കോഴിക്കോട് സിറ്റി | 0 | 0 | 1 |
| കോഴിക്കോട് റൂറൽ | 3 | 5 | 2 |
| വയനാട് | 0 | 3 | 10 |
| കണ്ണൂർ | 4 | 12 | 53 |
| കാസറഗോഡ് | 0 | 2 | 2 |
| റെയിൽവേസ് | 0 | 0 | 0 |
| **ആകെ** | **25** | **52** | **198** |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**<u>സിവിൽ പോലീസ് ഓഫീസർ തസ്തിക</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1988.** **11/02/2020-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 657/2017 പ്രകാരം പി.എസ്.സി തയ്യാറാക്കിയ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഓരോ ബറ്റാലിയനിലും, ഇതുവരെ ആകെ എത്ര നിയമനങ്ങൾ നടന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | കാറ്റഗറി നമ്പർ 657/2017 പ്രകാരം പി.എസ്.സി തയ്യാറാക്കിയ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഓരോ ബറ്റാലിയനുകളിലും നിന്നും അഡ്വൈസ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു. |

| യൂണിറ്റ് | അഡ്വൈസ് ചെയ്തവരുടെ എണ്ണം |
|---|---|
| എം.എസ്.പി. | 562 |
| എസ്.എ.പി | 700 |
| കെ.എ.പി 1 | 64 |
| കെ.എ.പി 2 | 677 |
| കെ.എ.പി 3 | 571 |
| കെ.എ.പി 4 | 397 |
| **ആകെ** | **2971** |

| | | | |
|---|---|---|---|
| (ബി) | കെ.എ.പി.1 ബറ്റാലിയൻ റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും എത്ര ഒഴിവുകളാണ് ഇതിനകം നികത്തിയതെന്നും പ്രസ്തുത ബറ്റാലിയനിൽ നിയമനം വൈകുന്നത് ഏത് | (ബി) | കെ.എ.പി.1 ബറ്റാലിയൻ റാങ്ക് ലിസ്റ്റിൽ 1254 ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 64 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്. 317 ഒഴിവുകൾ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | സാഹചര്യത്തിലാണെന്നും അറിയിക്കാമോ; | | ചെയ്തിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽ പുതുതായി രണ്ടായിരം തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ സുരക്ഷ ആവശ്യപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്നതിനനുസരിച്ച് രണ്ട് ഘട്ടങ്ങളിലായി 2000 തസ്തികകൾ സൃഷ്ടിക്കുന്നതാണെന്ന് 09.01.2020 തീയതിയിലെ ജി.ഒ (എം.എസ്) നം.07/20/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട് |
| (ഡി) | നാളിതുവരെ എസ്.ഐ.എസ്.എഫ്-ൽ നിയമനം നടത്തിയിരുന്നത് പോലീസ് സേനയിൽ നിന്നും ആയിരുന്നോ എന്നറിയിക്കുമോ; | (ഡി) | ആംഡ് പോലീസ് ബറ്റാലിയനുകളിൽ നിന്നാണ് സേനാംഗങ്ങളെ എസ്.ഐ.എസ്.എഫ്-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ നിയമിച്ച് വരുന്നത്. |
| (ഇ) | എസ്.ഐ.എസ്.എഫ് ലേയ്ക്ക് പ്രത്യേക സേനയെ റിക്രൂട്ട് ചെയ്യുന്നതിന് പകരം നിലവിലുള്ള സേനയിൽ നിന്നും നിയമനം നൽകി അതിലൂടെ നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭ്യമാക്കുന്നതിന് അവസരം ഉണ്ടാക്കുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. എന്നാൽ എസ്.ഐ.എസ്.എഫിലേക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടതുവഴി വന്ന പോലീസിലെ ഒഴിവുകൾ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നികത്തുന്നത്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2038 11.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>സോഷ്യൽ മീഡിയയിലെ വിവാദ പരാമർശം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) അയോധ്യ വിധിയുടെ പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയയിൽ അടക്കം സംഘർഷപരമായ പരാമർശങ്ങൾ പാടില്ലായെന്ന് മുഖ്യമന്ത്രി നിഷ്കർഷിച്ചിരുന്നോ; | (എ) യും (ബി) യും (സി) യും സംഘർഷപരമായ പരാമർശങ്ങൾ ഉൾപ്പെടുത്തി ഏതെങ്കിലും എം.എൽ.എ ഫെയ്സ് ബുക്ക് പോസ്റ്റ് ഇട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ഒരു എം.എൽ.എ. ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) വിവാദ പോസ്റ്റിട്ട എം.എൽ.എ.ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഇക്കാര്യത്തിൽ ഗവർണർ സർക്കാരിന്റെ വിശദീകരണം ആരാഞ്ഞിരുന്നോ? | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പതിനാർപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3 — 02.03.2020 ൽ മറുപടിക്ക്

## ദേശീയ ജനസംഖ്യാ-പൗരത്വ രജിസ്റ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.)സെൻസസിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ; സെൻസസ്, എൻ.പി.ആർ. എന്നിവ ഏതെല്ലാം കാരണങ്ങളാലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ; | (എ) അല്ല. ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്-2021)ഉം ദേശീയ ജനസംഖ്യാ പട്ടിക (എൻ.പി.ആർ) പുതുക്കലും രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. 1948 ലെ സെൻസസ് ആക്ടിലേയും 1990 ലെ സെൻസസ് റൂളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ് നിലവിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്. 1872 മുതൽ 10 വർഷത്തിലൊരിക്കൽ മുടങ്ങാതെ സെൻസസ് പ്രക്രിയ നടന്നുവരുന്നു. രാജ്യത്തെ 16-ാമത്തെയും സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള 8-ാമത്തെയും ജനസംഖ്യാ കണക്കെടുപ്പാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. ജനസംഖ്യാ കണക്കെടുപ്പ് 10 വർഷത്തിലൊരിക്കൽ നടക്കുന്ന രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവര ശേഖരണമാണ്. 1872 മുതൽ ഓരോ 10 വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും, നയ രൂപീകരണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താപേക്ഷിതമാണ്. ദേശീയ |

അന്തർദേശീയ ഏജൻസികളും ഗവേഷകരും ബിസിനസ്സുകാരും, ശാസ്ത്രജ്ഞരും, വ്യവസായികളും മറ്റുമടങ്ങുന്ന വിദഗ്ദ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി ഇടപ്പെടുന്നത്. വിവിധ നിയമനിർമ്മാണ സഭകളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേക്കുള്ള സംവരണം അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങളുടെയും രാജ്യത്തിന്റെയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. ആയതിനാൽ ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് ഏതൊരു സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും പൗരന്റേയും കടമയാണ്. രാജ്യത്താകമാനം ഒരേ സമയം നടത്തുന്ന സെൻസസ് നടപടിക്രമങ്ങൾ സംസ്ഥാനത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നത് പ്രായോഗികമാകില്ല. രാജ്യത്തിലെ പൗരൻമാരുടെ രജിസ്റ്റർ (എൻ.ആർ.സി.) തയ്യാറാക്കുന്നതിനു പൗരന്മാർക്ക് നാഷണൽ ഐഡന്റിറ്റി കാർഡ് ലഭ്യമാക്കുക എന്നത് ലക്ഷ്യമിട്ട് 1955 ലെ പൗരത്വനിയമത്തിന് കീഴിൽ 2003 ൽ പുറപ്പെടുവിച്ച സിറ്റിസൺഷിപ്പ് (രജിസ്ട്രേഷൻ ഓഫ് സിറ്റിസൺസ് ആന്റ് ഇഷ്യൂ ഓഫ് നാഷണൽ ഐഡന്റിറ്റി കാർഡ്സ്) റൂൾസിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്ത് ദേശീയ

| | | | |
|---|---|---|---|
| | | | ജനസംഖ്യാ പട്ടിക (എൻ.പി.ആർ.) നടപ്പിലാക്കുന്നത്. 2010 ൽ ആദ്യമായി നടപ്പിലാക്കിയ എൻ.പി.ആർ 2015 ൽ പുതുക്കുകയും ചെയ്തിരിക്കുന്നു. ഇത്തവണ ആദ്യഘട്ട സെൻസസ് പ്രവർത്തനങ്ങളോടൊപ്പം എൻ.പി.ആർ. പുതുക്കൽ നടപടി കൂടി നടത്തുവാൻ തീരുമാനിച്ചു എന്നതൊഴിച്ചാൽ ജനസംഖ്യാ കണക്കെടുപ്പിന്റേയും എൻ.പി.ആർ. പട്ടിക പുതുക്കലിന്റേയും വിവരശേഖരണത്തിന്റെ ഉദ്ദേശവും ലക്ഷ്യവും തികച്ചും വേറെ വേറെയാണ്. ഇവയ്ക്ക് വെവ്വേറ ചോദ്യാവലികളുമാണ്. സെൻസസ് പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ തന്നെ എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. |
| (ബി) | ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) തയ്യാറാക്കുന്നതിനുള്ള ചോദ്യങ്ങൾ 2021-ലെ സെൻസസിൽ ഉൾപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ജനസംഖ്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്ന് വന്നിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല. |
| (ഡി) | ദേശീയ പൗരത്വ രജിസ്റ്റർ (എൻ.ആർ.സി.) നടപ്പാക്കാൻ കേന്ദ്രം തീരുമാനിച്ചാൽ, സംസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ദേശീയ പൗരത്വ രജിസ്റ്ററിലേക്ക് (എൻ.ആർ.സി.) നയിക്കപ്പെടുന്ന പ്രക്രിയയായതിനാൽ തന്നെ ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) നടപടികളുമായി സംസ്ഥാന സർക്കാർ സഹകരിക്കില്ലെന്ന് ഇതിനകം തന്നെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ആയത് നടപ്പാക്കാതിരിക്കുന്നതിന് സംസ്ഥാനത്തിന് സ്വാതന്ത്ര്യമുണ്ടോയെന്ന് ഭരണഘടനാ വ്യവസ്ഥകൾ സഹിതം വിശദമാക്കാമോ? | (ഇ) | സംസ്ഥാന സർക്കാർ മുഖേന സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോട് കൂടിയാണ് സെൻസസ്, എൻ.പി.ആർ., എൻ.ആർ.സി., തുടങ്ങിയ നടപടികൾ കേന്ദ്ര സർക്കാർ |

നടപ്പാക്കേണ്ടത്. പൗരത്വ ഭേദഗതി നിയമം (CAA) 2019 നെ തുടർന്ന് ജനങ്ങൾക്കിടയിൽ വിശിഷ്യാ ന്യൂനപക്ഷ വിഭാഗങ്ങൾ ക്കിടയിലുണ്ടായിട്ടുള്ള ആശങ്ക സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. എൻ.ആർ.സി. നടപ്പിലാക്കിയ സംസ്ഥാനത്തിന്റെ അനുഭവം ഇതിന് അടിസ്ഥാനമാണ്. ജനങ്ങളുടെ ആശങ്ക അകറ്റുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കർത്തവ്യങ്ങളിലൊന്നാണ്. ആയതിനാൽ എൻ.ആർ.സി.യിലേക്ക് നയിക്കുന്ന എൻ.പി.ആർ.മായി സഹകരിക്കാതിരിക്കുന്നതിനോ ഏറ്റെടുത്ത് നടത്താതിരിക്കുന്നതിനോ സംസ്ഥാന സർക്കാരിന് തീരുമാനമെടുക്കുന്നതിന് തടസ്സമില്ല.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8 02.03.2020 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിൽ കേന്ദ്ര അവഗണന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, കെ. രാജൻ<br>,, മുഹമ്മദ് മുഹസിൻ പി. | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2020-ലെ ബജറ്റിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ റയിൽവേ വികസനത്തോട് നിഷേധാത്മക സമീപനമായിരുന്നോ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം, എന്നിവയ്ക്ക് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇതിനോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം അനുവർത്തിച്ചിട്ടുള്ളത്.<br>സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി-ശബരി-ശബരി, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. |
| (ബി) | അങ്കമാലി - എരുമേലി ശബരിപാത, ഗുരുവായൂർ - തിരുനാവായ പാത, അമ്പലപ്പുഴ - എറണാകുളം പാത ഇരട്ടിപ്പിക്കൽ എന്നിവയ്ക്ക് വെറും ആയിരം രൂപ മാത്രം വകയിരുത്തിയിരിക്കുന്നത് സംസ്ഥാനത്തോടുള്ള തികഞ്ഞ അവഹേളനമായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി രൂപ നീക്കിവച്ചെങ്കിലും അതിൽ അഞ്ച് കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ കഴിയൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ പാത ഇരട്ടിപ്പിക്കലിന് നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിന് തന്നെ ഇരുന്നൂറ് കോടിയിലധികം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഈ തുക | | |

| | | | |
|---|---|---|---|
| ^ | അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | ഇതിൽ തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ, (ഇ.ബി.ആർ ഐ.എഫ്) ഇനത്തിലും 5 കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപ്പിറ്റൽ ഇനത്തിലെ 5 കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.<br>എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.<br>സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ പദ്ധതികൾക്കായി സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന വിഹിതം അടിയന്തിരമായി അനുവദിക്കണമെന്നും ബഹു. മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | നേമം, കൊച്ചുവേളി കോച്ച് ടെർമിനൽ, കൊല്ലം മെമുഷെഡ്ഡ്, എൽ. എച്ച്. ബി. കോച്ച് ഹാൻഡ്ലിങ് സംവിധാനം, എറണാകുളം മാർഷലിംഗ് യാർഡ് വികസനം, എറണാകുളം-ഷൊർണ്ണൂർ മൂന്നാംപാത തുടങ്ങി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾക്ക് പണം അനുവദിക്കാത്ത കേന്ദ്ര അവഗണന കേരള സർക്കാരിനോടുള്ള രാഷ്ട്രീയ പകപോക്കലാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.28** **02/03/2020-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ ശക്തീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.**<br><br>1. ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. - യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കുള്ളിൽ നിന്നു കൊണ്ട് ഇക്കോ ടൂറിസം പരിപോഷിപ്പിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി 296 ലക്ഷം രൂപയുടെ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പ് വഴി അനുവദിച്ചു<br><br>2. വിപുലീകരിച്ച ടിഷ്യൂകൾച്ചർ ലബോറട്ടറി സ്ഥാപനത്തിന്റെ സബ്സെന്ററായ കുഴരിൽ പ്രവർത്തനമാരംഭിച്ചു.<br><br>3. ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി MoEF, DBT, UNDP, KSBB എന്നീ ഫണ്ടിംഗ് ഏജൻസികളിൽ സമർപ്പിച്ച വിവിധ ഗവേഷണ പദ്ധതികൾ അതിന്റെ അവസാന ലെവൽ പരിഗണനയിലാണ്.<br><br>**കേരള വനഗവേഷണ സ്ഥാപനം:-**<br><br>ശാസ്ത്ര സാങ്കേതിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾക്കുള്ള പ്രാധാന്യം പരിഗണിച്ച് ബഹുമാന്യ കേരള മുഖ്യമന്ത്രിയുടെ അതീവ പ്രയോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കേരള വനഗവേഷണ സ്ഥാപനത്തിൽ 08/11/2018-ൽ ആരംഭിച്ച സംരംഭമാണ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം.- കേരള മണ്ണിലെ ധാതുക്കൾ, കീടനാശിനി സാന്നിധ്യം, സസ്യങ്ങളിൽ നിന്നുള്ള ജൈവ തന്മാത്രകൾ, |

ജലത്തിന്റെ ഗുണനിലവാരം തുടങ്ങി വിവിധ സൂചകങ്ങളുടെ സൂക്ഷ്മ വിശകലനം കൃത്യതയോടെ സാധ്യമാക്കുന്ന ഉപകരണങ്ങളാണ് ഈ കേന്ദ്രത്തിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിനു പുറമെ അധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് വിവിധ പരിശോധന വിശകലന സമ്പ്രദായങ്ങളിൽ നൈപുണ്യം വളർത്തുവാനുള്ള പരിശീലന പദ്ധതികൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കുക, ഈ വിഷയത്തിൽ ആവശ്യമായ കൈപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നീ അനുബന്ധ പ്രവർത്തനങ്ങളും കേന്ദ്ര സ്ഥാപക ഉദ്ദേശങ്ങളിൽ ഉൾപ്പെടുന്നു.

**<u>മലബാർ ബൊട്ടാണിക്കൽ ഗാർഡൻ & ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ്:-</u>**

ഗവേഷണ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും, പശ്ചാത്തല വികസന സൗകര്യങ്ങൾ ഒരുക്കി, ശാസ്ത്ര വിഷയങ്ങളിൽ താൽപ്പര്യം ജനിപ്പിക്കാനുതകുന്ന ശാസ്ത്ര സമീക്ഷ പോലെയുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി.

**<u>ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ വികസന കേന്ദ്രം (നാറ്റ്പാക്):-</u>**

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം, സംസ്ഥാന ശാസ്ത്ര സാങ്കേതിക നയപ്രകാരമുള്ള വിവിധ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ഥാപനത്തിന്റെ ഗവേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി ഗ്രാന്റ് ലഭ്യമാക്കി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിച്ച് വരുന്നു.

**<u>ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്:-</u>**

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിന്റെ ഭാവി വികസനത്തിനായി ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞന്മാരുൾപ്പെടുന്ന റിവ്യൂ കമ്മിറ്റി തയ്യാറാക്കിയ റോഡ് മാപ്പ്

| | | | |
|---|---|---|---|
| | | | പരിഗണിക്കുന്നതിനായി കൗൺസിലിന്റെ 50-ാം മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഒരു ഉപസമിതി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു.<br><br>**<u>കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്:-</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതുതായി മാത്തമാറ്റിക്സിൽ Integrated MSc-PhD കോഴ്സ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**<u>ജലവിഭവ വികസന വിനിയോഗ കേന്ദ്രം:-</u>**<br>ജല വിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ 14 ശാസ്ത്രജ്ഞരെയും, 3 ടെക്നിക്കൽ ജീവനക്കാരെയും 5 അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരെയും മാനവ വിഭവ ശേഷി വികസിപ്പിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ ബാച്ചിലേഴ്സ് ഹോസ്റ്റൽ നിർമ്മിക്കുകയും സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ശാസ്ത്ര സാങ്കേതിക മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്; 2019 ഫെബ്രുവരി 9 ന് തിരുവനന്തപുരത്തെ തോന്നയ്ക്കലിലുള്ള ലൈഫ് സയൻസ് പാർക്കിൽ ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രീഫാബ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായും സ്ഥാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 99

02.03.2020 ൽ മറുപടിക്ക്

## പൗരത്വനിയമവുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങളുടെ പേരിലുള്ള കേസുകൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ജനസംഖ്യ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് 22/01/2020 ലെ SS1/57/LGS/പൊതുഭരണ വകുപ്പ് നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിനയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) | മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | പൗരത്വനിയമവുമായി ബന്ധപ്പെട്ട് നടന്ന സമാധാനപരമായ പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്ത നിരവധി പേരുടെ പേരിൽ സംസ്ഥാന പോലീസ് കേസ് എടുത്തിട്ടുള്ളത് ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ; | (ബി) & (സി) | പൗരത്വനിയമവുമായി ബന്ധപ്പെട്ട് സമാധാനപരമായി പ്രതിഷേധിച്ചവർ ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രതിഷേധപ്രകടനങ്ങളുടെ ഭാഗമായി നടന്ന നിയമ ലംഘനങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | നിരപരാധികളുടെ പേരിൽ കേസുകൾ എടുത്തിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | പൗരത്വ നിയമവുമായി ബന്ധപ്പെട്ട് എത്ര മലയാളികളുടെ പേരിൽ മറ്റു സംസ്ഥാനങ്ങളിൽ കേസുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) & (ഇ) | മറ്റ് സംസ്ഥാനങ്ങളിൽ എടുത്ത കേസുകൾ സംബന്ധിച്ച് സർക്കാരിൽ വിവരം ലഭ്യമല്ല. എന്നാൽ പൗരത്വ നിയമ ഭേദഗതിക്കെതിരെ കർണാടക സംസ്ഥാനത്തെ മംഗലാപുരത്ത് 19.12.2019 ൽ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ടുണ്ടായ ക്രമസമാധാന പ്രശ്നങ്ങളും തുടർന്നുണ്ടായ പോലീസ് വെടിവയ്പ്പുമായി ബന്ധപ്പെട്ട് മംഗലാപുരം സിറ്റി നോർത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം.133/2019 നമ്പർ കേസിന്റെ അന്വേഷണ |
| (ഇ) | മറ്റു സംസ്ഥാനങ്ങളിൽ അനാവശ്യമായി എടുത്ത കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥന് മുമ്പാകെ നേരിട്ട് ഹാജരാകണമെന്നും ഹാജരാകാത്തപക്ഷം തുടർ നിയമനടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് കാസറഗോഡ് ജില്ലയിലെ 400 ഓളം പേർക്ക് ക്രിമിനൽ നടപടിക്രമം 41(A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ നോട്ടീസ് ലഭിച്ച 35 പേരെ കാസറഗോഡ് ജില്ലാ പോലീസ് ഉദ്യോഗസ്ഥർ നേരിൽ കണ്ട് അന്വേഷണം നടത്തിയതിൽ ഇവരെല്ലാവരും ഒരേ സമുദായത്തിൽപ്പെട്ടവരും സ്ത്രീകൾ ഉൾപ്പെടെയുള്ളവരുമാണെന്നും സ്വകാര്യ ആവശ്യങ്ങൾക്കായി 19.12.2019 ൽ മംഗലാപുരത്ത് പോയവരാണെന്നും അറിയുന്നു. പ്രസ്തുത കേസ് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുന്നതിനായി കാസറഗോഡ് ജില്ലാ പോലീസ് മേധാവി മംഗലാപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നോട്ടീസ് ലഭിച്ച സംഭവവുമായി ബന്ധപ്പെട്ട് കേരളാ സംസ്ഥാന പോലീസ് മേധാവി കർണാടക സംസ്ഥാന പോലീസ് മേധാവിയുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 118**

**02.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പോലീസ് യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ

**ചോദ്യം**

ശ്രീ. പി.ടി. തോമസ്

എ) പോലീസ് സേനയുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി യൂണിഫോമിൽ ഘടിപ്പിക്കാവുന്ന ക്യാമറകൾ വാങ്ങിയിരുന്നോ;

ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര ക്യാമറകൾ വാങ്ങിയെന്നും ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ;

സി) ഇതിനായി ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ;

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) യും ബി) യും സി) യും

3 ഘട്ടങ്ങളിലായി ക്യാമറകൾ വാങ്ങിയിട്ടുണ്ട്.

| | ഘട്ടം 1 (50 എണ്ണം) | ഘട്ടം 2 (130 എണ്ണം) | ഘട്ടം 3 (130 എണ്ണം) |
|---|---|---|---|
| കമ്പനി | ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിങ് കൺസൽട്ടന്റ് ഇന്ത്യാ ലിമിറ്റഡ്, ന്യൂ ഡൽഹി | ആര്യാ കമ്മ്യൂണിക്കേഷൻസ് & ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ് | |

ഘട്ടം 2 ലും ഘട്ടം മൂന്നിലും ടെൻഡർ ക്ഷണിച്ചിരുന്നു. ഘട്ടം 2 ൽ ഡിവൈൻ നെറ്റ് വർക്സ്, തിരുവനന്തപുരം, ടെക്ക് മൂവേഴ്സ് സിസ്റ്റംസ്, ഇന്ത്യാ ലിമിറ്റഡ്, മുംബൈ, ആര്യാ കമ്മ്യൂണിക്കേഷൻഷസ് & ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ്, ഇന്റഗ്ര ഡിസൈൻ, ന്യൂഡൽഹി, കെൽട്രോൺ, തിരുവനന്തപുരം.

ഘട്ടം 3 ൽ ടെക്ക് മൂവേഴ്സ് സിസ്റ്റംസ് ഇന്ത്യാ ലിമിറ്റഡ് , മുംബൈ., ആര്യാ കമ്മ്യൂണിക്കേഷൻഷസ് & ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ്, സയന്റിഫിക് ഇന്റർനാഷണൽ, കണ്ണൂർ, അനലോഗ് & ഡിജിറ്റൽ ലാബ്സ്, കോയമ്പത്തൂർ എന്നീ കമ്പനികൾ പങ്കെടുത്തു.

| | | |
|---|---|---|
| ഡി) | ടെൻഡർ വിളിച്ചിട്ടില്ലായെങ്കിൽ അതിനുള്ള പ്രത്യേക അടിയന്തര സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | ഡി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മുഖേന നൽകിയ ഓർഡർ അനുസരിച്ച് വിതരണം ചെയ്ത ഉപകരണങ്ങളും പിന്നീട് ഇ-ടെൻഡർ മുഖേന വന്ന 13 കമ്പനികൾ പരിശോധനയ്ക്കായി സമർപ്പിച്ച ഉപകരണങ്ങളും മതിയായ സവിശേഷതകൾ പുലർത്താത്തതിനാൽ സാങ്കേതിക സമിതി നിരാകരിച്ചു. തുടർന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഒരു മിനി രത്ന കമ്പനിയായ ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിങ് കൺസൽട്ടന്റ് ഇന്ത്യാ ലിമിറ്റഡ് , ന്യൂ ഡൽഹി മുഖേനയാണ് ഉപകരണങ്ങൾ വാങ്ങിച്ചത്. |
| ഇ) | പ്രസ്തുത ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണോ; എങ്കിൽ എത്രയെണ്ണം പ്രവർത്തനക്ഷമ മാണെന്ന് അറിയിക്കാമോ; | ഇ) 296 ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണ്. |
| എഫ്) | ക്യാമറകൾ വാറണ്ടി ഉള്ളവ യാണോ; എങ്കിൽ കേടായ ക്യാമറകളിൽ എത്രയെണ്ണം ഇതിനകം മാറ്റി നൽകിയെന്ന് വെളിപ്പെടുത്താമോ? | എഫ്) വാറണ്ടി ഉള്ളവയാണ്. 14 ക്യാമറകൾ നിലവിൽ പ്രവർത്തനരഹിതമാണ്. ഇവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരളനിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 119 | 02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തിയ വാങ്ങലുകളും നിർമ്മാണ പ്രവർത്തനങ്ങളും**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തിയ വാങ്ങലുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ)<br>യും<br>(ബി) | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ടെണ്ടറില്ലാതെ യാതൊരുവിധ വാങ്ങലുകളും നടത്തിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ പി ഡബ്ല്യു ഡി മുഖാന്തിരമാണ് നടത്തുന്നത്.വാർഷിക പരിപാലന കരാറിലുള്ള അനാലിസിസ് ഉപകരണങ്ങളുടെ സ്പെയർപാർട്ടുകൾ പ്രൊപ്രൈറ്ററി വിഭാഗത്തിലുള്ളവയായതിനാൽ സ്റ്റോർ പർച്ചേസ് റൂൾ 7(20) അനുസരിച്ച സിംഗിൾ ക്വട്ടേഷൻ മുഖേന അതത് അനാലിസിസ് ഉപകരണങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും നേരിട്ട് മാത്രമാണ് വാങ്ങുന്നത്.<br>ഈ സർക്കാർ കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ ടെൻഡറില്ലാതെ യാതൊരുവിധ വാങ്ങലുകളും നടത്തിയിട്ടില്ല. ഈ വകുപ്പിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ്/ സർക്കാർ അംഗീകൃത ഏജൻസി എന്നിവ മുഖാന്തിരമാണ് നടത്തി വരുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള ഏജൻസികളുമായി ബന്ധപ്പെട്ടതിൽ നിയമാനുസൃത ടെൻഡർ നടപടികൾ പൂർത്തീകരിച്ചതിന് ശേഷമാണ് ഇവ നടപ്പിലാക്കിയിട്ടുള്ളത്.<br>പോലീസ് വകുപ്പിൽ ടെൻഡറില്ലാതെ 2 ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ MoPF 2016 - 2017 പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾ കൊണ്ട് ഇവ വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ പ്രസിദ്ധീകരിക്കുന്നത് സ്വീകാര്യമല്ലാത്തതുകൊണ്ടും ഇവ GeM പോർട്ടലിൽ ലഭ്യമല്ലാത്തതിനാലുമാണ് ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഓപ്പൺ ടെൻഡറിലൂടെ വാങ്ങാതിരുന്നത്.ഈ നടപടി 05/01/2019 -ലെ |
| (ബി) | ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തുന്ന പർച്ചേസുകൾ ഏത് വ്യവസ്ഥ പ്രകാരമാണ് സാധൂകരിക്കുന്നത് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് (സാധാ) നം.43/2019/ആഭ്യന്തരം പ്രകാരം സാധൂകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ വിവിധ നിർമ്മാണ പ്രവർത്തങ്ങൾ സർക്കാർ കാലാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് നടത്തുന്നത്.കൂടാതെ വിവിധ പർച്ചേസുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ള GeM, e-Tender എന്നിവ മുഖേനയും നടത്തുന്നുണ്ട്.<br>ജയിൽ വകുപ്പിൽ ടെൻഡറില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ ടെൻഡർ കൂടാതെ 2016 -2017, 2017 -2018, 2018 -2019 വർഷങ്ങളിൽ ജയിൽ മാനുഫാക്ചറി യൂണിറ്റിലേക്കാവശ്യമായ നൂൽ വാങ്ങിയിട്ടുണ്ട്.<br>പ്രസ്തുത വർഷങ്ങളിൽ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലെ മാനുഫാക്ചറി യൂണിറ്റിലേക്ക് നൂൽ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമ പ്രകാരം രണ്ട് തവണ ഇ-ടെൻഡറുകൾ ക്ഷണിച്ചിരുന്നുവെങ്കിലും അത് പ്രാവർത്തികമായില്ല. ആയതിനാൽ നൂലിന്റെ അപര്യാപ്തതമൂലം മാനു ഫാക്ചറി യൂണിറ്റുകളുടെ പ്രവർത്തനത്തിന് തടസ്സം നേരിടുമെന്നതിനാലും തടവുകാർക്ക് വേണ്ടിയുള്ള വസ്ത്ര നിർമ്മാണ ..ത്തിനു പ്രതിസന്ധി നേരിടുമെന്നതിനാലും തടവുകാരുടെ പരിശീലനം നിർത്തി വയ് ക്കേണ്ടതായിവരുമെന്നതിനാലും 2016 - 2017 വർഷത്തിൽ സർക്കാർ സഹകരണ സ്ഥാപനമായ കണ്ണൂർ കോ ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിൽ നിന്നും തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിലേക്കു നൂൽ വാങ്ങുന്നതിന് 26,88,923/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് രൂപ) യും 2017 - 2018 സാമ്പത്തിക വർഷത്തിൽ ഇതേ കാരണങ്ങളാൽ കണ്ണൂർ കോ ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിൽ നിന്നും തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലേക്കു നൂൽ വാങ്ങുന്നതിന് 26,52,576/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയാറ് രൂപ) യും 2018 -2019 വർഷത്തിൽ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലേക്കു കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽസ് കോ ഓപ്പറേഷനിൽ നിന്നും നൂൽ വാങ്ങുന്നതിന് 30,00,000/-രൂപ (മുപ്പതു ലക്ഷം രൂപ) യും അനുവദിച്ചു. ഈ നടപടികൾക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്.<br>സ്റ്റോർ പർച്ചേസ് മാനുവലും, നിലവിലെ |

| | | | |
|---|---|---|---|
| | | | നിയമങ്ങളും അനുസരിച്ചുള്ള വാങ്ങലുകളും/ നിർമ്മാണ പ്രവർത്തനങ്ങളും മാത്രമാണ് ജുഡീഷ്യറിയിൽ നടന്നിട്ടുള്ളത്. പ്രത്യേകമായി ഒഴിവാക്കപ്പെട്ട കേസുകളിൽ ഒഴികെയുള്ള എല്ലാ പ്രവർത്തികളും Tender Formalities പ്രകാരമാണ് പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. Quatation/Tender, e-Tender, GeM, CPRCS എന്നീ നടപടി ക്രമങ്ങൾ അനുസരിച്ചാണ് വാങ്ങലുകളും/നിർമ്മാണ പ്രവർത്തനങ്ങളും നടന്നിട്ടുള്ളത്. |
| (സി) | ടെൻഡറില്ലാതെയുള്ള വാങ്ങലുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി ഏതെങ്കിലും ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | സ്റ്റോർ പർച്ചേസ് മാന്വലിൽ അത്തരം ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. |
| (ഡി) | സംസ്ഥാന പോലീസ് മേധാവിക്ക് മുൻകൂർ അനുമതിയില്ലാതെ കൈകാര്യം ചെയ്യാവുന്ന പണത്തിന്റെ പരിധി എത്രയാണ്; ഇതിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ? | (ഡി) | 17/1/2018 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നം.9/2018/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി പുതുക്കി നിശ്ചയിച്ച ഉത്തരവ് അനുസരിച്ച് വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത തുകകളാണ് അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം മുൻ കൂർ അനുമതിയില്ലാതെ നൽകാവുന്ന പരമാവധി തുക അഞ്ച് കോടി രൂപ വരെയാണ്. MoPF സ്കീം പ്രകാരമുള്ള പർച്ചേസുകൾക്ക സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി 2 കോടി രൂപയിൽ നിന്ന് 5 കോടി രൂപയായി സ.ഉ (സാധാ) നം 185/2020/ആഭ്യന്തരം തീയതി 18/01/2020 പ്രകാരം ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 134

02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഗുണ്ടാ ആക്രമണ കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ കാലത്ത് സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) വിവരം ചുവടെ ചേർക്കുന്നു. |

| ഗുണ്ടാ ആക്രമണ കേസുകളുടെ എണ്ണം (25.05.2016 മുതൽ 24.02.2020 വരെ) | | | | |
|---|---|---|---|---|
| 2016 (25.05.2016 മുതൽ 31.12.2016 വരെ) | 2017 | 2018 | 2019 | 2020 (24.02.2020 വരെ |
| 26 | 27 | 23 | 18 | 0 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഗുണ്ടാ ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് പ്രതിരോധിക്കാൻ സർക്കാർ ചെയ്തു വരുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ സർക്കാരിന്റെ കാലത്ത് ഗുണ്ടാ ആക്ട് പ്രകാരം ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) ഗുണ്ടാ ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് പോലീസിന്റെ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) പോലീസിന്റെ പ്രത്യേക സംഘം രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

| ജില്ലകൾ | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 53 |
| തിരുവനന്തപുരം റൂറൽ | 4 |
| കൊല്ലം സിറ്റി | 17 |
| കൊല്ലം റൂറൽ | 9 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 60 |
| കോട്ടയം | 18 |
| ഇടുക്കി | 2 |
| എറണാകുളം സിറ്റി | 5 |
| എറണാകുളം റൂറൽ | 15 |
| തൃശ്ശൂർ സിറ്റി | 17 |
| തൃശ്ശൂർ റൂറൽ | 1 |
| പാലക്കാട് | 3 |
| കോഴിക്കോട് സിറ്റി | 3 |
| കണ്ണൂർ | 3 |
| കാസർഗോഡ് | 16 |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

## കാസർകോട് ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 153. 02/03/2020-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർകോട് ജില്ലയിൽ സ്റ്റേഷൻ ഹൗസ് ഓഫീസറടക്കം എത്ര പോലീസുകാരുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാസർകോട് ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെ ചേർക്കുന്നു<br>1. ആദൂർ - 35<br>2. ബേഡകം - 40<br>3. മഞ്ചേശ്വരം - 41<br>4. കുമ്പള – 43<br>5.കാസറകോട് - 63<br>6. മേൽപ്പറമ്പ – 33<br>7. വിദ്യാനഗർ - 36<br>8. ബദിയഡുക്ക – 36<br>9. ബേക്കൽ - 49<br>10. അമ്പലത്തറ – 34<br>11. ഹോസ്ദുർഗ്ഗ് - 55<br>12. നീലേശ്വരം - 44<br>13.ചന്തേര – 45<br>14. ചീമേനി - 39<br>15. ചിറ്റാരിക്കൽ - 38<br>16. രാജപുരം - 37<br>17. വെള്ളരിക്കുണ്ട് - 42<br>18. കാസർകോട് ട്രാഫിക് - 51<br>19. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, ബേക്കൽ - 42<br>20. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, തൃക്കരിപ്പൂർ - 26<br>21. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, കുമ്പള - 21 |

| | | | |
|---|---|---|---|
| (ബി) | ഒരേ സ്റ്റേഷനിൽ ഏറ്റവും കൂടുതൽ വർഷം ജോലി ചെയ്തവർ ആരൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ലെന്ന നിയമമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലെ ഉത്തരവുകൾ പ്രകാരം ഒരു പൊലീസ് ഉദ്യോഗസ്ഥന് ഒരേ സ്റ്റേഷനിൽ പരമാവധി മൂന്നു വർഷക്കാലം തുടരാം. |
| (ഡി) | മൂന്ന് വർഷം ഒരു സ്റ്റേഷനിൽ ജോലി ചെയ്തതിനു ശേഷം അടുത്തുള്ള സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം വാങ്ങി അവിടെ കുറച്ചു മാസം ജോലി ചെയ്ത് വീണ്ടും പഴയ സ്റ്റേഷനിലേക്ക് തിരിച്ചു പോകുന്നവരുണ്ടോ എന്ന് അറിയിക്കാമോ; | (ഡി) | ആരും തന്നെയില്ല |
| (ഇ) | എങ്കിൽ അത്തരത്തിൽപ്പെട്ട എത്രപേരുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

[illegible]

| Sl.No | Name | Rank | GL No | PEN | Name of PS | How Many Years completed as on 31.03.2020 | Remarks |
|---|---|---|---|---|---|---|---|
| 1 | Bhaskaran K | SI | 851 | 143062 | Dist.SB, Kasaragod | 4 years | |
| 2 | Rajeev Kumar P | ASI | 942 | 143176 | Cheemeni PS | 3 yrs | |
| 3 | Rajan | ASI | 971 | 143246 | Hosdurg Police Station | 4 years | |
| 4 | Mahesh P P | SCPO | 1000 | 143031 | Cybercell, Kasaragod | 3 years | |
| 5 | JOHN.K.M | SCPO | 1035 | 143185 | TRAFFIC KASARAGOD | 3 YEARS 3 MONTHS | |
| 6 | Muthaleeb.T.V.P | SCPO | 1056 | 145667 | CPS Bekal | 3 Yrs & 4 Months | |
| 7 | RAMAKRISHNAN.V | SCPO | 1066 | 143524 | TRAFFIC KASARAGOD | 3 YEARS | |
| 8 | Raveendran.V | SCPO | 1114 | 143363 | CPS Bekal | 3 Yrs & 5 Months | |
| 9 | Vijayan .T | SCPO | 1117 | 143379 | CPS Bekal | 3 Yrs & 4 Months | |
| 10 | Unnikrishnan.K | SCPO | 1281 | 143191 | CPS Bekal | 3 Yrs & 4 Months | |
| 11 | PAVITHARAN | SCPO | 1304 | 145691 | TRAFFIC KASARAGOD | 3 YEARS 5 MONTHS | |
| 12 | Shylaja T | CPO | 1359 | 142578 | SMS PS | 3 Years | |
| 13 | Santha.P | CPO | 1364 | 145816 | Women Cell | 3 years | |
| 14 | Sugandhi MP | CPO | 1406 | 145847 | SMS PS | 3 Years | |
| 15 | Kausalya.K | CPO | 1413 | 145746 | Chittarikkal PS | 3 year | |
| 16 | Kochurani | CPO | 1459 | 145834 | Badiadka | 3 Year 3 Months | |
| 17 | Ramesh K V | CPO | 1723 | 143226 | Bekal | 3 year 9 Month | |
| 18 | Bindu | CPO | 1732 | 143939 | Vellarikundu PS | 3 years and 1 Month | |
| 19 | Sujatha.N | CPO | 1733 | 142927 | Chandera | 3 yrs. | |
| 20 | Jayaprakash Karichery | CPO | 1793 | 145690 | Adhur | 3 years | |
| 21 | Biju P K | CPO | 1813 | 142492 | Nileswar PS | More than 3 years | |
| 22 | Narayanan M | CPO | 1926 | 265796 | Hosdurg Police Station | 3 year | Designated as Janamaithri Beat Officer on 16.05.19 vide order Office Memorandum No 04/19 dated 16.05.19 of the State Police Chief Thiruvananthapurm |
| 23 | Sujatha C | CPO | 1955 | 347018 | Rajapuram PS | 3 Years | |
| 24 | Praseetha.P.P | CPO | 1957 | 347026 | DCRB | 3 years | |
| 25 | Geetha.P.V | CPO | 1978 | 347104 | Women Cell | 3 years | |
| 26 | Satheeshan NP | CPO | 2010 | 267431 | Chittarikkal PS | 3 year | |
| 27 | Rejikumar TT | CPO | 2019 | 267379 | Chittarikkal PS | 3 year | |
| 28 | Ramachandran | CPO | 2026 | 267519 | Bedakam | 3 years | |
| 29 | SHEEBU | CPO | 2098 | 327382 | TRAFFIC KASARAGOD | 6 YEARS 6 MONTHS | |
| 30 | Savad Ashraf | CPO | 2121 | 327383 | Cybercell, Kasaragod | 3 years | |
| 31 | Satheep T G | CPO | 2149 | 323849 | Badiadka | 3 Year 3 Months | |

| | | | | | | | |
|---|---|---|---|---|---|---|---|
| 32 | Pramod P v | CPO | 2165 | 326096 | Cheemeni PS | 3 yrs | |
| 33 | Lijin P V | CPO | 2181 | 394527 | Cheemeni PS | 3 yrs | |
| 34 | Anilkumar | CPO | 2270 | 633077 | Manjeshwar PS | 3 yrs 7 months | |
| 35 | Prasanthan PC | CPO | 2295 | 637799 | Manjeshwar PS | 4 years | |
| 36 | Vinod.A.C | CPO | 2300 | 630194 | CPS Bekal | 3 Yrs & 7 Months | |
| 37 | Pradeep Kumar.V | CPO | 2302 | 630062 | CPS Bekal | 3 Yrs & 7 Months | |
| 38 | Kripesh K | CPO | 2312 | 636099 | Kasaragod | 3 Years and 4 and half months | |
| 39 | Saji.M | CPO | 2314 | 635837 | Bedakam | 3 years | |
| 40 | Sajith V.K | CPO | 2317 | 638978 | Kumbla PS | 3 year 3 month | |
| 41 | PRAJEESH | CPO | 2318 | 638677 | TRAFFIC KASARAGOD | 3 YEARS 3 MONTHS | |
| 42 | Biju A | CPO | 2319 | 637755 | Ambalathara P.S | 3 Years | |
| 43 | SREEKUMAR | CPO | 2320 | 645366 | TRAFFIC KASARAGOD | 3 YEARS 3 MONTHS | |
| 44 | Vijesh | CPO | 2321 | 632567 | Bekal | 3 Year 3 Month | |
| 45 | Satheesan | CPO | 2322 | 633195 | Bekal | 3 Year 3 Month | |
| 46 | Shali VJ | CPO | 2676 | 747276 | Chittarikkal PS | 3 year | |
| 47 | Satheedevi P K | CPO | 2744 | 754252 | Nileswar PS | More than 3 years | |
| 48 | Sudha | CPO | 2835 | 762845 | Manjeshwar PS | 4 years | Attached to ERSS PHQ |
| 49 | Padma.T.V | CPO | 2837 | 762818 | Bedakam | 3 years | |
| 50 | Najana K | CPO | 2839 | 762812 | Cybercell, Kasaragod | 3 years | |
| 51 | Sheena T | CPO | 2847 | 762816 | Chandera | 3 yrs. | |
| 52 | Kavitha.K | CPO | 2948 | 766061 | Kumbla PS | 3 year 4 month | |

Section Officer

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 161 02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

### സെക്രട്ടേറിയറ്റിന് മുന്നിൽ പന്തലിട്ട് സമരം നടത്തുന്നവർക്കെതിരായ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അതീവ സുരക്ഷാമേഖലയായ സെക്രട്ടേറിയറ്റിന് മുന്നിൽ പന്തലിട്ട് സമരം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ജി.ഒ (പി) നം.74/2018/ആഭ്യ. തീയതി 28.11.2018 പ്രകാരം സെക്രട്ടേറിയറ്റും അതിനു ചുറ്റുമുള്ള പ്രദേശങ്ങളും, റോഡുകളും അതീവ സുരക്ഷാ മേഖലയായി സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ സെക്രട്ടേറിയറ്റിന് മുന്നിൽ പന്തൽ കെട്ടി സമരം ചെയ്യുന്നതിന് നിയന്ത്രണമുണ്ട്. |
| (ബി) പ്രസ്തുത നിയന്ത്രണങ്ങൾ വകവെയ്ക്കാതെ സെക്രട്ടേറിയറ്റിന് മുന്നിൽ പന്തലിട്ട് സമരം നടത്തുന്നവരുടെ പന്തൽ പൊളിച്ച് നീക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) സമര പന്തലുകൾ സമരക്കാർ സ്വയം പൊളിച്ച് മാറ്റുന്നതിന് പോലീസ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) ജസ്റ്റിസ് ഫോർ വാളയാർ കിഡ്സ് ഫോറം സമരം നടത്തുന്ന പന്തൽ പൊളിച്ച് നീക്കുവാനുള്ള നീക്കവും ഇത് നീതീകരിക്കാവുന്നതല്ല എന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1635 10/03/2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് മുൻഗണന നൽകുമോ; വിശദമാക്കുമോ? | (ബി) | ധനകാര്യ വകുപ്പിന്റെ 69/2016/ധന, ആസൂത്രണത്ത സാമ്പത്തിക കാര്യ വകുപ്പിന്റെ27043/ബി.പി.ഇ/06/പ്ലാനിംഗ്, 26518/ബി.പി.ഇ/87/പ്ലാനിംഗ് എന്നീ നമ്പർ പരിപത്രങ്ങൾ പ്രകാരം ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനെട്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1318</u> 06-02-2020 ൽ മറുപടിക്ക്

## അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (എ) സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഒഴിപ്പിക്കൽ നടപടികളും, 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിത പ്പെടുത്തുന്നതിനായി 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥല പരിശോധന ഉൾപ്പെടെ നടത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. രണ്ടാം ശനി, ഞായർ ഉൾപ്പടെയുള്ള പൊതു അവധി ദിവസങ്ങളിലും ടീം സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കൈയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 275.5194 ഹെക്ടർ സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ കാലയളവിൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാരിലേക്ക് കണ്ടുകെട്ടിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വീണ്ടെടുത്ത 275.5194 ഹെക്ടർ സർക്കാർ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 5.2232 |
| കൊല്ലം | 3.7494 |
| പത്തനംതിട്ട | 3.3722 |
| ആലപ്പുഴ | 5.1886 |
| കോട്ടയം | 1.3837 |
| ഇടുക്കി | 199.4232 |
| എറണാകുളം | 7.0269 |
| തൃശ്ശൂർ | 9.5539 |
| പാലക്കാട് | 8.2437 |
| മലപ്പുറം | 3.0831 |
| കോഴിക്കോട് | 2.1528 |
| വയനാട് | 26.2802 |
| കണ്ണൂർ | 0.0558 |
| കാസർഗോഡ് | 0.7827 |
| **ആകെ** | **275.5194** |

| | |
|---|---|
| (സി) അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി ഭാവിയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ വിവേചനം കൂടാതെതന്നെ പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 275.5194 ഹെക്ടർ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ നം. ഉത്തരവിൻ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിങ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീമുകൾ സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കൈയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1196** — **05-03-2020 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി തിരിച്ചെടുക്കൽ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടവ്യവസ്ഥ ലംഘിച്ച എത്ര ഏക്കർ സ്ഥലമാണ് ഈ സർക്കാർ തിരിച്ചെടുത്തിട്ടുള്ളത്; വ്യവസ്ഥകൾ ലംഘിച്ച എത്ര ഏക്കർ സ്ഥലം ഇനി തിരിച്ചെടുക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു. |

| **ജില്ല** | **പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ തിരിച്ചെടുത്ത ഭൂമി (ഹെക്ടറിൽ)** | **പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ തിരിച്ചെടുക്കാനുള്ള ഭൂമി (ഹെക്ടറിൽ)** |
|---|---|---|
| തിരുവനന്തപുരം | 2.060729 | 0.3329 |
| കൊല്ലം | 0.87728 | 0 |
| പത്തനംതിട്ട | 6.04984 | 0 |
| ആലപ്പുഴ | 6.16880 | 0.8149 |
| കോട്ടയം | 1.24950 | 0.1094 |
| ഇടുക്കി | 0.90495 | 39.4177 |
| എറണാകുളം | 5.44800 | 16.5978 |
| തൃശ്ശൂർ | 12.37650 | 0 |
| പാലക്കാട് | 0.09930 | 0 |
| മലപ്പുറം | 0 | 0 |
| കോഴിക്കോട് | 0 | 0 |
| വയനാട് | 0.02630 | 0 |
| കണ്ണൂർ | 0.04047 | 0.00202 |
| കാസറഗോഡ് | 0 | 0 |
| **ആകെ** | **35.3016** | **57.2747** |

| | |
|---|---|
| (ബി) നാളിതുവരെയായി പാട്ടക്കുടിശ്ശിക ഇനത്തിൽ എത്ര രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്; ഇതിൽ പിരിച്ചെടുക്കാവുന്ന തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉദ്ദേശം 1155 കോടി രൂപയാണ് പാട്ടകുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

| **ജില്ല** | **കുടിശ്ശിക തുക** |
|---|---|
| തിരുവനന്തപുരം | 1540759680 |
| കൊല്ലം | 956498636 |
| പത്തനംതിട്ട | 48392196 |
| ആലപ്പുഴ | 14620656 |
| കോട്ടയം | 113838088 |

| | |
|---|---|
| ഇടുക്കി | 2644244 |
| എറണാകുളം | 5854122597 |
| തൃശ്ശൂർ | 2131708266 |
| പാലക്കാട് | 34120309 |
| മലപ്പുറം | 114943066 |
| കോഴിക്കോട് | 703316174 |
| വയനാട് | 0 |
| കണ്ണൂർ | 3190079 |
| കാസറഗോഡ് | 34982459 |
| **ആകെ** | **11553136450** |

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉണ്ടായിട്ടുള്ള അലംഭാവത്തിന് കാരണമെന്താണ്; ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളിൽ ഓരോ ജില്ലകളിലെയും പാട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി ജില്ലാ കളക്ടർ നേരിൽ കേട്ട് പാട്ട കടിശ്ശിക തിട്ടപ്പെടുത്തി ആയത് ഒടുക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുകയും പാട്ട കക്ഷികൾ അവ അടയ്ക്കാത്ത പക്ഷം പാട്ടം റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് ആവശ്യമായ ശുപാർശ സമർപ്പിക്കുന്നതിനും കുടിശ്ശികക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമവും കേരള ഭൂസംരക്ഷണ നിയമവും പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 15.02.2020 -ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ (പി) 16/2020/റവ, ജി.ഒ (പി) 17/2020/റവ എന്നീ ഉത്തരവുകൾ പ്രകാരം പാട്ട കുടിശ്ശിക ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കി കുടിശ്ശിക പുനർനിർണ്ണയം നടത്തി ഈടാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1209 — 05.03.2020 -ൽ മറുപടിയ്ക്ക്

മറ്റു വില്ലേജുകളുടെ ഭരണ ചുമതല നൽകിയിട്ടുള്ള വില്ലേജ് ഓഫീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ആകെ എത്ര വില്ലേജുകളും വില്ലേജ് ഓഫീസുകളും ഉണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്ര വില്ലേജ് ഓഫീസുകൾക്കാണ് മറ്റു വില്ലേജുകളുടെ ഭരണ ചുമതല കൂടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെ 1664 വില്ലേജുകളും 1567 വില്ലേജ് ഓഫീസുകളും ഉണ്ട്. 1664 വില്ലേജുകളിൽ തിരുവനന്തപുരം ജില്ലയിലെ 3 വില്ലേജ് ഓഫീസുകൾക്കും എറണാകുളം ജില്ലയിലെ 6 വില്ലേജ് ഓഫീസുകൾക്കും, തൃശ്ശൂർ ജില്ലയിലെ 59 വില്ലേജ് ഓഫീസുകൾക്കും കാസർഗോഡ് ജില്ലയിലെ 29 വില്ലേജ് ഓഫീസുകൾക്കുമാണ് മറ്റ് വില്ലേജുകളുടെ (ഗ്രൂപ്പ് വില്ലേജ് സംവിധാനത്തിലൂടെ) ഭരണചുമതല കൂടി നല്കിയിട്ടുള്ളത്. |
| (ബി) | പിറവം മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണ ചുമതലയും നിയന്ത്രണ അധികാരവുമുള്ള എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന വില്ലേജുകൾ ഏതെല്ലാമാണെന്നും അറിയിക്കുമോ? | (ബി) | പിറവം മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണ ചുമതലയും നിയന്ത്രണ അധികാരവുമുള്ള വില്ലേജ് ഓഫീസുകൾ താഴെ പറയുന്നവയാണ്.<br>1) ആമ്പല്ലൂർ (ഗ്രൂപ്പ്) - ആമ്പല്ലൂർ, കീച്ചേരി, കലയറ്റിക്കര<br>2) കണയന്നൂർ (ഗ്രൂപ്പ്) - കണയന്നൂർ, കുരീക്കാട് |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2878

13.03.2020-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലം

**ചോദ്യം**

ശ്രീ. കെ.വി.വിജയദാസ്

**ഉത്തരം**

ശ്രീ. ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) ഭവന നിർമ്മാണ ബോർഡിന്റെ കൈവശം വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ എത്രത്തോളം സ്ഥലമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(എ)

| ക്രമ നം. | ജില്ല | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1 | തിരുവനന്തപുരം | 10.61 |
| 2 | പത്തനംതിട്ട | 4.58 |
| 3 | ആലപ്പുഴ | 10.44 |
| 4 | കോട്ടയം | 15.82 |
| 5 | ഇടുക്കി | 13.01 |
| 6 | എറണാകുളം | 0.49 |
| 7 | തൃശ്ശൂർ | 5 |
| 8 | പാലക്കാട് | 4.28 |
| 9 | മലപ്പുറം | 1.43 |
| 10 | കോഴിക്കോട് | 4.48 |
| 11 | വയനാട് | 8.22 |
| 12 | കണ്ണൂർ | 1.88 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. ഭവന നിർമ്മാണ ബോർഡ് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തത്.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2308
# 14.06.2019 ൽ മറുപടി നൽകേണ്ടത്

## ക്ഷേമ പെൻഷനുകൾ

**ചോദ്യം**
ശ്രീ. പി.കെ ബഷീർ

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

<table>
<tr><th colspan="2">ചോദ്യം</th><th>മറുപടി</th></tr>
<tr><td>എ)</td><td>സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ എത്ര പേരാണ് കൈപ്പറ്റുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;</td><td>സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നവരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു<br><table><tr><td>ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ</td><td>2286031</td></tr><tr><td>ഇന്ദിര ഗാന്ധി ദേശീയ വിധവ പെൻഷൻ-</td><td>1309925</td></tr><tr><td>ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ</td><td>391156</td></tr><tr><td>കർഷക തൊഴിലാളി പെൻഷൻ</td><td>456458</td></tr><tr><td>50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ</td><td>82009</td></tr></table>കൂടാതെ ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന പെൻഷന്റെ വിവരങ്ങൾ അനുബന്ധമായി നൽകുന്നു.</td></tr>
<tr><td>ബി)</td><td>ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നതിൽ അനർഹരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര അനർഹരെയാണ് ഒഴിവാക്കിയത്;</td><td>ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അനന്തരാവകാശികൾ പെൻഷൻ വാങ്ങിവന്നിരുന്നവർ, 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള നാലോ അതിലധികമോ ചക്രങ്ങളുള്ള ടാക്സിയല്ലാത്ത (അംബാസിഡർ കാർ ഒഴികെ) വാഹനങ്ങൾ സ്വന്തമായി ഉണ്ട് എന്ന് കണ്ടെത്തിയവർ, ഒന്നിലധികം പ്രാദേശിക സർക്കാരുകളിൽ നിന്നും ഒരേ സമയം പെൻഷൻ വാങ്ങി വന്നിരുന്നവർ എന്നിവരെ അനർഹരെന്ന് കണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 19263 പേരെ ഒഴിവാക്കിയിട്ടുണ്ട്. ഈ സർക്കാർ ചുമതല ഏറ്റതിനു ശേഷം 1100106 പേർക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

| | | |
|---|---|---|
| സി) | എന്ത് അടിസ്ഥാനത്തിലാണ് ഇവരെ കണ്ടെത്തിയതെന്നും ആരാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച സി എ ജിയുടെ 2016 ലെ റിപ്പോർട്ട് നമ്പർ 6 ൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 12 % പേർ അനർഹമായി പെൻഷൻ വാങ്ങുന്നു എന്നും അർഹരായ 15 % ത്തോളം വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റേയും ജനന മരണ രജിസ്ട്രേഷൻ സിവിൽ രജിസ്ട്രേഷൻ സൈറ്റിന്റെ വെബ് സർവ്വീസ് സേവനയിൽ നൽകുകയും അത് ഉപയോഗിച്ച് കണ്ടെത്തിയവരുടെ പട്ടിക പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കി ആവശ്യമായ പരിശോധനകൾക്ക് ശേഷം അനർഹരായി കണ്ടെത്തിയവരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. |
| (ഡി) | നിലവിൽ ഒരാൾക്ക് എത്ര ക്ഷേമപെൻഷനുകൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്; അത്തരത്തിൽ സ്വീകരിക്കാവുന്ന പരമാവധി തുക ഒരു മാസം എത്രയാണെന്ന് വ്യക്തമാക്കുമോ? | 06/02/2017 ന് മുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഏതെങ്കിലും ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും വാങ്ങാൻ അനുവദിച്ചിട്ടുണ്ട്. ടി തീയതിക്ക് മുമ്പ് ഒന്നിലധികം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിലും (നിലവിൽ പ്രതി മാസം 1200 രൂപ), 75 വയസ്സും അതിനു മുകളിലും പ്രായമുള്ള വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1500 രൂപ, 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ള വികലാംഗപെൻഷൻ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1300 രൂപ) രണ്ടാമതൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും വാങ്ങാൻ അനുവദിച്ചിട്ടുണ്ട്.<br>06/02/2017 മുതൽ ഒരാൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് മാത്രം സാധാരണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരാണ്. 06/07/2018 ന് മുമ്പേ ഇതു രണ്ടും ലഭിച്ചു കൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനു പുറമേ സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിലും 06/07/2018 മുതൽ അനുവദിക്കപ്പെട്ടവർക്ക് പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. 2000 രൂപ വരെ ഇ പി എഫ് പെൻഷൻ |

| | | |
|---|---|---|
| | | ലഭിക്കുന്നവർക്ക് ഏതെങ്കിലും ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ സാധാരണ നിരക്കിൽ ലഭിക്കാൻ അർഹരാണ്. എന്നാൽ പ്രതിമാസം 2000 രൂപയിൽ കൂടുതൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി/സാമൂഹ്യസുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ക്ഷേമനിധി ബോർഡ് പെൻഷൻ പദ്ധതി | ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം | ക്ഷേമനിധി പെൻഷൻ അനർഹമായി കൈപ്പറ്റുന്നത് കണ്ടെത്തി ഒഴിവാക്കിയവരുടെ എണ്ണം |
|---|---|---|---|
| 1 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് (തനതു ഫണ്ട്) | കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ നിന്നും 1264 പേർക്ക് നിലവിൽ പെൻഷൻ നൽകിവരുന്നു. | 70 |
| 2 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | ബോർഡിൽ നിന്നും പ്രതിമാസം 2000 രൂപ നിരക്കിൽ 112 പേർക്ക് കുടുംബ പെൻഷനും 11099 പേർക്ക് പെൻഷനും ഒരാൾക്ക് അവശതാ പെൻഷനും അനുവദിച്ചിട്ടുണ്ട്. | ഇല്ല |
| 3 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ 1200/- രൂപ നിരക്കിൽ 9611 പേർക്ക് നൽകി വരുന്നു. | 398 |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് (തനതു ഫണ്ട്) | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 519 പേർക്ക് പെൻഷനും 51 പേർക്ക് കുടുംബ പെൻഷനും നൽകി വരുന്നു. | ഇല്ല |
| 5 | കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | കേരള സാംസ്കാരിക പ്രവർത്തക ക്ഷേമ നിധി ബോർഡിൽ നിന്നും 2731 പേർക്ക് പെൻഷനും 106 പേർക്ക് കുടുംബ പെൻഷനും നൽകിവരുന്നു. | 15 |
| 6 | സർക്കസ് കലാകാര പെൻഷൻ | 1351 പേർക്ക് സർക്കസ്സ് പെൻഷൻ നൽകി വരുന്നു. | ഇല്ല |
| 7 | അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും 70 വയസ്സിന് മുകളിൽ 1100/- രൂപ, 60 വയസ്സിന് മുകളിൽ 850/- രൂപ, 55 വയസ്സിന് മുകളിൽ 600/- രൂപ എന്ന ക്രമത്തിൽ വയസ്സ് അടിസ്ഥാനത്തിൽ | ഇല്ല |

| | | | |
|---|---|---|---|
| 8 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ട പ്രകാരം പ്രതിമാസ പെൻഷൻ 1200/- രൂപ വച്ച് 696 പേർക്ക് പെൻഷൻ നൽകി വരുന്നു. | ഇല്ല |
| 11 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | ഈ ബോർഡിൽ നിന്നും 2731 ക്ഷേമനിധി പെൻഷനും 106 കുടുംബ പെൻഷനും നൽകിവരുന്നു. | ഇല്ല |
| 12 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധി ബോർഡിൽ നിന്നും 72253 പേർക്ക് പെൻഷൻ നൽകിവരുന്നു.. | ഇല്ല |
| 13 | ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗബാധിതർക്കുള്ള പെൻഷൻ | കാൻസർ പെൻഷൻ-62433<br>റ്റിബി പെൻഷൻ-7585<br>കുഷ്ഠരോഗ പെൻഷൻ-8 | 303 |
| 14 | വ്യാപാരി ക്ഷേമ ബോർഡ് | വ്യാപാരി ക്ഷേമ ബോർഡിൽ നിന്നും 11073 പേർക്ക് വ്യാപാരി ക്ഷേമ പെൻഷൻ നൽകിവരുന്നു. | 1025 |
| 15 | കേരള ആധാരമെഴുത്തുകാരുടേയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (തനതു ഫണ്ട്) | കേരള ആധാരമെഴുത്തുകാരുടേയും, പകർപ്പെഴുത്തുകാരുടേയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്നും 9 പേർക്ക് പെൻഷനും 17 പേർക്ക് കുടുംബ പെൻഷനും 4 പേർക്ക് പ്രത്യേക പെൻഷനും നൽകി വരുന്നു. | ഇല്ല |
| 16 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി | 1947 പേർക്ക് പെൻഷൻ നൽകിവരുന്നു. | ഇല്ല |
| 17 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ പെൻഷൻ (അൺ അറ്റാച്ച്ഡ് വിഭാഗം-തനതു ഫണ്ട്) | അൺഅറ്റാച്ച്ഡ് വിഭാഗം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗത്തിൽ സൂപ്പറാന്വേഷൻ ഫാമിലി പെൻഷൻ, ഇൻവാലിഡ് പെൻഷൻ എന്നീ വിഭാഗങ്ങളിലായി ആകെ 8864 പേർ പെൻഷൻ കൈപ്പറ്റുന്നുണ്ട്.(31.03.2019 നിലവെച്ച്) | ഇല്ല |

| | | | |
|---|---|---|---|
| | | സ്കാറ്റേർഡ് വിഭാഗം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിൽ ആകെ 3885 പേർ) | |
| 18 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പെൻഷൻ | 244 പേർക്ക് പെൻഷൻ നൽകിവരുന്നു | 16 |
| 19 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പെൻഷൻ | 119 പേർക്ക് പെൻഷൻ നൽകിവരുന്നു | ഇല്ല |
| 20 | കേരള മോട്ടോർ തൊഴിലാളി ക്ഷേമ പെൻഷൻ (തനതു ഫണ്ട്) | 2125 പേർക്ക് പെൻഷൻ നൽകിവരുന്നു | ഇല്ല |
| 21 | കേരള തയ്യൽ തൊഴിലാളി ക്ഷേമ പെൻഷൻ | 51952 പേർക്ക് നൽകിവരുന്നു | ഇല്ല |
| 22 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ (തനതു ഫണ്ട്) | 16626 പേർക്ക് പെൻഷനും 697 പേർക്ക് കുടുംബ പെൻഷനും നൽകുന്നു. 36 പേർക്ക് സാന്ത്വന പെൻഷൻ നൽകുന്നു | സോഫ്റ്റ് വെയറിൽ ലഭ്യമല്ല |
| 23 | കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി പെൻഷൻ | കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിൽ നിന്നും 11229 പേർക്ക് റിട്ടയർമെന്റ് പെൻഷനും 115 പേർക്ക് അവശതാ പെൻഷനും നൽകിവരുന്നു. | ഇല്ല |
| 24 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ പെൻഷൻ | 8292 പേർക്ക് പെൻഷൻ നൽകിവരുന്നു | 629 |
| 25 | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമ പെൻഷൻ | 2928 പേർക്ക് പെൻഷൻ നൽകി വരുന്നു | 124 |
| 26 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പെൻഷൻ (തനതു ഫണ്ട്) | 2,58,736 പേർക്ക് പെൻഷൻ നൽകിവരുന്നു. | 8904 |

| | | | |
|---|---|---|---|
| 27 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പെൻഷൻ | 65367 പേർക്ക് പെൻഷൻ നൽകി വരുന്നു. | ഇല്ല |
| 28 | മത്സ്യ ബോർഡ് | മത്സ്യ തൊഴിലാളി/അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നീ ഇനങ്ങളിലായി 62712 പേർക്ക് പെൻഷൻ നൽകിവരുന്നു. | 368 |
| 29 | ക്ഷീര കർഷക ക്ഷേമനിധി ബോർഡ് | ഈ ബോർഡിൽ നിന്ന് 56650 പേർക്ക് പെൻഷൻ നൽകിവരുന്നു. | ഇല്ല |
| 30 | ചെറുകിട നാമമാത്ര കർഷക പെൻഷൻ | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നടപ്പിലാക്കുന്ന ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം നിലവിൽ 31.03.2019 വരെ 290908 പേർക്ക് പെൻഷൻ നൽകിവരുന്നു. | 22656 |
| 31 | അങ്കണവാടി ക്ഷേമനിധി ബോർഡ് | വനിത ശിശുവികസന വകുപ്പിലെ കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് 4644 അങ്കണവാടി വർക്കറും 5760 അങ്കണവാടി ഹൽപ്പറും ഉൾപ്പെടെ ആകെ 10404 അങ്കണവാടി പ്രവർത്തകർ ക്ഷേമ പെൻഷൻ കൈപ്പറ്റുന്നുണ്ട്. | ഇല്ല |

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | തൊഴിലാളി ക്ഷേമ പെൻഷൻ (തനതു ഫണ്ട്) | | |
| 27 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പെൻഷൻ | 65367 പേർക്ക് പെൻഷൻ നൽകി വരുന്നു. | ഇല്ല |
| 28 | മത്സ്യ ബോർഡ് | മത്സ്യ തൊഴിലാളി/അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നീ ഇനങ്ങളിലായി 62712 പേർക്ക് പെൻഷൻ നൽകിവരുന്നു. | 368 |
| 29 | ക്ഷീര കർഷക ക്ഷേമനിധി ബോർഡ് | ഈ ബോർഡിൽ നിന്ന് 56650 പേർക്ക് പെൻഷൻ നൽകിവരുന്നു. | ഇല്ല |
| 30 | ചെറുകിട നാമമാത്ര കർഷക പെൻഷൻ | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നടപ്പിലാക്കുന്ന ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം നിലവിൽ 31.03.2019 വരെ 290908 പേർക്ക് പെൻഷൻ നൽകിവരുന്നു. | 22656 |
| 31 | അങ്കണവാടി ക്ഷേമനിധി ബോർഡ് | വനിത ശിശുവികസന വകുപ്പിലെ കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് 4644 അങ്കണവാടി വർക്കറും 5760 അങ്കണവാടി ഹൽപ്പറും ഉൾപ്പെടെ ആകെ 10404 അങ്കണവാടി പ്രവർത്തകർ ക്ഷേമ പെൻഷൻ കൈപ്പറ്റുന്നുണ്ട്. | ഇല്ല |

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3814

## 21/06/2019 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യ സുരക്ഷാ പെൻഷൻ

**ചോദ്യം**
ശ്രീ.സി.കെ.ശശീന്ദ്രൻ

**മറുപടി**
ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | നിലവിൽ നൽകി വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. കർഷക തൊഴിലാളി പെൻഷൻ<br>5. 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ<br>ക്ഷേമനിധി ബോർഡ് പെൻഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ നൽകിവരുന്ന ക്ഷേമ പെൻഷനുകൾക്ക് കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നവ ഏതെല്ലാമാണ്; | സംസ്ഥാനത്ത് നൽകി വരുന്ന 3 സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് മാത്രം കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ കേന്ദ്രവിഹിതം ലഭിക്കുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ |
| (സി) | ഓരോ ക്ഷേമ പെൻഷനിലും സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്രസർക്കാർ വിഹിതവും എത്ര വീതമാണ്; വിശദമാക്കാമോ? | മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. (ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ). |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| നം | ക്ഷേമനിധി ബോർഡ് / വകുപ്പ് | പെൻഷൻ പദ്ധതി |
|---|---|---|
| 1 | തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്ക് ക്ഷേമപെൻഷൻ നൽകി വരുന്നു. |
| 2 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കായി താഴെ പറയുന്ന ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1.മത്സ്യതൊഴിലാളി വാർദ്ധക്യകാല പെൻഷൻ<br>2.അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ<br>3.മത്സ്യത്തൊഴിലാളി വിധവ പെൻഷൻ |
| 3 | ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത് പെൻഷന് അർഹത നേടുന്ന ഒരംഗത്തിന് പ്രതിമാസം 1200/- രൂപ നിരക്കിൽ പെൻഷന് അർഹതയുണ്ട്. 01.04.2020 മുതൽ പെൻഷൻ നിരക്ക് 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 4 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കയർ തൊഴിലാളി ക്ഷേമ പെൻഷൻ നൽകി വരുന്നു. |
| 5 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം ലഭിച്ച തൊഴിലാളികൾക്ക് പത്ത് വർഷത്തെ സേവനവും 60 വയസ്സ് പൂർത്തിയാകുകയും ചെയ്യുമ്പോൾ ബോർഡിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിച്ചു വരുന്നു. |
| 6 | വ്യാപാരി ക്ഷേമനിധി ബോർഡ് | വ്യാപാരി ക്ഷേമ ബോർഡിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി വ്യാപാരി ക്ഷേമ പെൻഷൻ നൽകുന്നുണ്ട്. |
| 7 | അസംഘടിത തൊഴിലാളി(റിട്ടയേർഡ്)ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് 'കേരള സംസ്ഥാന |

| | | |
|---|---|---|
| | | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പെൻഷൻ' എന്ന പേരിൽ റിട്ടയർമെന്റ് പെൻഷൻ നൽകിവരുന്നു. |
| 8 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സൂപ്പറാ ന്വേഷൻ പെൻഷൻ ആയി (ക്ഷേമപെൻഷൻ) പ്രതിമാസം 1,200/- രൂപ നൽകി വരുന്നു. 01.04.2020 മുതൽ ഇത് 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 9 | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിൽ അംഗത്വം നേടി 60 വയസിനു ശേഷം വിരമിക്കുന്ന തൊഴിലാളികൾക്ക് പദ്ധതി പെൻഷനും ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് (05.08.2000) 60 വയസ് കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗത്വം എടുക്കാൻ സാധിക്കാതെ വരികയും ഈ മേഖലയിൽ 3 വർഷത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളതുമായ തൊഴിലാളികൾക്ക് പദ്ധതി ഇതര പെൻഷനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നൽകുന്നു. |
| 10 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ ധനസഹായത്തോടെ കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ നൽകിവരുന്നു. |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | **1. പെൻഷൻ:**<br>മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 8 വർഷം ക്ഷേമനിധിയിൽ അംഗത്വമുള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ ടേബിൾ I, II, II(a) (ബസ്, ടൂറിസ്റ്റ് ബസ്, ലോറി) ടേബിൾ III, IV (ടാക്സി കാർ, ടെമ്പോ ട്രാവലർ, ഓട്ടോറിക്ഷ) എന്നിവയിൽ ഉൾപ്പെടെ തൊഴിലാളികൾക്ക് സർവ്വീസിൽ നിന്നും പിരിയുമ്പോൾ പ്രതിമാസം 1200/- രൂപ മിനിമം പെൻഷൻ ലഭിക്കുന്നതാണ്. 7 വർഷവും 6 മാസവും സർവ്വീസുള്ളവരെയും ഈ പെൻഷന് പരിഗണിക്കുന്നതാണ്. കൂടാതെ 8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ടേബിൾ I, II, II(a) എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 75/- രൂപയും ടേബിൾ III, IV എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 50/- രൂപയും അധികമുള്ള ഓരോ വർഷത്തിനും കണക്കാക്കി വർധിപ്പിച്ച നിരക്കിൽ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. |

| | | |
|---|---|---|
| | | **2. സ്വയം വിരമിക്കൽ പെൻഷൻ**<br>8 വർഷത്തെ സർവ്വീസ് പൂർത്തിയാക്കുകയും 55 വയസ്സിൽ സ്വയം വിരമിക്കുകയും ചെയ്യുന്ന എല്ലാ ടേബിളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പ്രതിമാസം മിനിമം 1200/- രൂപ പെൻഷൻ ലഭിക്കുന്നതാണ്. ഇങ്ങനെ സ്വയം വിരമിച്ച തൊഴിലാളികൾക്ക് വീണ്ടും ക്ഷേമനിധിയിൽ ചേരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.<br>**3. അവശതാ പെൻഷൻ**<br>ക്ഷേമ നിധിയിൽ അംഗത്വമുള്ളതും തുടർന്ന് ജോലി ചെയ്യാൻ കഴിയാത്ത വിധത്തിൽ സ്ഥിരമായി പൂർണ്ണ അവശത അനുഭവിക്കുന്നതുമായ തൊഴിലാളിയ്ക്ക് സർവ്വീസ് ദൈർഘ്യം കണക്കാക്കാതെ മിനിമം 1200/- രൂപ പെൻഷൻ അനുവദിക്കുന്നതാണ്. |
| 12 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി പെൻഷൻ പദ്ധതി വ്യവസ്ഥ പ്രകാരം അനുവദിച്ച വരുന്നു. |
| 13 | കേരള റേഷൻ വ്യാപാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും റേഷൻ വ്യാപാര രംഗത്തു നിന്നും വിരമിച്ച ക്ഷേമനിധി അംഗങ്ങൾക്ക് പ്രതിമാസം 1500/- രൂപ പെൻഷൻ നൽകി വരുന്നു. (വിരമിച്ച റീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് മാത്രമാണ് ഈ ക്ഷേമനിധിയിൽ നിന്നും പെൻഷൻ നൽകുന്നത്). |
| 14 | കേരള സാംസ്കാരിക പ്രവർത്തക തൊഴിലാളി ക്ഷേമനിധി ബോർഡ് | സാംസ്കാരിക ക്ഷേമനിധി ബോർഡ് പങ്കാളിത്ത പെൻഷനാണ് നൽകിവരുന്നത്. പെൻഷനും, ഫാമിലി പെൻഷനും നൽകി വരുന്നു. |
| 15 | കേരള പ്രവാസി തൊഴിലാളി ക്ഷേമനിധി ബോർഡ് | **1. പെൻഷൻ**<br>അറുപത് വയസ്സ് പൂർത്തിയായതും അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം)-(1എ) അംഗത്തിനും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിനും, പ്രവാസി കേരളീയൻ (ഭാരതം)-2 എ അംഗത്തിനും പ്രതിമാസം 2000 രൂപ പെൻഷൻ അനുവദിച്ച വരുന്നു. അഞ്ചുവർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ അഞ്ചു വർഷത്തിന് ശേഷമുള്ള ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് |

| | | |
|---|---|---|
| | | ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നൽകുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുന്നതല്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017 സെപ്റ്റംബർ മുതൽ കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസ പെൻഷൻ 2000/- രൂപയായി വർദ്ധിപ്പിച്ചു.<br>**2. കുടുംബപെൻഷൻ**<br>പെൻഷന് അർഹത നേടിയതിന് ശേഷം ഒരംഗം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.<br>**3. അവശതാ പെൻഷൻ**<br>തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം കഷ്ടത അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നു വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശാദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതു ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷൻ ലഭിക്കാനർഹത ഉണ്ടായിരിക്കുന്നതാണ്. |
| 16 | കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിൽ അംഗങ്ങൾക്ക് അവർ അഡ്വക്കേറ്റ്സ് ക്ലാർക്കായി സേവനം ചെയ്തിട്ടുള്ള വർഷങ്ങളുടെ അടിസ്ഥാനത്തിൽ കുറഞ്ഞത് 200/- രൂപ മുതൽ പരമാവധി 600/- രൂപ വരെ പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. |
| 17 | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും ക്ഷേമനിധി ബോർഡ് | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ എന്നിവ നൽകി വരുന്നു. |
| 18 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മൂന്ന് തരത്തിലുള്ള പെൻഷൻ നിലവിൽ നൽകിവരുന്നു.<br>1. ക്ഷേമ നിധിയിൽ നിന്നും പിരിയുന്നവർക്കുള്ള പെൻഷൻ<br>2.പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കെ മരണപ്പെടുന്ന പെൻഷണർമാരുടെ ഭാര്യ / ഭർത്താവിനുള്ള കുടുംബ പെൻഷൻ |

| | | |
|---|---|---|
| | | 3. തൊഴിലിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കുള്ള സാന്ത്വന പെൻഷൻ. |
| 19 | ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്) | അൺഅറ്റാച്ച്ഡ് വിഭാഗം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നത്.<br>സ്കാറ്റേർഡ് വിഭാഗം: സർക്കാർ നൽകി വരുന്ന ഫണ്ടിൽ നിന്നും സ്കാറ്റേർഡ് വിഭാഗം ക്ഷേമപെൻഷൻ വിതരണം ചെയ്തു വരുന്നു. |
| 20 | ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്നു. |
| 21 | ബീഡി&സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | ബീഡി ചുരുട്ട് തൊഴിലാളി പെൻഷൻ നൽകി വരുന്നു. |
| 22 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ് | മെമ്പർ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, സാന്ത്വന ധനസഹായം എന്നിവ നൽകുന്നു. |
| 23 | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡ് | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അംഗങ്ങൾക്ക് പെൻഷൻ, അവശതാ പെൻഷൻ എന്നിവ നൽകി വരുന്നു. |
| 24 | കേരള അംഗൻവാടി വർക്കേഴ്സ് ക്ഷേമനിധി ബോർഡ് | 10 വർഷം കുറയാതെ അംശാദായം അടച്ചിട്ടുള്ള ഏതൊരു അങ്കണവാടി പ്രവർത്തകയ്ക്കും അയാൾ സേവനം അവസാനിപ്പിക്കുമ്പോഴോ അനാരോഗ്യം കാരണം സേവനത്തിൽ തുടരാൻ കഴിയാതിരിക്കുമ്പോഴോ അയാൾ അംശാദായം അടച്ച തുകയും സർക്കാർ വിഹിതവും പെൻഷനും നൽകുന്നു. അങ്കണവാടി വർക്കർക്ക് 1000/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 600/- രൂപയും ക്ഷേമനിധി പെൻഷൻ നൽകി വരുന്നു. |
| 25 | കൃഷി വകുപ്പ് | കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കർഷക സുരക്ഷയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 60 വയസ്സ് തികഞ്ഞ കർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ ഒരു കൈത്താങ്ങ് എന്ന നിലയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചെറുകിട നാമമാത്ര കർഷക പെൻഷൻ നടപ്പിലാക്കുന്നുണ്ട്. |

| | | |
|---|---|---|
| 26 | റവന്യൂ വകുപ്പ് | റവന്യൂ വകുപ്പ് മുഖേന നൽകി വരുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നവയാണ്.<br>1. കാൻസർ രോഗികൾക്കുള്ള പെൻഷൻ<br>2. റ്റി.ബി രോഗികൾക്കുള്ള പെൻഷൻ<br>3. കുഷ്ഠ രോഗികൾക്കുള്ള പെൻഷൻ<br>4. അവശരായ സർക്കസ് കലാകാര പെൻഷൻ |
| 27 | കായിക യുവജന ക്ഷേമ വകുപ്പ് | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അവശത അനുഭവിക്കുന്ന മുൻ കായിക താരങ്ങൾക്ക് പെൻഷൻ നൽകി വരുന്നു. പ്രതിമാസ തുക 70 വയസ്സിന് മുകളിൽ 1100/-, 60 വയസ്സിനു മുകളിൽ 850/-, 55 വയസ്സിനു മുകളിൽ 600/- എന്നീ ക്രമത്തിൽ വയസ്സിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിരിക്കുന്നു. കായിക - യുവജന കാര്യാലയത്തിൽ നിന്നും സർക്കസ്സ് പെൻഷനും നൽകുന്നുണ്ട്. |
| 28 | സാംസ്കാരിക വകുപ്പ് | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖേന പ്രതിമാസം 1500/- രൂപ വീതം സംസ്ഥാന കലാകാരപെൻഷനായി നൽകിവരുന്നുണ്ട്. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രതിമാസം 3000/- രൂപ, ക്ഷേമനിധി ബോർഡ് പെൻഷൻ നൽകിവരുന്നു. കേരള ചലച്ചിത്ര അക്കാദമി ചലച്ചിത്ര കലയുമായി ബന്ധപ്പെട്ടവർക്ക് 1000/- രൂപ പ്രതിമാസ പെൻഷൻ നൽകുന്നു. |

# അനുബന്ധം 2

| പെൻഷൻ ഇനം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര വിഹിതം ലഭിക്കുന്നവരുടെ എണ്ണം | | പെൻഷൻ ഉപവിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം | പ്രതിമാസ കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22,89,178 | 60 മുതൽ 79 വയസ്സ് വരെ | 379190 | പ്രായം 75 വയസ്സ് വരെ | 1000 | 200 | 1200 |
| | | 80 വയസ്സും അതിനു മുകളിലും | 69968 | പ്രായം 75 വയസ്സിന് മുകളിൽ 80 വയസ്സിന് താഴെ | 1300 | 200 | 1500 |
| | | | | പ്രായം 80 വയസ്സും അതിനു മുകളിലും | 1000 | 500 | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 378756 | 29935 | | അംഗപരിമിതി 80% ത്തിൽ കുറവ് ( 80 വയസ്സിനു താഴെ ) | 1200 | ഇല്ല | 1200 |
| | | | | അംഗപരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ ) | 1000 | 300 | 1300 |
| | | | | അംഗപരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും ) | 800 | 500 | 1300 |
| | | | | അംഗപരിമിതി 80% ഉം അതിനു മുകളിലും ( 18 വയസ്സിനു താഴെ ) | 1300 | ഇല്ല | 1300 |

| | | | | | | |
|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1279221 | 209236 | 40 വയസ്സിൽ താഴെ | 1200 | ഇല്ല | 1200 |
| | | | 40 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ | 900 | 300 | 1200 |
| | | | 80 വയസ്സും അതിനു മുകളിലും | 700 | 500 | 1200 |
| കർഷക തൊഴിലാളി പെൻഷൻ | 404571 | ----- | -------- | 1200 | ഇല്ല | 1200 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 80132 | ----- | -------- | 1200 | ഇല്ല | 1200 |
| **ആകെ** | **4431858** | **6,88,329** | | | | |

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5773

## 19-11-2019 ൽ മറുപടിക്ക്

## കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതി

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. ടി.ജെ. വിനോദ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോട്ടയം കോലത്തുനാട് ലൈൻസ് പാക്കേജ് പദ്ധതികളുടെ നടത്തിപ്പിനായി കിഫ്ബി നാളിതുവരെ എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ; | ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോട്ടയം കോലത്തുനാട് ലൈൻസ് പാക്കേജ് പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ബില്ല് ഒന്നും തന്നെ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ സെന്റേജ് ചാർജ്ജിനത്തിൽ 1,35,45,754/- രൂപ നൽകിയിട്ടുണ്ട്. |
| (ബി) കിഫ്ബി ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാർ പ്രകാരം ടെൻഡർ നടപടികളിൽ സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ത്രികക്ഷി കരാറിലെ മൂന്നാമത്തെ വ്യവസ്ഥ പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി എല്ലാ പ്രവൃത്തികളും സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാധിഷ്ഠിത ടെണ്ടറിലൂടെ കോൺട്രാക്ടറെ തിരഞ്ഞെടുക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5774

## 19-11-2019 ൽ മറുപടിക്ക്

## കിഫ്ബി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പരിശോധന

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മുപ്പത്തി ഒന്നാമത് ബോർഡ് മീറ്റിംഗിന്റെ അജണ്ട നമ്പർ 14 എന്തായിരുന്നു; അതിന്മേൽ ബോർഡ് എടുത്ത തീരുമാനം എന്തായിരുന്നു; പ്രസ്തുത ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചത് ആരായിരുന്നുവെന്ന് അറിയിക്കാമോ; | കിഫ്ബിയുടെ മുപ്പത്തി ഒന്നാമത് ബോർഡ് യോഗത്തിൽ 14 മത് അജണ്ടയായി കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായുള്ള പൊതു മാർഗ്ഗരേഖയും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗത്തിനായുള്ള പ്രവർത്തന മാർഗ്ഗരേഖയും അംഗീകരത്തിനായി സമർപ്പിക്കുകയും, ആയത് അംഗീകരിക്കുകയും ചെയ്തു. പുന:സംഘടിക്കപ്പെട്ട കിഫ് ആക്ടിൽ കിഫ്ബി മുഖേന ധനസഹായം ലഭ്യമാകുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ആവശ്യകത നിഷ്കർഷിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി പ്രവർത്തിച്ചുവരുന്നു. കിഫ്ബി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഈ സാഹചര്യത്തിൽ ഒരേ പദ്ധതികൾക്ക് സമാന്തരമായി ധനകാര്യവകുപ്പിനു കീഴിൽ തന്നെ മറ്റൊരു വിഭാഗമായ സി.റ്റി.ഇയുടെ സേവനം കൂടി ആവശ്യമില്ലാത്ത സാഹചര്യത്തിൽ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിൽ നിന്നും കിഫ്ബി പദ്ധതികളെ ഒഴിവാക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുവാനും തീരുമാനിച്ചു. പ്രസ്തുത മീറ്റിങ്ങിന്റെ അധ്യക്ഷൻ കിഫ്ബോർഡ് ചെയർമാൻ കൂടിയായ ബഹു. മുഖ്യമന്ത്രിയായിരുന്നു. |
| (ബി) സർക്കാർ നടപ്പിലാക്കുന്നതും സാങ്കേതിക പരിജ്ഞാനം ആവശ്യമായിട്ടുള്ളതുമായ മുഴുവൻ പ്രോജക്ടുകളും സൂക്ഷ്മമായി പരിശോധിക്കുന്നതിന് ധനകാര്യ (സി.ടി.ഇ) വിഭാഗത്തെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ കിഫ്ബി നടപ്പിലാക്കുന്ന പ്രോജക്ടുകൾ ധനകാര്യ (സി.ടി.ഇ) വിഭാഗം പരിശോധിക്കേണ്ടതില്ലായെന്നും പ്രസ്തുത പ്രോജക്ടുകൾ കിഫ്ബി തന്നെ പരിശോധിച്ചാൽ മതിയെന്നും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; | |

| | |
|---|---|
| (സ) മേൽ വിഷയം പരിശോധിച്ച ഫയലിൽ സി.ടി.ഇ. കിഫ്ബിയുടെ നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നോ; പ്രസ്തുത നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | പ്രസ്തുത വിഷയം ധനവകുപ്പിൽ പരിശോധിക്കുകയും കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം നിർവ്വഹിക്കുന്ന ഉത്തരവാദിത്വങ്ങൾ സി.ടി.ഇ തലത്തിൽ ആവർത്തിക്കേണ്ടതില്ല എന്ന് തീരുമാനമെടുക്കുകയും ചെയ്തു. അതേസമയം ഏതെങ്കിലും തരത്തിലുള്ള Specific report ന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന കിഫ്ബി പ്രവർത്തികളിൽ സി.ടി.ഇ പരിശോധന ആകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5817, 19.11.2019 ലെ മറുപടിയ്ക്ക്

### ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ രണ്ടാംഘട്ട നിർമ്മാണം

| ചോദ്യം<br>പ്രൊഫ.കെ.യു.അരുണൻ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലത്തെ സ്ഥിതി വിശദമാക്കാമോ? | പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.406 04.02.2020-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തുള്ള സാമ്പത്തിക പ്രതിസന്ധിക്കു കാരണമെന്തെല്ലാമാണ്; സംസ്ഥാനത്തിനു ലഭ്യമാകേണ്ട ജി.എസ്.ടി. വരുമാനത്തിൽ ഈ സർക്കാർ കാലയളവിൽ പ്രതീക്ഷിച്ച വളർച്ച (വർഷം തിരിച്ച്) എത്രയായിരുന്നു; ലഭ്യമായത് എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട നോട്ട് നിരോധനം അടക്കമുള്ള വികലമായ നയങ്ങളും ചരക്കു സേവന നികുതി നടപ്പിലാക്കിയപ്പോൾ നികുതി ഭരണത്തിൽ വരുത്തിയ വീഴ്ചകളുമാണ് സംസ്ഥാനത്തുള്ള സാമ്പത്തിക പ്രതിസന്ധിയുടെ മുഖ്യ കാരണം. 2017-18 പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 16,200 കോടി രൂപയും 2018-19 ബജറ്റിൽ 27000 കോടി രൂപയും 2019-20 -ൽ 29010.62 കോടി രൂപയും ചരക്ക് സേവന നികുതിയിൽ നിന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ യഥാക്രമം 12007.69 കോടി രൂപ, 21014.71 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം പൂർത്തിയാകാത്തതിനാൽ നടപ്പ് വർഷത്തെ (2019-2020) കണക്കുകൾ ലഭ്യമല്ല. |
| (ബി) | ജി.എസ്.ടി. തുടങ്ങിയതുമുതൽ ഓരോവർഷവും നടന്നുവരുന്ന നികുതിവെട്ടിപ്പ് എത്രയെന്നും ആയതു പിരിച്ചെടുക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ; | ജി.എസ്.ടി. തുടങ്ങിയത് മുതൽ ഓരോ വർഷവും കണ്ടെത്തിയ നികുതി വെട്ടിപ്പ് താഴെ ചേർക്കുന്നു:- |

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2017-18 | 7551.81 |
| 2018-19 | 13183.3 |
| 2019-20 (ജനുവരി 2020 വരെ) | 34561.68 |

റിട്ടേൺ ഫയൽ ചെയ്യാതെ നികുതി അടവിൽ

| | | |
|---|---|---|
| | | വീഴ്ച വരുത്തുകയും വെട്ടിപ്പ് നടത്തുകയും ചെയ്യുവർക്കെതിരെ ജി.എസ്.ടി. നിയമം സെക്ഷൻ 46 പ്രകാരമുള്ള നോട്ടീസ് നൽകുകയും റിട്ടേൺ സമർപ്പിക്കുവാൻ നിർബന്ധിതരാക്കുകയും ചെയ്യുവരുന്നു. പിന്നെയും റിട്ടേൺ ഫയൽ ചെയ്യാത്ത പക്ഷം ജി.എസ്.ടി. നിയമം 62-ആം വകുപ്പ് പ്രകാരമുള്ള നികുതി നിർണ്ണയം നടത്തി വരുന്നു. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി മൊബൈൽ സ്ക്വാഡുകൾ നിരന്തരം വാഹന പരിശോധന നടത്താറുണ്ട്. സ്ഥാപനങ്ങളിൽ നിന്നും, ചരക്ക് വാഹനങ്ങളിൽ നിന്നും ബില്ലുകളും, ഇ വേ ബില്ലുകളും ശേഖരിച്ച് വിശദമായി പരിശോധന നടത്തുകയും, ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കാറുണ്ട് കൂടാതെ അനുമതി വാങ്ങി വ്യാപാര സ്ഥാപന പരിശോധനയും പരീക്ഷണ വാങ്ങലുകളും നടത്താറുണ്ട്. നിയമവിധേയമല്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സ്വീകരിച്ചതായി സംശയമുള്ള വ്യാപാര സ്ഥാപനങ്ങളുടെ റിട്ടേണുകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തിയാൽ ആയത് തിരികെ അടപ്പിക്കുന്നതിനും പിഴ ഈടാക്കുന്നതിനും നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലെ സാമ്പത്തികപ്രതിസന്ധി തരണം ചെയ്യുവാനായി എത്ര തുകയുടെ കേന്ദ്രസർക്കാർ വായ്പ ഈ സർക്കാർ ആവശ്യപ്പെട്ടു എന്നറിയിക്കാമോ; എത്ര ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കാമോ; | നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വായ്പകളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽനിന്നും കരകയറാനായി എത്ര കേന്ദ്രസഹായം ആവശ്യപ്പെട്ടുവെന്നും എത്ര ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ; | 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2101.88 കോടി രൂപയുടെ അടിയന്തിര സഹായം അഭ്യർത്ഥിച്ചുവെങ്കിലും തുകയൊന്നും ലഭിച്ചിരുന്നില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ദുരന്ത നിവാരണ നിധിയിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ |

| | | |
|---|---|---|
| | | ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. |
| (ഇ) | 2018-19 കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിനു ലഭ്യമാകേണ്ട കേന്ദ്രനികുതിവിഹിതം എത്രയെന്നും, നഷ്ടപരിഹാരത്തുക എത്രയെന്നും ഇവയിൽ സംസ്ഥാനത്തിനു ലഭ്യമായവ എത്രയെന്നും അറിയിക്കാമോ; ഇവയിലുണ്ടായ കുടിശ്ശിക സംസ്ഥാന സാമ്പത്തിക പ്രതിസന്ധിക്ക് എത്തരത്തിൽ കാരണമായി എന്ന് വ്യക്തമാക്കാമോ? | 2018-19 കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിനു ലഭ്യമാകേണ്ടിയിരുന്ന കേന്ദ്രനികുതിവിഹിതം 19703.01 കോടി രൂപയായിരുന്നു. 2018-19 –ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 19038.17 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായി. ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 2884 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായി. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.450

04.02.2020 - ലെ മറുപടിക്ക്

## മണലൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) എം.എൽ.എ.യുടെ ആസ്തിവികസനപദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ; | 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ മണലൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധം 1, 2, 3 ൽ യഥാക്രമം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

## നിയോജക മണ്ഡല ആസ്തി വികസന പദ്ധതി - മണലൂർ മണ്ഡലം ബഹു.എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി നിർദ്ദേശിച്ച പ്രവർത്തികളും നിലവിലെ സ്ഥിതിയും

### 2016-17

| Sl.No. | Name of Work | Present Staus |
|---|---|---|
| 1 | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം നിർമ്മാണം | Work on hold from contractor |
| 2 | വെങ്കിടങ്ങ് പഞ്ചായത്തിലെ ചീരോത്ത് പടി കണ്ണോത്ത് റോഡ് 1/094 മുതൽ 1/394 കിമീ വരെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും റോഡ് നിർമ്മിക്കുന്നതിനും | Work completed RE under verification |
| 3 | അരിമ്പൂർ പഞ്ചായത്തിലെ പരമൻ പാടം റോഡ് , ഡ്രെയിനേജ് നിർമ്മാണം | Work completed Bill submitted to CE |
| 4 | എളവള്ളി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കറ്റി റോഡ് നിർമ്മാണം | Bill paid |
| 5 | വെങ്കിടങ്ങ് പഞ്ചായത്തിലെ വെങ്കിടങ്ങ് പൊണ്ണമുത ഈസ്റ്റ് ബണ്ട് റോഡ് നിർമ്മാണം | Agreement executed |
| 6 | മണലൂർ മണ്ഡലത്തിലെ 11 സ്ഥലങ്ങളിൽ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | Bill paid |
| 7 | മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ കെട്ടിടം നിർമ്മാണം | Part Bill submitted to CE |
| 8 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ ബ്ലോക്ക് നിർമ്മാണം | Agreement executed |
| 9 | ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ എരനെല്ലൂർ ഫാത്തിമമാത പള്ളി റോഡ് നിർമ്മാണം | Work completed |
| 10 | മണലൂർ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡിന്റെ സൈഡ് വാൾ നിർമ്മാണം | Agreement executed |
| 11 | എളവള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ലെ കർഷക റോഡ് നിർമ്മാണം | Work not started due to dispute |
| 12 | പാവറട്ടി ഗ്രാമപഞ്ചായത്തിലെ വെണ്മേനാട് - ചുക്കു ബസാർ റോഡ്, ഡ്രെയിനേജ് നിർമ്മാണം | Agreement executed |
| 13 | വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് -കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണം | Special Sanction given |

അനുബന്ധം - 2

## 2017-18

| Sl.No. | Name of Work | Present Staus |
|---|---|---|
| 1 | ചൂണ്ടൽ പാറപ്പുറം ഗവ.യു.പി.സ്കൂൾ പുതിയ കെട്ടിടം നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ ഗവ.യു.പി.എസ് -ന് അടുക്കള നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവ.ആയുർവേദ ആശുപത്രി പുനരുദ്ധാരണം | ടെണ്ടറിൽ വെച്ചിട്ടുണ്ട് |
| 4 | പാവറട്ടി പഞ്ചായത്തിലെ തൗഫീഖ് കളത്തിങ്കൽ പടി റോഡ് വാർഡ് 13 | വർക്ക് പൂർത്തികരിച്ചിട്ടുണ്ട്. അവസാന ബിൽ സമർപ്പിച്ചിട്ടുണ്ട് |
| 5 | മുല്ലശ്ശേരി പഞ്ചായത്തിലെ അന്നകര ചിറയ്ക്കൽ കോട്ടാല റോഡ് റിവർസൈഡ് പ്രൊട്ടക്ഷൻ | കരാർ വെച്ചിട്ടുണ്ട് |
| 6 | മണലൂർ നിയോജക മണ്ഡലത്തിലെ 17 കേന്ദ്രങ്ങളിൽ ബസ് ഷെൽട്ടർ | 2 ബസ് ഷെൽട്ടർ പൂർത്തീകരിച്ചു |
| 7 | മുല്ലശ്ശേരി പഞ്ചായത്തിലെ മുല്ലശ്ശേരി ഗവ.ഹയർ സെക്കന്ററി സ്കൂൾ അന്താരഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനാവശ്യമായ സ്കൂൾ നവീകരണ പ്രവർത്തനങ്ങൾക്ക് | ഭരണാനുമതി നൽകിയിട്ടുണ്ട് |
| 8 | വെങ്കിടങ്ങ് പഞ്ചായത്തിലെ മേച്ചേരിപ്പടി തൊയ്ക്കാവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | ഫൈനൽ ബിൽ പരിശോധിച്ചു വരുന്നു |
| 9 | വെങ്കിടങ്ങ് പഞ്ചായത്തിലെ മേച്ചേരിപ്പടി, മനക്കൽക്കടവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | ബിൽ പരിശോധിച്ചു വരുന്നു |
| 10 | വാടാനപ്പള്ളി പഞ്ചായത്തിലെ വാർഡ് 10 പൊക്കാഞ്ചേരി പാലം നിർമ്മാണം | റീ ടെണ്ടർ 06.02.2020 നു തുറക്കും |
| 11 | വാടാനപ്പള്ളി പഞ്ചായത്തിലെ 1,2 വാർഡുകളെ ബന്ധിപ്പിക്കുന്ന പുഞ്ചിരിപ്പാലം നിർമ്മാണം | സാങ്കേതികാനുമതി ലഭിച്ചു |
| 12 | മുല്ലശ്ശേരി, എളവള്ളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അന്നകര കൊച്ചുർ റോഡ് റീ ടാറിംഗ് | വർക്ക് പൂർത്തികരിച്ചു. അവസാന ബിൽ സമർപ്പിച്ചിട്ടുണ്ട് |
| 13 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ തൈക്കാട് മേഖല വാർഡ് -7 ലെ മേപ്രക്കുളം റോഡ് ടാറിംഗ് | കരാർ വച്ചിട്ടുണ്ട്. നോട്ടീസ് നൽകി |
| 14 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ തൈക്കാട് മേഖല വാർഡ് 6-ലെ മന്നിക്കര ഡിസ്പെൻസറി ലിങ്ക് റോഡ് കോണ്ക്രീറ്റിംഗ് | വർക്ക് ആരംഭിച്ചിട്ടുണ്ട്. നോട്ടീസ് നൽകി |
| 15 | കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മാണം | കരാർ വെച്ചിട്ടുണ്ട് |
| 16 | അരിമ്പൂർ പഞ്ചായത്തിൽ 11-ാം വാർഡിലെ സി.എസ്.നഗർ റോഡ് കോൺക്രീറ്റിംഗ് | അവസാന ബിൽ സമർപ്പിച്ചിട്ടുണ്ട് |
| 17 | കണ്ടാണശ്ശേരി പഞ്ചായത്തിലെ മരുതൊടിപാടം വില്ലേജ് ഓഫീസ് റോഡ് മെറ്റലിംഗും ടാറിംഗും | വർക്ക് പൂർത്തികരിച്ചു. അവസാന ബിൽ കറാറുകാരന് നൽകിയിട്ടുണ്ട് |
| 18 | മുല്ലശ്ശേരി പഞ്ചായത്തിലെ തിരുനെല്ലൂർ ഇ.എം.എസ് റോഡ് സോളിംഗ് മെറ്റലിംഗ്, ടാറിംഗ് | വർക്ക് ആരംഭിച്ചിട്ടുണ്ട്. ജി.എസ്.ബി ഫയലിങ്ങ് പൂർത്തീകരിച്ചു. |

അനുബന്ധം-3

## 2018-19

| Sl.No. | Name of Work | Present Staus |
|---|---|---|
| 1 | മണലൂർ ഗ്രാമ പഞ്ചായത്തിലെ മണലൂർ ജി.എച്ച്.എസ് സ്കൂളിന് പുതിയ കെട്ടിടം | ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |
| 2 | മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം മങ്കുഴിപ്പാലം | ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |
| 3 | മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ എലവത്തൂർ-ഊരകം-പറപ്പൂർ റോഡ് | ക്വട്ടേഷൻ 05.02.2020 ന തുറക്കും |
| 4 | എളവള്ളി ഗ്രാപഞ്ചായത്തിലെ എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ ബ്ലോക്ക് നിർമ്മാണം | ജില്ലാ മെഡിക്കൽ ഓഫീസറുമായി കരാർ വെച്ചിട്ടുണ്ട് |
| 5 | പാവറട്ടി ഗ്രാമപഞ്ചായത്തിലെ മനപ്പടി-വെൺമനോട് അമ്പലനട റോഡ് | അടുത്ത റീടെണ്ടർ 06.02.2020 ന തുറക്കും |
| 6 | ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ തലക്കോട്ടുകര-കൈപ്പറമ്പ്-വാഴാനി റോഡ് | അടുത്ത റീ ടെണ്ടർ 06.02.2020 ന തുറക്കും |
| 7 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ കടവള്ളി റോഡ് കൾവർട്ടും ഡ്രെയിനേജും | ഭരണാനുമതി നൽകിയിട്ടുണ്ട് |
| 8 | അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ 1-ാം വർഡിലെ ആറ്റുമുറിപടവ് ഫാം റോഡ് | റീ ടെണ്ടർ 06.02.2020 ന തുറക്കും |
| 9 | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഏപ്രത്ത് മന റോഡ് | സെലക്ഷൻ നോട്ടീസു നൽകി |
| 10 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിന് ഡിജിറ്റൽ എക്സ്-റേ പ്ലാന്റ് | ഭരണാനുമതി പുതുക്കി നൽകുന്നതിനായി സമർപ്പിച്ചിട്ടുണ്ട് |
| 11 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ ആര്യംപാടം ശങ്കരംകുളം റോഡ് | റീ ടെണ്ടറിൽ 1 ബിഡ് മാത്രമേ ലഭിച്ചിട്ടുള്ളൂ |
| 12 | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പാട്ടൂർ-പുതുക്കാവ് ടെമ്പിൾ റോഡ് | സാങ്കേതികാനുമതി അംഗീകരിച്ചു |
| 13 | മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ അന്നകര ഗവ.എൽ.പി.സ്കൂളിന് പുതിയ കെട്ടിടം | ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |
| 14 | അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ അരിമ്പൂർ എച്ച്.എസ്.സ്കൂളിന് ശുചിമുറിയും അടുക്കളയും | ക്വട്ടേഷൻ 05.02.2020 ന തുറക്കും |
| 15 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാടാനപ്പള്ളി സെന്ററിൽ ഡ്രെയിനേജും നടപ്പാതയും | ദേശീയ പാത അതോറിറ്റിയിൽ നിന്നും NOC ലഭിച്ചിട്ടില്ല. |
| 16 | മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് | ഭരണാനുമതി നൽകിയിട്ടുണ്ട് |